മലയാളനാടു്

വിഷുവിശേഷാൽപ്രതി 1979

ചീഫ്എഡിറ്റർ
എസ്. കെ. നായർ

എഡിറ്റർ
വി.വി.കെ. നായർ

കവിത

പി. കുഞ്ഞിരാമൻ നായർ, പാലാ, ശ്രീകുമാരൻ തമ്പി, മങ്കൊമ്പു് ഗോപാലകൃഷ്ണൻ, പി. ടി. നരേന്ദ്രമേനോൻ, പി. ഭാസ്കരൻ, നാലാങ്കൽ, കടമ്മനിട്ട രാമകൃഷ്ണൻ.

കഥ

തകഴി, വൈകലവ്യൻ, സാറാജോസഫു്, കെ. എൽ. മോഹനവർമ്മ, ചെല്ലമ്മാജോസഫു്, വേളൂർ കൃഷ്ണൻകുട്ടി,

ലേഖനം

പ്രമീളാനായർ, കെ. പി. അപ്പൻ, തായാട്ടു് ശങ്കരൻ, സി. എ. മോഹൻദാസു്, പ്രൊ: എം. അച്യുതൻ, കുഞ്ഞുണ്ണി, ജോർജ്ജു് ഇരുമ്പയം,

സമ്പൂർണ്ണനോവൽ

പി. നരേന്ദ്രനാഥു്,

വൈകാരം

നരേന്ദ്രപ്രസാദു്

സ്ഥിരം പംക്തികൾ

എം. കൃഷ്ണൻനായർ, പമ്മൻ

കാർട്ടൂണുകൾ

അജയഘോഷു്, യേശുദാസു്

പുസ്തകം പത്തു് ലക്കം നാല്പത്തിയൊമ്പതു് 1154 മേടം രണ്ടു്

1979 ഏപ്രിൽ 15

ദൈനംദിന ജോലിയിൽ വീണ്ടും
പ്രവേശിക്കുവാൻ നിങ്ങൾ ഉന്മുകയാണോ?

ഗ്ലാക്സോസ്-ഡി®

നൽക്ഷണശക്തി നൽകി ക്ഷീണത്തെ അകറ്റുന്നു

ഗ്ലാക്സോസ്-ഡി കഴിച്ചാൽ ക്ഷീണം മാറി നിങ്ങൾക്കു വീട്ടു ജോലികൾ എടുക്കുന്നതിനുള്ള ഉന്മേഷം ലഭിക്കുന്നു. നിങ്ങളുടെ ശരീരത്തിനാവശ്യമായ ശക്തി ഗ്ലാക്സോസ്-ഡി നൽകുന്നു. ഡോക്ടർമാർ ശുപാർശ ചെയ്യുന്ന ഗ്ലാക്സോസ്-ഡി, മേന്മയുള്ള സമ്പന്നത ഗ്ലക്കോസ് തുണ്ട്. ഇതിൽ വിറ്റാമിൻ-ഡി, കാൽഷ്യം, ഫോസ്ഫറസ് എന്നിവയെല്ലാം അടങ്ങിയിട്ടുണ്ട്.

ഗ്ലാക്സോസ്-ഡി ക്ഷീണത്തെ അകറ്റി വീണ്ടും വീട്ടു ജോലി എടുക്കുന്നതിനുള്ള ശക്തി നൽകുന്നു.

ഗ്ലാക്സോസ്-ഡി®
കുടുംബാംഗങ്ങളുടെ
നൽക്ഷണ ശക്തി.

dCA/GL/54/ML R

പൂവാങ്കുരുന്നുകൾ

പി. കുഞ്ഞിരാമൻനായർ

കുന്നു

വാനിൽപ്പട്ടൊളി മേലാപ്പുയർത്തി
ആഴിതോറും പൊങ്കുങ്കുമംപാറ്റി
പൂവായ പൂവെല്ലാം പൂന്തേനൊരുക്കി
കാവായകാവെല്ലാം ഗാനമൊഴുക്കി
തെന്നലോളങ്ങളം തള്ളം കടവിൽ
പൊന്നം താമരവഞ്ചികളം നിൽത്തി
പൂപ്പാറ്റപിന്നിടവഴിപാറി
ക്കാട്ടിലെത്തുക പൂക്കാലമേ നീ.

രണ്ടു

ഉത്സവം പാനിന്നമ്പലംതോറും,
ഉത്സവം—എങ്ങുമുത്സവം;
നീലശൈലനിരകൾക്കപ്പീന്നിൽ
പാർവ്വണബിംബം പൊന്തുന്നു.
സംഗീതസാന്ദ്രം സാഗരതീരം
സംഗീതപൂർണ്ണം നിർഝരശൈലം
മീതെ പൊന്നമതിലകത്തെങ്ങും
ലക്ഷദീപങ്ങളം തെളിയുന്നു;

മൂന്നു

ആറ്റിൻകടവുകളംപാറി—
വഴിയമ്പലമാകെച്ചൂഴി
കാട്ടുമല്ലികളംപൂത്ത വഴിയിൽ—
മലമുടികളംതേട്ടം കാറ്റേ
മലകളംകണ്ടോ കടലുകണ്ടോ—
ധനുമാസക്കാറ്റേ
കാവുകളംകേറിക്കണ്ടോ കളിയും—
ധനുമാസക്കാറ്റേ
ഓറ്റയടിപ്പാതയല്ലോ—
പൊന്തക്കാടിൻ പാതയല്ലോ—
കൊട്ടമുടികളം നീ കണ്ടുപറയും—
ധനുമാസക്കാറ്റേ.

[മരിക്കുന്നതിനു് ഏതാനും ആഴ്ചകളുമ്പു് മഹാകവി, ഞങ്ങൾക്കു് നല്കിയ. നാലുകവിതകളിൽ മൂന്നാമത്തേതാണിതു്. നാലമത്തേതു് അടുത്ത ഓണപ്പതിപ്പിൽ ചേർക്കുന്നതാണു്. —പത്രാധിപർ]

ദിവ്യബലി

■

തകഴി

ബ്രിജിത്ത ഒരു നല്ലവൾ. അതൊരു പേരിലുള്ള നല്ലമനസ്സമായിരുന്നു. ഓർക്കുപ്പുറത്തുള്ള ജന്മാന്തരമായ കടപ്പാടുമായിരുന്ന ആ പേരു്.

തൊട്ടിലിൽ തുകിൽ കുരുങ്ങിയ പാവക്കുട്ടിയെ നോക്കി കരച്ചിൽ കയ്യുമിളക്കി, ശബ്ദം ഉണ്ടാക്കി കളിക്കുന്ന കുഞ്ഞിനെ നോക്കിനിൽക്കുമ്പോഴാണു്, ആ ജന്മം നല്കിയതു്. ആ കുഞ്ഞിന്റെ ജനനത്തിനു കാരണക്കാരൻ മനോരാജ്യമാണെന്നു് ജനം പറഞ്ഞുപോകും. അൾത്താരയുടെ മുമ്പിൽവച്ചു് അവളുടെ കഴുത്തിൽ മിന്നുവച്ചു് അവൾക്കു സൗഭാഗ്യം നല്കിയതു് ഈശ്വരനാണു്, ബ്രിജിത്തിനു് സാക്ഷി അമ്മമാത്രമാണു്, ബ്രിജിത്തിനു് എങ്ങനെ അവളുടെ സത്യം തെളിയിക്കുവാൻ സാധിക്കും.

കാൽമുട്ടുകൾ പരസ്പരം കൂട്ടിമുട്ടി, പാദങ്ങൾ വളരെ അകത്തിവച്ചു്, നിതംബത്തിനു് കഴിയുന്നതുവിധം കൈകൾ വീശി, കടയ്ക്കകളിൽകൂടി ഈത്തയും കയറിപ്പിച്ചു കേറ്റിയുടുത്തു്, എന്തൊക്കെയോ പുലമ്പിക്കൊണ്ടു് ഓടിയിരുന്ന ഒരു പെൺകുട്ടിയെ ഓർമ്മയുണ്ടോ? അവൾ പറയുന്നതെന്തെന്നു് ബ്രിജിത്തിനു മനസ്സിലായി. അവൾ പറഞ്ഞു — "അവനെന്നെ കളിക്കുകയാണു്."

പാവക്കുട്ടിയുടെ പിടി അഴഞ്ഞുപോയി. അയാൾ എന്തോ ശബ്ദിച്ചു. പാവക്കുട്ടിയുടെ പിടി മുറുകിയപ്പോൾ അയാൾ കല്ലുപോലെ നിശ്ചലനായിരുന്നിരിക്കാം. ബ്രിജിത്ത ആ സംഭാഷണത്തിന്റെ ഒരു ഖണ്ഡം പിടിച്ചു തിരിച്ചു. ഉണ്ണുണ്ണി എന്തോ കേട്ടതായി ശബ്ദിക്കുന്നുണ്ടു്. കുഞ്ഞിനെ വാത്സല്യത്തോടെ കയറണം". കുഞ്ഞിന്റെ മുഖം തുടച്ചുകൊണ്ടു് പുഞ്ചിരിച്ചുകൊണ്ടു് അവൾ തിരിച്ചുവിട്ടു. ആ പിതാവു് മുഖം മാടി പിന്നിലേക്കു മാറി.

ബ്രിജിത്ത നനഞ്ഞ ടവ്വൽകൊണ്ടു് കുഞ്ഞിന്റെ മുഖം തുടച്ചു. വാഡ്രോബ് ഇട്ടു. ചീനിനിന്നു് മുഖവടനമായി ഉണ്ണുണ്ണി അല്ല നോക്കിനിന്നു. എന്തൊക്കെയോ സ്പ്രോർ അയാൾ ശബ്ദിച്ചു. ആ ശബ്ദം മരപണത്തിന്റെതായിരുന്നു. ബ്രിജിത്ത പറഞ്ഞു—

"ഒരു സംശയമില്ല."

കണ്ണു കരയാൻ തുടങ്ങി. ഉണ്ണുണ്ണി നാലഞ്ചു കുവട്ടടികൾ വലിഞ്ഞു വലിഞ്ഞു മുന്നിലേക്കുനിന്നു. അയാളുടെ തളർന്ന കൈകൾ തുന്നോട്ടു നീങ്ങി. ബ്രിജിത്ത ഞാനെന്നെ എടുത്തു, ഒരു ഗുരുതരമായ ചോയോടെ അവൾ കഞ്ഞിന്റെ മുഖം അവളുടെ മുഖത്തോടടുപ്പിച്ചു. അപ്പോൾ ഞാനിന്റെ മുഖം ഈത്തകൊണ്ടു് ഇരുനായി.

സാരമില്ല. അതൊരു വിശ്വാസലോപമാണ്.

ആ മുഖം വീണ്ടും ഈറനിടുങ്ങിക്കൊണ്ടു് ഇടയ്ക്കാൻ ബ്രിജിത്ത മിനക്കെട്ടില്ല. ചുറുപാടും നോക്കിയിട്ടു് ബ്രിജിത്ത ഉണ്ണുണ്ണിയുടെ മുഖത്തു് ഒരു ചുംബനം നടത്തിപ്പോന്നു. ആ കുടുംബത്തിന്റെ ആദായം വർദ്ധിക്കുന്നതേയുള്ളു. പ്രത്യക്ഷത്തിൽ അഭിവൃദ്ധിതന്നെയാണു്. ബ്രിജിത്തു് മുതലാളിയുടെ തകളാണു്. ബ്രിജിത്തു്, എങ്ങനെ കാര്യങ്ങൾ നോക്കിക്കണ്ടു് നടത്തിക്കൊണ്ടുപോകണമെന്നു് അവൾക്കറിയാം. അവളതു പഠിച്ചിട്ടുണ്ടു്. മുതലാളി മക്കൾക്കെല്ലാം പരിശീലനംകൊടുത്തിട്ടുണ്ടു്. അങ്ങിനെ നല്ല പരിശീലനത്തോടുകൂടിത്തന്നെയാണു് ബ്രിജിത്ത മുതലാളിപ്പിള്ളയുടെ നിലമല എസ്റ്റേറ്റിൽ ഉണ്ണുണ്ണിയുടെ ഭാര്യയായി വന്നതു കയറുന്നതു്.

കുഞ്ഞുറങ്ങുകയാണു്. ഉണ്ണുണ്ണിയും ഉറങ്ങുകയാണു്. അപ്പന്റെയും കുഞ്ഞിന്റെയും മുഖങ്ങൾ ഉറക്കത്തിൽ ഒന്നുപോലെ ഇരിക്കുന്നു. പക്ഷേ, മാലോകരെല്ലാം അതു വിളിച്ചുകാണിക്കുമെന്നാകട്ടെ. എങ്ങിനെ ആ ശ്രദ്ധാസത്യം ലോകത്തെ ബോദ്ധ്യപ്പെടുത്തും?

എങ്ങനെ കേട്ടുങ്ങൾക്കുമുമ്പു് നിലമല എസ്റ്റേറ്റു് ബംഗ്ലാവിലുവച്ചു "നടന്ന ഒരു വിജ്ഞാനസൽക്കാരം ബ്രിജിത്തയും എല്ലാ ചങ്ങാതികളും, പ്രധാനമോ അപ്രധാനമോ ആകട്ടെ, പരസ്പരം സംബോധിക്കുമ്പോഴെന്ന പന്ത്രണ്ടു് കല്പനകളിലേയും കുഞ്ഞുകുട്ടികളുടെയും അമ്മയായ നിലമല എസ്റ്റേറ്റു് ബംഗ്ലാവിൽ കുളിച്ചുകുടി. പ്രത്യേകിച്ചു് ഒരു വിശേഷദിവസമായിരുന്നില്ല അന്നു്. ഡാഡി അന്നു മമ്മിയോടു പറഞ്ഞതു് ഇപ്രകാരം കാർത്തന്നു.

"കുഞ്ഞായിച്ചേട്ടൻ വീട്ടിലിരിക്കുന്നതു് എന്തോ അത്യാവശ്യക്കാര്യത്തിനാണു്. പോയേ തീരുകയുള്ളൂ."

മമ്മി അന്നു പോകുന്നതിനു് എന്തോ കുഴപ്പം പറഞ്ഞു. ഡാഡി അതു ഗൗനിച്ചതുമില്ല.

അന്നു് ആ പന്ത്രണ്ടു് വൃദ്ധകുടുംബങ്ങളും ഒന്നിച്ചു വന്നിരുന്നു. കെട്ടിച്ചയച്ച മക്കളുടെയും. ബാഗ്ലൂരിലും മറ്റും താമസിച്ചിരുന്ന മക്കളും വന്നിരുന്നു. എന്തോ പ്രധാനപ്പെട്ട ഒരു കാര്യം തീരുമാനിക്കാനുണ്ടെന്നു് ബ്രിജിത്തയ്ക്കുതന്നെ തോന്നി. വലിയ സദ്യയായിരുന്നു. എല്ലാ വിഭവങ്ങളുമുണ്ടായിരുന്നു. സദ്യയുടെ അവസാനമായപ്പോൾ പന്ത്രണ്ടുവീടിനോടും

പ്രധാനികളായവർക്ക് അന്നത്തെ മുഴുവൻ മീൻറെ കാര്യം മനസ്സിലായി, ഗൗരവമായികാര്യമറിഞ്ഞു. പിന്നെ ഒരു കാര്യാലോചനായോഗമായിരുന്നു.

മത്തായിച്ചൻറെ വമ്പിച്ച സ്വത്തിനു് ഏക അവകാശി ഉണ്ണ്യുണ്ണിയാണു്. ഏന്തിങ്കളൻ, ഇത്തായുപ്പോറാറി ഉണ്ണ്യുണ്ണി അവിടെയെല്ലാം ചുറ്റി നടക്കുണ്ടായിരുന്നു. ഉണ്ണ്യുണ്ണിക്കു് ബുദ്ധിയുണ്ടു്, കാര്യവിവരമുണ്ടു്. പക്ഷേ തള്ളതന്നാണു്, കൊഞ്ചയാണു്. സ്വന്തംശരീരത്തെ നിയന്ത്രിക്കാൻ കഴിയില്ല. ഈ നിലയിൽ മത്തായിച്ചൻറെ വമ്പിച്ച സ്വത്തിൻറെ ഭാവി എന്തായിരിക്കും? ഇതാണു് ആലോചനാവിഷയം. ഈട്ടിമല എസ്റ്റേറ്റിലെ ജോണച്ചൻ അദ്ദേഹത്തിൻറെ അധികാരം സ്ഫുരിക്കുന്ന ഖരമായ സ്വരത്തിൽ പറഞ്ഞു. ബ്രിജിത്ത ഇപ്പോഴും മാർക്കുന്നു.

"മത്തായിച്ചൻറെ സ്വത്തു് അവകാശികളില്ലാതെ തള്ളിത്തുകി പോകാൻ പാടില്ല." എല്ലാവരും അതു സമ്മതിച്ചു. അതിനു പരിഹാരവും ജോണച്ചൻ തന്നെ ചോദ്യത്തിൽക്കൂടി നിർദ്ദേശിച്ചു.

"നമ്മുടെ കൂട്ടത്തിൽ ഏതു പെണ്ണിനെയാ ഉണ്ണ്യുണ്ണിയെക്കൊണ്ടു് കെട്ടിക്കണ്ടതു്? എങ്ങായാലും നല്ല പിടിപ്പുള്ള വളായിരിക്കണം."

വാതുക്കലും ജനലിങ്കലും നിന്നിരുന്ന അവിവാഹിതരായ പെമ്പിള്ളാർ എല്ലാം മുഖം വലിച്ചു. മൂലയിൽ ഒരു കസേരയിൽ ഇതൊന്നും ഉണ്ണ്യുണ്ണി കൊഞ്ചനം കുത്തുകയായിരുന്നു. പന്ത്രണ്ടു് വീടന്തരത്തിൽ എവരെങ്കിലുമൊരു പെണ്ണു് ആ കഴിശ്ശുമ്മനെ ഒക്കുകയുള്ളൂ. മൂട്ടികത്തിയില്ലെന്നേയുള്ള ബ്രിജിത്ത മുകളിലേക്കു നോക്കി നിശ്ശബ്ദമായി ദൈവത്തോടു ചോദിച്ചു—

"കർത്താവേ അതു ഞാനായിരിക്കുമോ?"

അപ്പോഴേക്കും കാര്യാലോചനായോഗത്തിൽ ബ്രിജിത്തയുടെ പേർ ഒരു കൂട്ടം പോലെ പൊന്തിവന്നു. അവർ പിടിപ്പുള്ളവളാണു്. പന്ത്രണ്ടു വീടന്തരത്തെ വീടുകളിൽ ഒന്നു് ഏറ്റവും കൂടുതൽ പിടിപ്പുള്ള അവിവാഹിത അവളാണു്. ജോണച്ചൻ വിളിച്ചു ചോദിക്കുന്നു—

"എത്ര പറയുന്നു ബാലൻസേ?"

ഒരുനിമിഷത്തേക്കു നിശ്ശബ്ദത. ഡാഡിയുടെ ശബ്ദം ഇപ്പോഴും ബ്രിജിത്തയുടെ ചെവിക്കുള്ളിൽ മുഴങ്ങുന്നു.

"നിങ്ങളെല്ലാം നിശ്ചയിക്കുന്നതു് അങ്ങിനതന്നെയാകട്ടെ." മത്തായിച്ചൻറെ സ്വത്തു് തള്ളിത്തുകി പോകാൻ പാടില്ല." ബ്രിജിത്ത കൂപ്പുകൈകളോടെ കത്തി മുകളിലേക്കു നോക്കി. എന്താണു് പ്രാർത്ഥിച്ചതെന്നു് ഇപ്പോഴും ബ്രിജിത്തയ്ക്കു് നിർണ്ണയമില്ല. കണ്ണിൽനിന്നുമുഖത്തേക്കു നീണ്ടുന്ന അമ്മയുടെ കൈത്തണ്ടയിൽ തൂങ്ങിനിന്നതായി ബ്രിജിത്ത ഓർക്കുന്നുണ്ടു്.

രണ്ടുലക്ഷം രൂപയാണു് ഡാഡി സ്ത്രീധനമായി കൊടുത്തതു്. ഇരുന്നൂറേക്കർ പുരയിടവും. ചേട്ടത്തിമാർക്കുപോലും അതുപോലെ അരുയും സംഖ്യ ഡാഡി സ്ത്രീധനമായി കൊടുത്തിട്ടില്ല.

മനസ്സു് ചോദ്യചിഹ്നം അർത്ഥഗർഭത്തിൽ നിന്നു് അപ്പൻ വിളിച്ചുചോദിക്കുന്നു. ബ്രിജിത്തയുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ സാദ്ധ്യമല്ല. "നീലിമല എസ്റ്റേറ്റ് ബംഗ്ലാവിൽ മത്തായിയുടെ മകൻ ഉണ്ണ്യുണ്ണി എന്നു വിളിക്കുന്ന ജൂനിയറെക്കൊണ്ടു് കെട്ടിക്കാൻ ബ്രിജിത്തയെ നിനക്കു മനസ്സുണ്ടോ?"

ഒരുനിമിഷം ഒന്നും പറയാൻ കഴിയാതെ ബ്രിജിത്ത നിന്നു. ഒന്നു് മുന്നു് നാലു് അഞ്ചു്. അങ്ങനെ നിമിഷങ്ങൾ നീങ്ങി. "ഓച്ചാ" എന്നൊരു ശബ്ദം കേട്ടതായി ബ്രിജിത്തയ്ക്കുതന്നെ തോന്നി. അതു് തൻറെതന്നെ നാവിൽനിന്നു് പുറപ്പെടുവന്നതാണോ എന്നു് ഇന്നും ബ്രിജിത്തയ്ക്കു് സംശയമാണു്.

* * *

സംവത്സരങ്ങൾ കഴിഞ്ഞു. ബ്രിജിത്തയുടെ പ്രായപൂർത്തിവന്നു. ഇപ്പോൾ അയാളാണു് എസ്റ്റേറ്റു് മേൽനോട്ടം. പഴയ റബ്ബർതൈകളെല്ലാം വെട്ടിമാറ്റിയിട്ടു് ബഡ്ഡ്ചെയ്ത തൈകൾ പ്ലാൻറുചെയ്തു. മൂന്നു കൊല്ലത്തിനകം ആ മരങ്ങൾ വെട്ടാറാകും. ദേവകൂടുത്തു് ബ്രിജിത്ത സമ്പാദിച്ച ഏലത്തോട്ടത്തിൽനിന്നു് നല്ല ആദായം ഇപ്പോൾ കിട്ടിവരുന്നുണ്ടു്. അതു ബ്രിജിത്തയുടെതന്നെ നേട്ടമാണു്. കമ്പനി ഓഹരികളുടെ വില പതിന്മടങ്ങു വർദ്ധിച്ചു. ഇതുകൂടാതെ ഒരു സാമ്രാജ്യംതന്നെ

ഉണ്ണ്യുണ്ണിയുടെ കൂടുംബം ഒട്ടിപ്പിടിച്ചുകഴിഞ്ഞു.

കുമാസത്തെ ഇടവപ്പാതിശമ്പളം ബ്രിജിത്ത വീട്ടിൽ കൊടുത്തിയെത്തുകയാണു്. ജീപ്പിൻറെ ശബ്ദംകേട്ടു് ബ്രിജിത്ത ബംഗ്ലാവിൻറെ പുമുഖത്തെത്തി. പുമുഖത്തെ കസേരയിൽ ഉണ്ണ്യുണ്ണി ഇരിക്കുന്നുണ്ടു്. ഡാഡിയായതെ അയാളുടെ വായിൽനിന്നും ഇതുവരെ ഒലിച്ചുവീണുകൊണ്ടിരുന്ന മുണ്ടും ഷർട്ടും ഒരു നാഴികയ്ക്കുമുമ്പു് മാറിയതാണു്. ഇപ്പോഴേയ്ക്കും നനഞ്ഞുകഴിഞ്ഞിരിക്കുന്നു. ജീപ്പു് മുറ്റത്തുവന്നുനിന്നപ്പോൾ ഉണ്ണ്യുണ്ണി എഴുന്നേൽക്കുവാനൊരു ശ്രമം നടത്തി, എന്തൊക്കെയോ ശബ്ദം പുറപ്പെടുവന്നു. മുഖം ഒരു നിമിഷത്തിൽ അഞ്ചു് രൂപം പ്രാപിച്ചു. മകനെ കണ്ട സന്തോഷമാണു്. ഒരുപക്ഷേ, ആ ശബ്ദം അയാൾ മകനെ എന്നു വിളിക്കുന്നതാകാം.

ബ്രിജി ആരേയും ഗൗനിക്കാതെ നേരെ അകത്തേക്കുപോയി, പിന്നാലെ ബ്രിജിത്തയും. അപ്പോഴും ഉണ്ണ്യുണ്ണി എഴുന്നേല്ലാൻ ശ്രമിക്കുകയാണു്. പക്ഷേ, എഴുന്നേൽക്കാൻ കഴിയുന്നില്ല. വിചിത്രമായ ഒരു ശബ്ദം പുറപ്പെട്ടു. അങ്ങിനെയായിരിക്കാം ഇപ്പോൾ അയാൾ ബ്രിജിത്തയെ വിളിക്കുന്നതു്.

അകത്തു് അമ്മ മകനോടു് ചോദിക്കുകയാണു്,

"എന്താ മോനേ അപ്പനെക്കണ്ടിട്ടു്"

(ശേഷം 125-ൽ)

P. Gopinathan Pillai

DEALER

Indian Oil Corporation Limited

Trivandrum Road, PALLIMUKKU, QUILON.

Attached with

COFFEE BAR & MOTEL

BEST RETAIL OUTLET

1st Prize Rolling Shield Holder

phone nos. 4051, 3378. 3337, 2168, 2567, 4045

ആരംഭം

എന്റെ ജീവിതത്തിലെ ആദ്യ ത്തെ നഷ്ടബോധം ആരംഭിക്കുന്നതു കമ്പ നാം വയസ്സിലാണു്. ഓർമ്മയിലെ ആദ്യ ത്തെ സൌന്ദര്യബോധം ഉണരുന്നതും. കമ്പിത്തൂവെയ്സ്സിൽ ചോറിയ ഒരു ഉടുപ്പിട്ട് തോളറ്റം വെട്ടിയ മുടി അടക്കിയില്ലാതെ പാറിപ്പറന്നു്, പുസ്തകങ്ങൾ മാറോടടക്കി പിടിച്ചു് ധൃതിയിൽ നിരത്തിലൂടെ ഓടി ഇളകിയാടി നടന്നുപോകുന്ന ഒരു കൊച്ചു പെൺകുട്ടിയിലൂടെയാണു്. മാവിലെ മമ്പുതകാലാവുമ്പഴും ധൃതിവെക്കുന്നു കുത്യം സ്പൂരു് ഇപ്പോത്തന്നെ സ്കൂളിൽ പോകുന്നവഴിക്കുള്ള ഒരു നേഴ്സറിയുടെ ഫോമിൽനിന്നേരികിലുള്ള നിലുചായം തേച്ചഗേറിലൂടെ ഇളം നീലനിറത്തിലുള്ള ഒരു കാർ നിരത്തിലേക്കു കയറി വരുന്നതു കാണാം. അതു കാണണം. എന്തിനാ യിരുന്നു? ആ കാർ ഓടിക്കുന്ന ആളെ നന്നു കാണാൻ! കാരണം അ ന്നാൾ അത്രയ്ക്കു സുന്ദരനായിരുന്നു! സാ യ്പിന്റെ നിറവും, കുത്തനെ ചുരുണ്ടുടു യും കോലു പുച്ചക്കണ്ണുമായി, ചുണ്ടിൽ കത്തിച്ച ഒപെപ്പുമായി കാറിൽ പറക്കുന്ന ആ മാന്യനെ വെറുതെയായാലും കാണാൻ. അത്രമാത്രം! എത്രയും ദിവസങ്ങൾ കഴി ച്ചുനോക്കുന്നു എങ്കിലാൽ അവിടെ കാണു നിൽക്കും. ആരുമാരും അറിയില്ല. കാ റിൽ പോകുന്ന ഇതിനു സുന്ദരൻ ഞാറ യില്ല ഒരു കൊച്ചുപെൺകുട്ടി തന്നെ കാണുവാൻ കാണുനിൽക്കുകയായിരുന്നു വെന്നു്! വെറുതെ നന്നു കാണാൻ മാത്രം. അയാൾ അത്രയ്ക്കു സുന്ദരനായിട്ടാണു് എ നിക്കന്നെറ അനുഭവത്തെ കുറിച്ചു മനസ്സിലെ തോന്നലു്. അവധിദിവസങ്ങളിൽ കാ വിലെ അതേനേരത്തു് ദുഃഖം തോന്നും.

ഒരിക്കൽ ഞാനെറ കയ്യും പിടിച്ചു് നടക്കാൻ പോകുമ്പോൾ ഞാൻ ആ വീട്ട്

നാലാങ്കൽ

ചീരിപൊഴിച്ചിളംതെന്നൽ-
വീശിടുകിൽ
ചിറു, വികാരവിലോല തരളിതം
ഗിരിനിരകളനങ്ങാതെ നിൽക്കുന്നു
ത്വരയോടേ ചക്രവാതമടിക്കിലും
മുകളമാശിപ്പു പുഞ്ചിരിക്കാൻ, പൂവി-
ന്നകതളിരിൽക്കൊതി, കായാകുവാൻ
പൊകെപൊകെയുള്ള തേൻകനിതൻ.
മനം
പ്രകടമാക്കുന്നു, വിത്തായ്പ്പിറക്കുവോൻ
'ഗംഹു' രാജ്യങ്ങളിൽനിന്നൊഴുകുന്ന
ഗർവിയന്നിവിടേയ്ക്കു പൊന്നിൻനദി
ഗദ്ഗദമിതുകണ്ടിട്ടുപൊങ്ങുന്ന
ഗാർഹികബ്ധർ, നിർഭാഗ്യരിൽനിന്നും
മൃത്യുതുല്യം വിലയിടിവാണ്നിന്ന
സത്യസന്ധതയില്ലാ വിപണികം
കൃത്യനിഷ്ഠയും, സ്നേഹസൗഹാർദ്ദവും
ചിത്തപൂസ്സകത്തിന്നസ്ഥിപഞ്ജരം.

കൊമ്പനാനകം കാട്ടകലുക്കി-
ക്കൊണ്ട, നാണ്യവിളനശിപ്പിച്ചു
കൊള്ളരുതായ്മയും, കൈമടക്കം
കൊയ്തിട്ടന്യ, ജനാഭിലാഷങ്ങളം.
അമ്പലത്തിൽക്കൊടിയേറി, നാട്ടിൽ
പൊൻപതക്കവും സ്മേരവും മിന്നി
കമ്പക്കെട്ടുകഴിഞ്ഞിതൊട്ടവിൽ
തമ്പുരാനെത്തൊഴാനില്ലെറമ്പും.
സഞ്ചരിച്ചു, പലേടങ്ങളിലെൻ
പിഞ്ചുകൈ, യാദ്യമേന്തിയ ശ്രവൽ
കാഞ്ചനമയപീഠം കൊതിച്ച്
വഞ്ചിതമായ്, നിശ്ശേഷമേറ്റവാങ്ങു.

ചുണ്ടിക്കാട്ടി ചോദിച്ചു. "അച്ഛൻ ആ വീട്ടിൽ ആരാണ്? താമസിക്കുന്നത്?"

"അ! അതു നമ്മുടെ കുറുപ്പല്ലേ! അയാൾ ഒരു ഇംഗ്ലീഷ് കമ്പനിയിലെ മാനേജരാണു്. അയാളുടെ മകളോ മാഠാ നിൽ കൂടെ പഠിക്കുന്നുണ്ടോ?"

"ഇല്ല! വെറുതെ ചോദിച്ചതാ."

"ആളു മഹാകടിയനാ. വൈകുന്നേരം ഞ്ചുമണി കഴിഞ്ഞാൽ ക്ലബ്ബിൽ. പിന്നെ ബോധം കെട്ടാലുവരെ കുടി. കുടിയനത്രെ!"

എന്റെ വയറിലൊരു കാളൽ. എന്തുകൊണ്ടാണെന്നറിയില്ല. അന്നു ഉടനീളം എനിക്കു മദ്യത്തോടും മദ്യപാനത്തോടും വെറുപ്പായിരുന്നു.

ഏതായാലും എന്റെ പരിപാടി ഉടൻ തന്നെ, വേനൽക്കാല അവധി ഇടണ്ണുന്നതിനു മുൻപേ ഞാൻ ആവേശത്തോടും ദുഃഖത്തോടും കൂടി നേരത്തെ പുറപ്പെട്ട, ആ നിലാഗ്രയിറ്റിൽനിന്നും പുറത്തും പല

ഒരു മികച്ച കലാസൃഷ്ടി മറ്റു സാഹിത്യരൂപങ്ങളിൽനിന്നും വ്യത്യസ്തമായി നിർവ്വചിക്കപ്പെടുന്നതു് ചില പ്രത്യേകതകൾ സൃഷ്ടിക്കുക എന്നതും അതിന്റെ സാഹിത്യമല്ല. ഒരുപക്ഷേ അതിന്റെ അർത്ഥതലങ്ങളെക്കുറിച്ചു വിവാദമുണ്ടായില്ലെങ്കിൽപ്പോലും മൂല്യത്തെക്കുറിച്ചു വിവാദങ്ങൾ ഉണ്ടാവുന്നു. സാഹിത്യകൃതിയുടെ പ്രധാന സവിശേഷതയും അതു വിവാദങ്ങൾ സൃഷ്ടിച്ചു സൗന്ദര്യദർശനങ്ങളുടെ പുതിയ മണ്ഡലങ്ങൾ സൃഷ്ടിക്കുന്നു എന്നതാണു്. അങ്ങനെ വരുമ്പോൾ ആധുനികകഥാസാഹിത്യത്തെക്കുറിച്ചു് ഇവിടെ നടന്ന വിവാദങ്ങൾ സ്വഭാവികമായിരുന്നു എന്നു വരുന്നു.

ഇത്തരം വിവാദങ്ങളും അവനവന്റെ തന്നെ ചിന്തയെ കണ്ടെത്തികൊടുക്കുന്ന വിമർശനങ്ങളും പുതിയ ഒന്നിനെ രൂപപ്പെടുത്തുന്നതിനു പോലെ ക്രോധംനിറഞ്ഞ പ്രത്യുപനനങ്ങളുടെ തലത്തിലെത്തുകയും ചെയ്തിട്ടുണ്ടു്. എഴുത്തുകാർ നടത്തിയില്ലെങ്കിലും സ്വന്തം സൃഷ്ടികളിലൂടെ ഈ സ്വഭാവം തന്നെയാണു് അവർ പ്രകടിപ്പിച്ചതു്.

എന്നാൽ സൃഷ്ടിയിലൂടെ ഈ കലാശക്തി പ്രകടിപ്പിച്ചവർ തന്നെ പുതിയ യാഥാസ്ഥിതികത്വം സൃഷ്ടിച്ചു നമ്മുടെ കഥാസാഹിത്യത്തിൽ കാലം സ്തംഭിച്ചു നിൽക്കുന്നു എന്ന പ്രതീതി ജനിപ്പിക്കുന്നു. ഒരുതരം മരവിപ്പു് നമ്മുടെ സാഹിത്യസിരകളെ കീഴടക്കിയിരിക്കുന്നു. ആധുനികതയെ അപൂർവ്വത്തിനുവേണ്ടിയുള്ള നിരന്തരമായ പരിശ്രമമാണെന്ന വിശ്വാസത്തിനു് അതു പുതുമ സംഭാവനചെയ്തിരിക്കുന്നു. പരീക്ഷണങ്ങളിലൂടെ ഭാവിയിലെ കലയ്ക്കു നിർദ്ദേശം നൽകാൻ ശ്രമിച്ചവരായിരുന്ന ഇവർ, കാർഫ്യൂവിനപ്പുറത്തെ അവർ പരിസരങ്ങളിൽ ലഹരി സൃഷ്ടിച്ചു. പരീക്ഷണത്തിനുവേണ്ടിയുള്ള കാല്പനികമായിരുന്ന അവരുടെ വീണ, യവനപുരാണത്തിലെ കവിയും ഗായകനുമായ കഥാപാത്രമാണു് ഓർഫ്യൂസ്. ഓർഫ്യൂസിന്റെ വീണയുടെ സ്വരം സകലതിനെയും വശീകരിച്ചു. ഗാനങ്ങൾ വശീകരിക്കപ്പെട്ടു. ഗാനത്തിൽ മുഴുകി വൃക്ഷലതാദികൾ ചലിച്ചു. ആർഗോ എന്ന നൗക ഓർഫ്യൂസിന്റെ പാട്ടുകേട്ടു സ്വയം കടലിലിറങ്ങി. യവനപുരാണകഥകളുടെ ലഹരി ചിന്തയിൽ കലർത്തിപ്പറയാം, നമ്മുടെ കാലഘട്ടത്തിലെ എഴുത്തുകാരും ഇങ്ങനെയൊരു ആശയം ഇവിടെ സൃഷ്ടിച്ചുവെന്നു്. എന്നാൽ ഇപ്പോൾ പരീക്ഷണലഹരി എന്ന "വീണ" അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അവരുടെ സൃഷ്ടികൾ സൗ

കഥാസാഹിത്യത്തെക്കുറിച്ചു് ഒരു രൂപപുതുമ വിചാരണ

കെ.വി. അപ്പൻ

ഇല്ലാതാക്കുന്നില്ല. ചരിത്രം ഇങ്ങനെ പുതിയ ആരംഭങ്ങളെ മുന്നോട്ടു കൊണ്ടുപോകുകതന്നെ ചെയ്യുന്നു. ഇക്കാര്യത്തിൽ ചരിത്രത്തിനു ഇടനേവരെ തെർമ്മപ്പിശകു സംഭവിച്ചിട്ടില്ല. എന്നാൽ ഈ പുതിയ ഉടക്കങ്ങൾ എപ്പോഴും പരിസരങ്ങളിൽ പരിക്രാന്തിയും പ്രതിധ്വനങ്ങളും സൃഷ്ടിക്കുന്നതുവരെ നാം മനസ്സിലാക്കേണ്ടതുണ്ടു്. ഈ പ്രതികരണങ്ങൾ നേരിട്ടുകൊണ്ടുതന്നെ തന്റെ കലയായ കുറുപ്രത്യക്ഷപ്പെടുത്തുകൊണ്ടു മുൻപോട്ടുപോകാൻ എഴുത്തുകാരൻ ബാധ്യസ്ഥനാണു്. താൻ നോവലുകൾ വായിച്ചു വായനക്കാർ നിരാശപ്പെടുകതന്നെവേണമെന്ന രോഗ്രഗ്രിയേ ശഠിച്ചിരുന്നു. വായനക്കാർ നിരാശരാകയാണെങ്കിൽ താൻ വിജയിച്ചു എന്നാണു് അർത്ഥമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. രോഗ്രഗ്രിയേ പോലുള്ള

ഇതെഴുതുന്ന ആൾ തെറ്റിക്കൽ പറഞ്ഞതു് വീണ്ടും പറയാറില്ല. എൻറെ ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും ആവശ്യമെന്നുവന്നിട്ടുണ്ടെങ്കിൽ അതു് ഓർമ്മപ്പിശകുകൊണ്ടാണു്. ഞാനൊന്നേ ചുമച്ചുള്ളൂ, ചുമയ്ക്കു വായുവിൽ പോയിയെന്നു വിചാരിക്കയില്ലാതെ ("അയ്യോ എൻറെ ചുമ വായുകാണ്മോപായേ" എന്നു നിലവിളിച്ചു് അതിനെ കയറിപ്പിടിക്കാനായി വായുവിൻറെ പിറകേ ഓടാറില്ല. എൻറെ തിരി ഇതായതുകൊണ്ടു് മനോരമ ആഴ്ചപ്പതിപ്പിൽ ശ്രീമതി സുഗതകുമാരിയുടെ "താഴ്വര" എന്ന കാവ്യഗ്രന്ഥത്തെക്കുറിച്ചു് ഒരു ചോദ്യവും അതിനു "പ്രഫ്ളാദ"ൻറെ മറുപടിയും വന്നപ്പോൾ, പ്രഫ്ളാദനെപ്പറ്റിയുള്ള ബഹുമാനക്കുറവു കൊണ്ടു് ലോപം കവിയുടെ ജീവിതമെന്നു വിളിക്കുന്നു". ആ ജീവിതം നിങ്ങൾ ജീവിതത്തിൽനിന്നു വിഭിന്നമാണു". കവിയുടെ ജീവിതത്തിൽ ബീജം വളരുന്ന മഹദ്വൃക്ഷമായി മറുന്നു. മറ്റെന്നത്തെപ്പോലെ ജീവിതത്തിൽ ബീജവുമില്ല, മഹാവൃക്ഷവുമില്ല. ചങ്ങമ്പുഴ, ഷെർലി, ബോദ്ലെർ ഇവരുടെ നിത്യജീവിതങ്ങൾ വിഘടനാത്മകങ്ങളായിരുന്നു. മടിയിൽ കിടക്കുന്നവൻറെയും ആ കവികളുടെയും ജീവിതങ്ങൾക്കു തമ്മിൽ ഒരു വ്യത്യാസവുമില്ല. അതല്ല അവരുടെ ആധ്യാത്മികജീവിതങ്ങളുടെ സ്ഥിതി. അവയിലോരോന്നിലും വികാസമെയുള്ളു. വിശേഷിച്ചും ബോദ്ലേറിൻറെ ആധ്യാത്മികജീവിതം, അവിടെ ഹിമാലയങ്ങളുണ്ടു്, എവറസ്റ്റ് കൊടുമുടികളുണ്ടു്. അതാണു ലാണ്ടു് ഒരു നിരൂപകൻ **He is a poet, Therefore he is divine** എന്നു് ബോദ്ലേറിനെക്കുറിച്ചു പറഞ്ഞതു് ഈ വിധത്തിലാണു ആധ്യാത്മികജീവിതം (കവിയുടെ ജീവിതം) ശ്രീമതി സുഗതകുമാരിക്കില്ല. ഒരു മാവേലത്തമാശും പ്രതികരങ്ങൾ മാറി മാറി സ്ഫുടീകരിക്കാനെ അവർക്കു കഴിയൂ. ആ മാവാവിഷ്കരണം **Private interest**—സ്വകീയമായ ഒരു താല്പര്യം—എന്നതിൻറെ കവിതയ്ക്കു് ഒന്നുമാകുന്നില്ല. പിന്നെ ഭാഷയിലൂടെ കാര്യം. വൈലോപ്പിള്ളിയുടെ കാവ്യശൈലിനോക്കു. അതു ചിലപ്പോൾ ചലനാത്മകമാണു", സുകുമാരമാണു", പ്രകാശപൂർണ്ണമാണു". പ്രചോദനപൂർണ്ണമാണു", ഈ ഒരു ഗുണവും സുഗതകുമാരിയുടെ കാവ്യശൈലിക്കില്ല. പക്വപൂർണമായ ഭാഷശൈലി—**adequate style**—എന്നു മാത്രം അതിനെ വിളിക്കാം. പലപ്പോഴും അല്പം പാ



ത്രപരമായ ഭൗതികതകളായിത്തീർന്നിരിക്കുന്നു. വാക്യനിർമ്മാണകലയിൽ ആധുനികന്മാർ ചില കാലങ്ങളിൽ പ്രകടിപ്പിച്ച കോളകമായ തന്ത്രങ്ങൾ അവർ മണ്ണിൽത്തന്നെ കുഴിച്ചുമൂടിയിരിക്കുന്നു. അവർക്കുശേഷം ആ പ്രവർത്തികമ്പനം നമ്മുടെ യുവകവികൾ, പുതിയ കഥകർ വളരെക്കാലമായി കെട്ടിക്കിടക്കുന്ന എന്തോ കണ്ണാടിയുടെ അകത്തേക്കെപ്പോലും വായനക്കാരിൽ ഉണ്ടാക്കുന്നു. വിജ്ഞാനത്തിൻറെയും കാക്കനാടൻറെയും സക്കറിയയുടെയും യുക്തിവാദിയും സേതുവിൻറെയും സൂക്ഷ്മമായ കഥകർക്കുപോലും ഇതിനു തെളിവാണു". പറകളിലെന്നപോലെ കലയെ നിഷേധത്തിയുടെ തലങ്ങളിലേക്കു ഉയർത്തിക്കൊണ്ടുപോകുവാൻ "അമ്പിപാ."കൾ വിജയിച്ചു കഴിഞ്ഞിട്ടുണ്ടു". എന്നാൽ 'പരീക്ഷ' ദർശനത്തിൻറെ കാര്യത്തിൽ വെറുമൊരു നടുക്കാണെന്നാണു ഞാനിക്ക തോന്നിയിട്ടു്. പാറകളുടേയും 'അമ്പിപാറ'യുടേയും രചനയിൽ ഒരു കലാകാരൻ എന്ന നിലയിൽ വിജയൻ കാണിച്ച സിദ്ധാർത്ഥത 'പരീക്ഷ'യുടെ രചനയിൽ അദ്ദേഹം കാണിച്ചു കാണുന്നില്ലെന്നതെന്നു ഞാൻ കരുതുന്നു. തൻറെ മുടുകാല കഥകളിൽ കാണുന്ന കാല്പനികവിരുദ്ധമായ വാക്യനിർമ്മാണ കല പ്രകടിപ്പിച്ച കാക്കനാടനെ ഇപ്പോൾ കാല്പനികതയുടെ അപചയകാലഘട്ടത്തിലെ പദസംവിധാനരീതിയും കല്പനകളുമായ സ്വാധീനിക്കുന്നു". പുതിയ ആശയങ്ങൾ പഴയതിൻറെ ഭാവനിഷേധങ്ങളുമായി ഇണങ്ങിപ്പോകുകയെന്ന ഭാഗ്യദോഷവും അങ്ങനെ ഇവിടെ സംഭവിച്ചു. ആവേശത്തോടെ വന്നുചേരിച്ചിരിച്ചുകൊണ്ടിരുന്ന ഈ എഴുത്തുകാർ ഒടുവിൽ എഴുതിയ കഥകളിൽ അവരുദ്ദേശിക്കുന്നതു നാം കാണുന്നു. സക്കറിയയ്ക്കു പ്പോലും ഇല്ല കാണാൻ കഴിയും. ഈ എഴുത്തുകാരെ അയാളുടെ പ്രതിഭയുടെ ഉഗ്ര കേന്ദ്രങ്ങളിൽ എത്തിക്കഴിഞ്ഞാൽ അയാൾ അവരെയുമെന്നപോലെ അനുകരിച്ചു തുടങ്ങുമെന്ന വിഷാദദർശനം നമുടെ എഴുത്തുകാരെയും അനുഗ്രഹിച്ചിരിക്കുന്നു എന്നു കരുതേണ്ടിയിരിക്കുന്നു. എങ്കിൽ നമ്മൾ വിശ്വാസമർപ്പിച്ചിരിക്കുന്ന കുറച്ചുള്ള പ്രതിഭകൾ വരാൻ പോകുന്ന കാലങ്ങളിൽ സൃഷ്ടിപരമായിരിക്കയില്ല എന്നതാണു നിരാശതയുടെ പ്രമാണരേഖ

ള്ളടിനടുക്കു" അംഗികർക്കേണ്ടി വരും. അങ്ങനെ ഒരു അപഗ്രഥനപോലെ നമ്മെ മാനസികമായി റേട്ടയടുക്കയും ചെയ്യും.

വാഥാർത്ഥ്യത്തിൻറെ സൃഷ്ടിനിലൂടെ കർത്തവികാസം നൽകാൻ ശ്രമിച്ചുവർത്തന്നെ ബാഹ്യയാഥാർത്ഥങ്ങളിലേക്കു മടങ്ങി സ്വപ്നം ദർശനത്തിൻറെ പരിമിതികൾ സൂചിപ്പിക്കുന്നതും നാം കാണുന്നു. വാഥാർത്ഥ്യത്തിൻറെ ഉപരിതലം തുരന്നു നഷ്ടപ്പെട്ട ദിനങ്ങളെച്ചൊല്ലി ഇന്നു വിലപിക്കുന്ന സമീപകാലത്തിലെ എഴുത്തുകാർ കണ്ടെത്തുന്നുള്ള. അന്ന ഇടതുപക്ഷചിന്ത ഗതിയുടെ ആരാധനാക്രമങ്ങളെ അംഗീകരിച്ചുകൊണ്ടു" എഴുതിയവർക്കു, ഭാഷയിലെ പ്രസംഗങ്ങളിലൂടെയും പത്രവാർത്തകളിലൂടെയും ഗ്രഹിക്കാവുന്ന പ്രശ്നങ്ങൾക്കു് ഉപരി ഒന്നും അവതരിപ്പിക്കാൻ കഴിഞ്ഞില്ല കലയെസ്സംബന്ധിച്ചിടത്തോളം ഈ യാഥാർത്ഥ്യം അത്യന്തം ബാഹ്യമാണെന്ന ഉറച്ച വിശ്വാസിച്ചിരുന്നതുകൊണ്ടാവണം നമ്മുടെ തലമുറയിലെ പ്രധാനപ്പെട്ട എഴുത്തുകാർ മറ്റു മാർഗ്ഗങ്ങളിലേക്കു തിരിഞ്ഞതു". ഗബ്രിയേൽ മാർസൽ അസ്തിത്വത്തിൽ 'പ്രശ്നം'മെന്നും 'രഹസ്യ'മെന്നും രണ്ടു ഘടകങ്ങളുണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. വസ്തുനിഷ്ഠമായ സമീപനരീതികൊണ്ടും യുക്തികൊണ്ടും അപഗ്രഥിക്കാവുന്നതാണു 'രഹസ്യ'ത്തെ കവിയുടെ മാവണ്ണ തന്ത്രങ്ങൾ മുകളിൽ വിശദീകരിക്കാൻ ശ്രമിച്ചവർ കരുതുന്ന യാഥാർത്ഥ്യങ്ങളിൻറെ അന്യന്തം ബാഹ്യമായ സഞ്ചാരവഴികളിൽ ഇപ്പോൾ അകപ്പെട്ടുപോയതും നാം കാണുന്നു പുതിയ ഇടക്കം പഴയതിൻറെ ഫലങ്ങളെ സഹിക്കുകയുടെ ആശ്വാസിക്കുന്നു എന്നതു് ദർശനത്തിൻറെ കാര്യത്തിലും ശരിയാണെന്നു വരുമ്പോൾ നമ്മുടെകാലഘട്ടത്തിലെ എഴുത്തുകാരുടെ ആദ്യകാലകൃതികൾ സൃഷ്ടികർത്തന്നെയാണെന്ന ശക്തമായ കഥകൾ എന്ന നിഗമനത്തിൽ നാം ഉറച്ചുനിൽക്കേണ്ടിവരും. ഇതു ശരിയായ എഴുത്തുകാരെക്കുറിച്ചുള്ള ഒരു വിലാപമല്ല. കഞ്ഞാണ്ടുടെ പരാജയത്തെക്കുറിച്ചുള്ള വേദനിഞ്ഞ വിചാരങ്ങളാണു". എങ്കിലും നമ്മുടെ ആധുനിക കഥകളിൽ പെട്ടെന്നു സംഭവിച്ച ഈ നിശ്ചലത ഒരു അസ്തിത്വവിനെത്തന്നെയാണു മാർക്കിച്ചിക്കുന്നതു". ∧

പാലാ

തീ പിഷജ്വാലയേറെ പാരമയേ്-
ത്തീരുകില്ലേ
കേവലകലാബോധ-
പ്രതിമാനങ്ങൾ?
മക്കളോ, മാത്സര്യത്താലമ്മയെമറന്നിടാം
ഉംക്കളമവംകൊണ്ടു മനുകമ്പാർദ്രം.
മഞ്ഞിനാലുടൽമൂടിക്കുനിയും മഴകൊണ്ടു
കണ്ണുനീരൊലിപ്പിച്ചു,-
കൊട്ടംവെയിലിൽ-
നെഞ്ചകമുരുകിയും ക്ലേശിക്ക-
മെന്നാലെന്തേ
പുഞ്ചിരിതൂകുമമ്മ വസന്തനാളിൽ
നാഡികളാ കോരിത്തരിച്ചുന്നവം-
കോകിലത്തിൽ-
നാവിലൂടുദാത്തമാം ശ്രുതി-
പെഴുക്കേം
പൂത്തമായ് ഗാനമായി മേടത്തിൽ-
സരസ്വതി-
യെത്തിടും രാശിചക്രരഥത്തിലൂടെ.

—o—

"എനിക്കു മോചനംതരു. ഈ അറിവി നേക്കാൾ അജ്ഞതതരണ്ട" എന്നു അരുതു
ഹിക്കു" അരവിന്ദാക്ഷന്റെ ചെറുകഥ
അരുവാചകൻ" പ്രജ്ഞാപരമായ സംശ

പ്പി അളന്നു.
ഈലോകത്തുള്ളഏതും സാഹിത്യത്തിന
വിഷയമല്ലെന്ന്, അങ്ങിനാൽ ബുദ്ധിപ
സിയക്കുറിച്ചോ ചലച്ചിത്രവ്യവസായ

മുപ്പുവുമല്ല. ഇതുയുകാണ്ട് ഞാൻ മുൻപു പറഞ്ഞ കാര്യങ്ങൾ, "ശ്രീ. കൃഷ്ണൻ നായർക്ക്" അല്ല പണ്ടാരത്തിനും പുസ്തകമായി രുന്നോ. മാറ്റു കുറെ സാഹിത്യകാരന്മാർക്കും പണ്ഡിതന്മാർക്കും അല്ല് കന്നാംതാമായും തോന്നി. അല്ലകൊണ്ട് അതിനു അവാർഡും സിദ്ധിച്ചു. പണ്ഡാരത്തെയായി കത്തായുള്ള കാരണങ്ങൾ കൃഷ്ണൻനായർ അവർകൾ പറഞ്ഞിട്ടില്ല" എന്ന് 'പ്രഹ'ളാദൻ' മറുപടി നൽകിയിരിക്കുന്നു ശ്രദ്ധിച്ചു (മനോരമ, മാർച്ച് 24 പുറം 19) ഞാൻ കാരണങ്ങൾ പറഞ്ഞിട്ടുണ്ട്. ആ കാരണങ്ങൾ മനസ്സിലാക്കാതിരുന്നതെന്ന് പലരും അഭിപ്രായപ്പെടുന്നതുണ്ട്. "സാഹിത്യകാരന്മാർക്കും പണ്ഡിതന്മാർക്കും" അല്ല കന്നാംതാമായിത്തോന്നി എന്ന പ്രസ്താവത്തിൽ ധ്വനിയുണ്ട്. കൃഷ്ണൻനായർ സാഹിത്യകാരനും പണ്ഡിതനുമല്ല എന്നതാണ് അല്ല. ധ്വനി ശരിതന്നെ. ഞാൻ സാഹിത്യകാരനല്ല, പണ്ഡിതനുല്ല. പക്ഷേ പ്രഹ'ളാദൻറെ സാഹിത്യകാരന്മാർക്കും പണ്ഡിതന്മാർക്കും പലപ്പോഴും ശരിയായി മലയാളമെഴുതാൻ അറിഞ്ഞുകൂടാ. അവർ 'സ്വാദ്ധ്യ' എന്നതിനുപകരം 'സ്വാതന്ത്ര്യവ്' എന്നും 'കഴിവു'' എന്ന അർത്ഥത്തിൽ 'പ്രാപ്തി' എന്നും എഴുതുന്നവരാണ്. ഇനി വിമർശനത്തിന്റെ കാര്യം. സുനിശ്ചിതമായ ആധുനികജീവിതം (കവിയുടെ ജീവിതം) ഇല്ലാത്തവർക്കും നല്ല കവിതകളെഴുതാവുന്നു. ആ രീതിയിലുള്ള ഒരു കവിയെയാണ് മാഷ്പോയ്ക്കിണിയിൽ വന്നത്. അല്ല് നല്ലതാണെന്നു ഞാൻ എഴുതുകയും ചെയ്തു. പണിവായിച്ചു കവിത എഴുതുന്ന ആൾക്കു ഇതുപോലുള്ള നല്ല കവിതകൾ ചിലപ്പോഴൊക്കെ എഴുതാൻ സാധിക്കും. എന്നാൽ സഹജാവബോധത്തോടെ അനിവാര്യമായ ഭാവനാശക്തി കൊണ്ടു് 'വിഷൻ' (Vision) ഉപകരിച്ചുകൊണ്ട് 'ജന്മനാ കവികൾ' എന്നു പറയുന്നവർക്കു കഴിയുകയുള്ളു. സുഗതകുമാരി ആ രീതിയിലുള്ള കവിയല്ല.

തിരുവനന്തപുരത്തു് വൃത്തികെട്ട ക്ലിക്കുകളേയുള്ളു. ആ ക്ലിക്കുകളാണ് സ്ഥാനം നിശ്ചയിക്കുന്നതും നിരാകരിക്കുന്നതും. ക്ലിക്കിൽപ്പെടാത്തവർക്ക് ഇവിടെ ഉത്തരവില്ല. ഒ. വി. വിജയനെ കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സമ്മാനത്തിനർഹനാക്കിയതു് 'പ്രതിഭാധനരായ ശങ്കരനാരായണനും' എഴുതിയ ഫാക്സ് ജോസ് കന്നപ്പള്ളിയെ അവഗണിച്ചതിനെന്നു് എഴുതികൊണ്ടു്? കഴിഞ്ഞ നാല്പതുകൊല്ലമായി ചേതോഹരങ്ങളായ കവിതകൾ എഴുതിക്കൊണ്ടിരിക്കുന്ന പാലാ നാരായണൻ നായരെ പുറകോൽക്കൊണ്ടു് ചവിട്ടിയെഴുന്നേറ്റിട്ടുണ്ടു് ഈ ക്ലിക്കുകൾ? ബാള്ളിനും ഇതിനെക്കുറിച്ചാണു് ആലോചിക്കണം. അവർ ശബ്ദമുണ്ടാക്കുകയും വേണം. ക്ലിക്കുകളുടെ ബാർഗെയിനിംഗ് സെക്രട്ടറിയല്ല അതിൽപ്പെട്ടവർക്കു വരേണ്ടതു കുറെ ആയിരമായിരം കർഷകരിൽപ്പെട്ട ഒന്നുരണ്ടു പേർ മാത്രമാണു്. അവർ ശബ്ദമുണ്ടാക്കുകയും വേണം. ക്ലിക്കുകളുടെ ബാർഗെയിനിംഗ് സെക്രട്ടറിയല്ല അതിൽപ്പെട്ടവർക്കു വരേണ്ടതു കുറെ ആയിരമായിരം കർഷകരിൽപ്പെട്ട ഒന്നുരണ്ടു പേർ മാത്രമാണു്. അവർ ശബ്ദമുണ്ടാക്കുകയും വേണം.

ഏതെങ്കിലും ഒരു കവിയുടെ കവിത നല്ലതല്ലെന്നു് അന്യവാചകർ പറഞ്ഞാൽ അല്ല വിരോധമാകാനുള്ള പരമ്പരാഗത കാരണം. "കവിതയുടെ പുരാതനമായ ക്ലിക്കുകളുടെ രീതിയാണു്". ആ രീതിയിൽ അവർ ഇപ്പോൾ പറയുന്നു. എനിക്കു് ശ്രീമതി സുഗതകുമാരിയോടു് വിരോധമൊന്നുമില്ല; ബഹുമാനമേയുള്ളു. ശത്രുതയും സ്നേഹവും മനുഷ്യനെ അന്ധകരിക്കപ്പെടുത്തിക്കും. എനിക്കു ശത്രുതയില്ല. സ്നേഹമില്ല. അതിനാൽ അന്ധകതിയുമില്ല. വാത്സല്യത്തിൽനിന്നുണ്ടാകുന്ന അന്ധകതയും നമ്മുടെ കുടുംബത്തിലുള്ള ഒരു കവയിത്രിയിൽ കാണുന്നു.

ചെറുകഥകൾ

സൂഫി ഫിലോസഫർ എൽ ഖസാലി പറയുന്നു:—"കട്ടകത്തിനു മനുഷ്യനെക്കാൾ ശക്തിയുണ്ട്; കാരണം ഭിത്തികാരനാണു് അതിനെ സിമന്റിനു മനുഷ്യനെക്കാൾ കൂടുതൽ; കന്നുകാലികൾക്കു മനുഷ്യനെക്കാൾ കേൾവിശക്തിയുണ്ട്; പക്ഷികൾക്കു മനുഷ്യനെക്കാൾ ആയുസ്സുണ്ട്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജ്ഞാനമാർജ്ജിക്കലിനാണു്." ഈ ജ്ഞാനം കളവുപഴിഞ്ഞാൽ ആചാര്യനായ ഹെമിങ്വേയുടെ ശ്രീ. ഇ യു. ജോവിൻ്റാക്ഷൻ ഒരു കഥയിലൂടെ വ്യക്തമാക്കുന്നു. (അജ്ഞത എന്ന സുഖം—മലയാളനാടു്). എല്ലാം മുൻകൂട്ടികാണുന്ന ദൈവങ്ങൾ എന്നു സിമന്റ് അച്ചുകൂടാരവും അതുപോലെ മനുഷ്യനെ നേരത്തെ കണ്ടു് അളന്നതും. അതുപോലെ ഈശ്വരനോടു പ്രാർത്ഥിക്കുന്നു

മദ്യപാനം ഒരു സാമൂഹിക ശാപമാണ്

മദ്യം നിങ്ങളുടെ ആരോഗ്യത്തെയും കുടുംബത്തെയും നശിപ്പിക്കുന്നു.

മനുഷ്യന്റെ മറ്റേതൊരു പ്രവൃത്തിയെയുംകാൾ മദ്യപാനം കൂടുതൽ കുടുംബങ്ങളെ നശിപ്പിച്ചിട്ടുണ്ട്.

മദ്യം നിങ്ങളെ കൂടുതലായാക്കുന്നു. പിന്നീട് അതു നിങ്ങളുടെ പ്രധാന അവയവങ്ങളെ കാൻസറിനെതിരെ. അതു കൂടുതലായി ഗുരുപ്പിക്കുകയും, എന്തിനെന്നു ഗുരുപ്പിക്കുകയും, കൊലപാതകത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്നു.

വെറും രസത്തിനോ സൗഹൃദത്തിനോ വേണ്ടി മദ്യം ഉപയോഗിക്കുന്നയാൾ ഒരു കൊണിയിൽ വീഴുകയാണു ചെയ്യുന്നതു.

മദ്യപാനശീലത്തിനു് ഒരടിമയായിത്തീരുന്നതിനു മുമ്പു് അതിൽ നിന്നു രക്ഷപ്പെടുക.

നിങ്ങൾക്കു് ഇതൊന്നു ചെയ്തുകൂടേ?

തെക്കുറിച്ചോ സാഹിത്യകാരനെ കുറിച്ചോ താൻ ചിത്രകാരനെ പരാമർശിച്ചിട്ടില്ലായിരുന്നു. ശ്രീ. കെ. എൻ. മോഹനവർമ്മ ബ്യൂറോക്രസിയുടെ ചില മണ്ഡലങ്ങളെക്കുറിച്ചു കഥയെഴുതുമ്പോഴും എന്റെ ചില സുഹൃത്തുക്കൾ വലച്ചിട്ടുള്ള വ്യവസായത്തിലെ മാലിന്യങ്ങളെക്കുറിച്ചു" ഫാസ്യചിത്രങ്ങൾ വരച്ചപ്പോഴും ഞാൻ ഈ സത്യം മാർമ്മിച്ചു പോകേറുണ്ടു". ഏങ്കിലും അങ്ങിക്കു് അപരിചിതങ്ങളായ മണ്ഡലങ്ങൾ കാണുമ്പോൾ "ബ്ലൂഫനക്സിസ്" ഉണ്ടാകുന്നു പ്രതികരണം" എന്നായിരിക്കും എനിക്കു കേരുസർക്കിളിലോട്ടു ബന്ധപ്പെട്ട കാര്യങ്ങൾ അറിഞ്ഞുകൂടാ, ചലച്ചിത്രം കാണുന്നതു് ചലച്ചിത്രം ഇഷ്ടമാണെങ്കിലും സംവിധായകന്റെ നിത്യജീവിതത്തിലെ കൊള്ളരുതായ്മകളുമായി താൻപരുമില്ല. മോഹനവർമ്മയുടെ "ഡോഗ്"ഷോ" എന്ന ചെറുകഥ സറായർ എന്നനിലയിൽ നന്നായിരിക്കുന്നു. ഫീച്ചർ ഫിലിം എടുക്കാൻ വരുന്നവരെയും അവരുടെ അതിലേക്കു തെരഞ്ഞെടുക്കുന്ന ഞഢ്കാരികളെയും മോഹനവർമ്മ കളിയാക്കുന്നു, ആ കളിയാക്കൽ അസ്ലീലമായിട്ടൊരുപാടു്. എങ്കിലും എനിക്കു പരിചയമില്ലാത്ത ഒരു സ്ഥലത്തു ചെന്ന പ്രതീതി. ഈ പ്രതീതി ഴിവാക്കേണമെങ്കിൽ "യാഥാർത്ഥ്യചിത്രീകരണത്തിനു് അപ്പുറത്തുപോകാൻ കലാകാരനു കഴിയുണ്ടായിരിക്കണം. യാഥാർത്ഥ്യത്തെ സമാശ്ലേഷിക്കുന്ന ഷോക്"സ്യൻ അനിവാര്യം, അപ്പുറത്തു ചെല്ലുന്നതു നോക്കുക. 'ഹാലറ്റി'ലും 'മക്ബത്തി'ലും പ്രേതങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അനൗചിത്യം" അപരിചിതത്വത്തിന്റെ പ്രതീതിയില്ല. പ്രതീക്ഷിതത്വത്തിന്റെ ചിത്രീകരിക്കുന്നതുകൊണ്ടാണു ചിത്രങ്ങളെ ചിത്രീകരിക്കുന്നതു കൊണ്ടാണു ഷോക്"സ്യൻ നമ്മുടെ അടുക്കൽ നിൽക്കുന്നതു"; ദൂരെയല്ല. (മോഹനവർമ്മയുടെ കഥ കലാകൗമുദിയിൽ.)

റീത്തലിസത്തിലൂടെ മനുഷ്യന്റെ ചിത്രം മനോജ്ഞമായി വരയ്ക്കുന്നു. ശ്രീ. പി. കെ. ദിവാകരൻ. ഉണ്ണിമേനോൻ മാഷ് കറേക്കാലം നാട്ടിലില്ലായിരുന്നിട്ടു അവിടെ തിരിച്ചെത്തുകയാണു്. ലാളിത്യമില്ലായ്മയാണു് ദിവാകരൻ സഞ്ചരിക്കുന്നതു്. ആധുനികകഥാകൃത്തിനുവേണ്ടിയുള്ള പരക്കംപാച്ചിൽ ഇല്ല കഥാകാരനു്. അദ്ദേഹം നിൽക്കുന്ന വ്യക്തിയുടെ ചിത്രവും സമൂഹത്തിന്റെ ചിത്രവും കലാത്മകമായിരിക്കുന്നു. (ചെറുകഥ കലാകൗമുദിയിൽ.)

അയാൾ സ്നേഹിച്ച യുവതി മറ്റൊരാളെ കല്യാണം കഴിച്ചു. കാലം കുറെ കഴിഞ്ഞപ്പോയി. ദേവസ്ഥാനത്തിൽ ബസ്സ് കാത്തു നില്ക്കുകയാണു് അയാൾ. വിവാഹിതയായ അവളും തെല്ലകലെ നില്പുണ്ടു്. ബസ്സില്ല. ടാക്സിക്കാറില്ല. കാണെക്കാണെ നേരമിരുട്ടിത്തുടങ്ങി. പെട്ടെന്നു് കാറുവീശിയടിച്ചു പെയ്യാൻ തുടങ്ങി. കുടമരം" അയാളെ കെട്ടിപ്പിടിച്ചു. പുഴ" ബിച്ചു. ഇതാണു" ശ്രീ. കാത്തികേയൻ പടിയത്തു" ജനയുഗത്തിൽ (ലക്കം 36) എഴുതിയ ചെറുകഥയുടെ സാരം. പണ്ടു് രാവണൻ കൈലാസമെടുത്തു മാനത്തേക്കു മാടിയപ്പോൾ പ്രണയപരിവേഷത്തോടെ നിന്ന പാർവ്വതി പേടിച്ചുവന്നു് പരമേശ്വരനെ കെട്ടിപ്പിടിച്ചില്ലേ? അപ്പോൾ ജഗജ്ജൂടക്കാരനു് ദേശുവനോടു സ്നേഹം തോന്നിയില്ലേ? അതുപോലെ അയാൾക്കു കാറിനോടു കുറഞ്ഞതെ തോന്നിയിരിക്കണം. കാത്തികേയന്റെ കഥയിലെ 'കാറു്' സിംബലാകാം; അല്ലാതെയുമാകാം. സിംബലാണെങ്കിൽ കാറു് കാമാവേശത്തിലിരിക്കാം. അല്ലെങ്കിൽ വെറും കാറുമായിരിക്കാം. എന്തായാലും അദ്ദേഹം ചിത്രീകരിക്കുന്ന ലോകം കലാപരമായും സമകാലികപരമായും സങ്കുചിതമാണു്.

കഞ്ഞുങ്ങൾ വരയ്ക്കുന്ന ചിത്രങ്ങൾ കണ്ടിട്ടില്ലേ? എപ്പോഴും അവ മനോഹരങ്ങളാണു്. കാരണം കഞ്ഞുങ്ങളുടെ സത്യസന്ധതതന്നെ. സത്യാത്മകതയോടെ വരയ്ക്കുമ്പോൾ പ്രപഞ്ചത്തിന്റെ ലയം താളമേളങ്ങളും വരയിലും കാണും. അവർ വരയ്ക്കുന്ന ചിത്രങ്ങൾക്കു രംഗകർണ്ണില്ല. (ആശയം എന്റേതല്ല. റോളോ മേയുടേതു്) ശ്രീ. ധ്രുവിന്റെ ഈ നിഷ്കളങ്കതയും പ്രായംകൂടിയതിന്റെ ആളിന്റെ കാപട്യവും തമ്മിലേറ്റുമുട്ടുന്നതു് ബുദ്ധദേവ്"ഇന്റെ അച്ഛൻ എന്ന കഥയിൽ കാണാം. മൃത്യു (ലക്കം 3) മാർഗരെനസേഷൻ— വിഭിന്നാംശങ്ങളുടെ ചേർച്ച—കൊണ്ടുണ്ടാകുന്ന ചാതുര

ഉള്ളതല്ലല്ലോ. എങ്കിലും ഭേദപ്പെട്ട കഥ തന്നെ.

"ഇത് എന്റേതാണ്" എന്ന് അധികാരത്തോടെ പറയുന്നതാണല്ലോ അതാണ് എന്ന് വിചിത്രമായ ഒരു ശബ്ദം കേൾക്കുന്നു. അതായത് മനുഷ്യകുലത്തിന്റെ തുടക്കത്തിൽ തന്നെ ഉടമസ്ഥാവകാശത്തിനും അതായിത്തീർന്ന ശബ്ദം പുലർത്തുന്നതിനും ഉള്ള മനുഷ്യന്റെ ശ്രമങ്ങളുടെ പേരിൽ ചവിട്ടിത്തുന്നതിനും കൊല്ലുന്നതിനും ഒക്കെ ഹേതുവായിട്ടുള്ള ഈ അധികാരവാഞ്ഛയെന്ന്." എന്റെ മകനിൽ എനിക്ക് അധികാരമുണ്ട്. അവനെ ഒരു നിലയിലും ഒരു അധികാരത്തെയും ചോദ്യം ചെയ്യുന്നു. ഇവളാര്?" ഈ മനോഭാവങ്ങൾ നിന്നാണ് അമ്മായിഅമ്മപ്പോര് ഉണ്ടാകുന്നത്. "എന്റെ മകനുടെ മേലുള്ള എല്ലാ അധികാരങ്ങളും എനിക്കാണ്". അവൾ വേറൊരുത്തനെ നോക്കാൻ പോലും പാടില്ല. അവനും അവളെയും നോക്കരുത്" പുരുഷന്റെ ഈ മാനസികനിലയെ സ്ത്രീയോ പുരുഷനോ എങ്ങനെ ശരിപ്പെടുത്തിയാലും കൊലപാതകം ഉണ്ടാകുന്നു. ഈ 'ജലസി' (Jealousy-ജലസിക്ക് അസൂയ എന്ന തർജ്ജമ ശരിയല്ല) അതുണ്ടാവസ്ഥയിലെത്തുമ്പോൾ മാനസികരോഗം ഉണ്ടാകുന്നു. എനിക്കറിയാവുന്ന ഒരു ചെറുപ്പക്കാരൻ രാത്രി പന്ത്രണ്ടുമണിക്ക് വീട്ടിൽ വന്നു കതകിൽ മുട്ടിവിളിച്ചപ്പോൾ ഭാര്യ കതകിന്റെ അടിയിൽ നോക്കി "ഇവിടെ ആരും ഇങ്ങനെയല്ല" എന്ന ചോദ്യത്തിനു മറുപടിയായി കതകിനടിയിലൂടെ വാതിലിന്റെ മറുവശത്തുനിന്നും ഒരു കടലാസ് പുറത്തേക്ക് വന്നു. അതിൽ "ഇവിടെ ഉണ്ടെന്ന് കാണിച്ചുകൊണ്ട് ഒപ്പിട്ടു തരണം" എന്നായിരുന്നു എഴുതിയിരുന്നത്. ഇതിനെ "ഉടമസ്ഥാവകാശം" രോഗാത്മകമാകുന്ന അവസ്ഥയാണ്. ഇതിനൊക്കെ "ജെലോസ്കോപ്പിക് ചികിത്സയുണ്ടെന്നു പറയുന്നു. എന്റെ അഭിപ്രായത്തിൽ ചുട്ട അടിയാണ് ശരിയായ ചികിത്സ. മനോമണി ആഴ്ചപ്പതിപ്പിൽ എം. ഡി. ചന്ദ്രമോഹൻ എഴുതിയ "അമ്മായിഅമ്മയും മരുമക്കളും" എന്ന കഥയിൽ അമ്മായിഅമ്മ ഉപ്പുമാങ്ങ" പ്രതിപാദ്യവിഷയം. സാഹിത്യവുമായി ഇതിനെയോ ചന്ദ്രമോഹനനെ ബന്ധപ്പെടുത്തില്ല. ഗായത്രിയിലെ ആ പാത്രത്തിന് പഴഞ്ചൻ ഉണ്ടാക്കിവച്ചു" അതിൽ മൈസൂരിലെ കലക്ടറിയിട്ട് ഏല്പിച്ചുവരാൻ കൂടിക്കാൻ പറഞ്ഞില്ലേ? ചന്ദ്രമോഹനന്റെ കുടുംബം ആ പാത്രത്തിനുള്ളിൽ തുടിച്ചുനോക്കിയിട്ടേ കുടുംബം അതിൽ കയറ്റിയുള്ളൂവെന്നാണ് പാത്രത്തിന് കാണുവാനുള്ളത്. എന്നിങ്ങനെ ഇതു പോലെ കാണാൻ കഴിയും. എന്നിങ്ങനെ ഇതു പരിഷ്കരിച്ചുവരുന്ന എന്നചിലപ്പോൾ ചോദിച്ചുപോകും. അങ്ങനെ ചോദിക്കുന്നവർ മനോരമയിലെ കഥയെന്നപേരിലുള്ള കഥകൾ വായിക്കട്ടെ. അപ്പോഴറിയാം കഥാപുരുഷനുള്ള ഏതു അതിൽനിന്നുമെത്ര എള്ളോളമെന്ന്.

യയാതി

ബന്ധുക്കൾ പ്രസിദ്ധീകരണങ്ങൾ ഞാൻ വായിക്കാറില്ല. അവ പുസ്തകങ്ങളാകുമ്പോൾ മാത്രമേ നോക്കാറുള്ളൂ. വി. എസ്സ്. ഖാണ്ഡേക്കറുടെ 'യയാതി' എന്ന നോവൽ മാതൃഭൂമിയിൽ തർജ്ജമചെയ്തുവന്നതല്ലേ. അതും ഞാൻ വായിച്ചില്ല. എന്നാൽ അതുകൊണ്ടല്ല' ശ്രീ. കെ. സുരേന്ദ്രനെ പബ്ലിക് ലൈബ്രറിയിൽവച്ചു കണ്ടപ്പോൾ അദ്ദേഹം എന്നോടു ചോദിച്ചു 'യയാതി' വായിക്കാറുണ്ടോ എന്ന്. ഇല്ലെന്നു മറുപടി നൽകി. Highly imaginative — സുന്ദരമായ വിധത്തിൽ ഭാവനാപരമാണെന്ന് — ആ നോവലെന്ന് സുരേന്ദ്രൻ അറിയിച്ചു. ഞാൻ വീട്ടിൽവന്ന് പഴയ മാതൃഭൂമി ലക്കങ്ങൾ പൊടിതട്ടിയെടുത്തു. വായനയും തുടങ്ങി. ജ്ഞാനപീഠത്തിന്റെ സമ്മാനത്തിനു സർവഥാ അർഹമാണ് അതെന്ന പരമാർത്ഥം ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ആഫ്രിക്കയിലെന്നപോലെയും സുഖത്തിലെന്നപോലെയും പിറകേ കൂടുന്ന ആധുനിക മനുഷ്യന്റെ യാത്രയിൽ ഞാൻ കാണുന്നു. ആ കാഴ്ച എന്റെ അനുഭവ ചക്രവാളത്തെ വികസിപ്പിക്കുന്നു.

വിമർശനവും പ്രതിരോധവും

ഒരു കള്ളൻ ഒരു കള്ളന്റെ വീട്ടിൽക്കയറി മോഷണം നടത്താൻ ശ്രമിക്കുമ്പോൾ ജനലിൽനിന്ന് ഫ്രയിം തകർന്ന താഴെ വീണു. അവിടെ കാലൊടിഞ്ഞു. കള്ളൻ വീട്ടുടമസ്ഥനെതിരായി കോടതിയിൽ കേസ്സ് കൊടുത്തു. ആശുപത്രിയിൽനിന്നു

We have a wide product mix

- Conductors and cables
- Wire-working machinery
- High-voltage Switchgear

THE ALUMINIUM INDUSTRIES LIMITED
Registered Office : Kundara (Kerala)
Works at : Kundara • Hirakud • Hyderabad • Mannar

ഒരു യുദ്ധത്തിന്റെ സമ്മാനം

ഏകലവ്യൻ

ഒരു നീണ്ട കാലയളവിനു് ശേഷം ഇന്നലെ ഗ്യാൻബഹദൂർ താപ്പയുടെ കത്തു വന്നിരിക്കുന്നു. കത്തിനോടൊപ്പം കുട്ടം ബഹോട്ടോവും. മധുരിക്കുന്ന കാർമ്മുകളുടെ എക്കാലവും സൂക്ഷിച്ചുപ്പെടേണ്ട ഒരു സോവനീർ.

താപ്പാ, എന്നപ്പോലെ, പട്ടാളത്തിൽ നിന്നു് വിരമിച്ചു്, പടിഞ്ഞാറൻ നേപ്പാളിലെ തന്റെ ജന്മനാടായ കുഗ്രാമത്തിൽ ഭാര്യയും മകനോടൊപ്പം സസുഖം കഴിയുന്നു.

താപ്പയ്ക്കു് ഈ സുഹൃത്തിന്റെ സ്നേഹാശംസകൾ.

വർഷങ്ങളോളം ഞങ്ങൾ ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. ഒരു കിലോ വരുന്ന പന്നിയിറച്ചിയുടെയോ രണ്ടു പെഗ്ഗ് റമ്മിന്റെയോ തൊലിപ്പുറമെയുള്ള സൌഹൃദമായിരുന്നില്ല. പട്ടാളത്തിൽ ചങ്ങാതിത്വത്തിനു് വേണ്ടത്ര പരപ്പുണ്ടെങ്കിലും ആഴം കുറഞ്ഞതായിരുന്നില്ല. ഇന്നിവിടെ, നാളെ എവിടെയോ! അവർ നാടോടികൾ അപ്പോൾ റെയിൽവേസ്റ്റേഷനിൽ വെച്ചു് എല്ലാം അവസാനിക്കുന്നു. ഇന്നലെവരെ ഒരുമിച്ചു് തിന്നും കുടിച്ചും വേശ്യാലയങ്ങളിൽ പോയിരുന്നവർ പിരിഞ്ഞു് കഴിഞ്ഞ അടുത്ത നിമിഷത്തിൽ തന്നിൽ തന്നിൽ മറക്കുന്നു. അതു് പട്ടാളജീവിതത്തിന്റെ അവിഭാജ്യമായ ഒരു ശാപമാണു്, പക്ഷേ, ഞങ്ങളുടെ സ്നേഹബന്ധം അതിനൊരു അപവാദമായിരുന്നു.

ഒരു ഗൂർഖാ റൈഫിൾസു് ബറാലിയനിലേക്കു് മാറ്റമായപ്പോൾ ഞാൻ അമ്പരന്നു. സ്വന്തം ഭാഷക്കാരില്ല. ആചാരരീതികളില്ല. പൊരുത്തപ്പെട്ടു് പോകുമോ എന്ന ഭയം. ബാങ്കുളൂരിലെ ട്രേയിനിംങ്ങു് സെന്ററിൽ സുഖിച്ചു് മദിച്ചു് ജീവിക്കുകയായിരുന്നു. സുഖം നൽകുന്ന താവളങ്ങൾ നിറയെയുള്ള നഗരം. നോട്ടുകൾ നീട്ടിയാൽ അംഗനമാർ അകമ്പടി സേവിക്കും. ഇടയ്ക്കിടെ നാട്ടിൽ അവധിയിൽ, നാട്ടിലുള്ള കൂട്ടുകാർ കളിയാക്കി ചോദിക്കും, നിനക്കു് നാട്ടിലൊരു പട്ടാളത്തിലോ ജോലിയെന്നു്. അപ്പോഴാണു് മാറ്റത്തിന്റെ കല്പന വന്നതു്. സർ പ്ലസ് ടു എസ്സ്സാബ്ളിഷ്മെന്റ്-ഞാനധികപ്പറ്റം. ചോറിയപ്പോൾ ഞാൻ പകരിയായി, തണുപ്പു് അരിച്ചിറങ്ങുന്ന ബാരക്കുകളിന്റെ സുഖദമായ കാലാവസ്ഥയിൽ നിന്നു് ചുട്ടുപൊള്ളുന്ന ഫിറോസ്പൂർ കന്റോൺമെന്റിലേക്കുള്ള മാറ്റം വേദനാജനകമായിരുന്നു. പക്ഷേ, അന്നും സ്വയം സമാശ്വസിച്ചു. അതെ, ഇതും ജീവിതത്തിന്റെ വിസ്മയാർഹിതമായ ഒരു തമാശതന്നെ.

—ഗൂർഖാ റൈഫിൾസു് ബറാലിയന്റെ കാർപാർക്കിൽ വണ്ടിയിറങ്ങി, കിറ്റുബാഗും പെട്ടിയും നിലത്തിറക്കിവെച്ചു് അമ്പരന്നു് നില്ക്കുമ്പോൾ ഒരു ശബ്ദം കേട്ടു.

"റാം റാം ഷാബു"

തിരിഞ്ഞുനോക്കി.

കറിയ മനുഷ്യൻ. നേരിയ കണ്ണുകൾ. പരന്ന വെട്ടിയ തലമുടി. ഇട്ടുങ്ങിയ കഴുത്തു്. കുത്തനെ നിക്കറും സാൽറോ ബനിയനും.

"റാം റാം."

"സുബേദാർസാബു് നമ്മളെ സ്വീകരിക്കാൻ പറഞ്ഞയച്ചതാണു്."

ഞാൻ മന്ദഹസിച്ചു. അയാളും. ഇളം നിലാവിനെപ്പോലുള്ള പുഞ്ചിരി.

"എന്താ പേരു്?"

"താപ്പാ, ഷാബു", ഗ്യാൻബഹദൂർ താപ്പാ."

എന്നെ തൊടാൻപോലും അനുവദിക്കാതെ താപ്പ കിറ്റുബാഗും പെട്ടിയും ചുമന്നുകൊണ്ടു് നടന്നു. ഞാൻ സഹായിക്കാമെന്നു് പറഞ്ഞപ്പോൾ താപ്പ എതിർത്തു.

"ഇതെന്താണു് ഷാബു". സുറാമ്പുരം ഇരുനൂറും കിലോ ഭാരമെടുത്തു് നാഴികകളോളം നടന്ന പോക്കു് ഷാബു"."

ബറാലിയനിൽ എന്റെ ആഗമനവാർത്ത പരന്നു.

"ഒരു മദ്രാസി ബാബുജി വന്നിരിക്കുന്നു"

എന്റെ മുറിയിൽ ആൾക്കാർ നിറഞ്ഞു.

"റാം റാം ഷാബു"...റാം റാം" അഭിവാദനങ്ങൾ.

നിഷ്കളങ്കമായ ചിരി ... ചിരിക്കുമ്പോൾ ഒരു വരപോലെ നേരിയതാവുന്ന ചെറിയ കണ്ണുകൾ. താപ്പകൻ, ഗ്രൂർഖികൾ, ഗുരുങ്ങൾ, റാണമാർ...എത്രയെത്ര വിശാലമുഖങ്ങൾ...

ദിവസങ്ങൾകൊണ്ടു് ഞാനവരുടെ സ്നേഹം നേടിയെടുത്തു. കമ്പിനി സുബേദാർ ഒരു കുക്രി എന്റെ കയ്യിൽ തന്നിട്ടു് പറഞ്ഞു.

"ബാബുജി. ഗൂർഖയുടെ അഭിമാനമാണിതു്. സമാധാനകാലത്തു് പൌരുഷത്തിന്റെ ചിഹ്നം. പടക്കളത്തിൽ ശത്രുവിന്റെ പേടിസ്വപ്നം; ആ കിഴവൻ ഗൂർഖന്റെ മുഖത്തു് അഭിമാനത്തിന്റെ പൂക്കൾ വിരിഞ്ഞു.

ഗ്യാൻ ബഹദൂർതാപ്പ ഓഫീസു് ക്ലാർക്കായിരുന്നു. ഉള്ളിൽനിന്നു് ചായയും ചോറും കൊണ്ടുവരിക. തണുപ്പുകാലത്തു് വെള്ളം ചൂടാക്കിത്തരിക—എന്റെ സന്തതസഹചാരിയായിരുന്ന താപ്പാ.

മീശയും താടിയുമില്ലാത്ത താപ്പയോടു് ഒരുദിവസം അറിയാതെ ചോദിച്ചു.

"എത്ര വയസ്സായി സാധാ?"

താപ്പയുടെ ചെറിയ കണ്ണുകൾ ഒരു വര പോലെ ചുരുങ്ങി, വിളഞ്ഞ ഗോതമ്പിന്റെ നിറമുള്ള ആ മുഖത്തു് ചോരെ ഇരച്ചു കയറി.

"നാളുതായി ഷാബു"

ശ്രീധരേട്ടന്റെയും പെണ്ണിന്റെം വല്ലതും അറിയാതിരിക്കുമ്പോലും അറിയില്ലെന്നു പറയുന്നതു് എന്തു പരമാർത്ഥം!

"കുട്ടികളോ?"

താപ്പുവിന്റെ മുഖം പൊടുന്നനെ മങ്ങി. മുഖംകനിച്ചിരുന്ന താപ്പ പിന്നെ നിശ്ചേധാർഢ്യത്തിൽ തലയാട്ടി,

"ഭഗവാൻ എന്നെ അനുഗ്രഹിച്ചില്ല ഷാബു"

നിരീക്ഷകളുടെ മുകരം,

"താങ്കൾക്കു് എത്ര കുട്ടികളുണ്ടു് ഷാബു"?"

ഞാൻ ചിരിച്ചു.

"എന്റെ കല്യാണം കഴിഞ്ഞിട്ടില്ല അമ്മേ,"

"സത്യമായും?" താപ്പുവിന്റെ മനോരഥിയിലെ വരകൾ തെളിഞ്ഞു. ഞാൻ കള്ളം പറഞ്ഞതാണെന്നകട്ടിൽ താപ്പ ഒരു കള്ളച്ചിരിയോടെ പോരിച്ചു.

"അപ്പോൾ അന്നനിക്ക കാണിച്ചുതന്ന പെൺകുട്ടിയുടെ പടം?"

"ഓ, അതോ? അതെന്റെ കാമുകിയുടെ പടമോണു",

താപ്പാ അതു ശരിയായിരിക്കുമെന്നമട്ടിൽ തലയാട്ടി.

"ഒരുദിവസം താപ്പാ പറഞ്ഞു:

"ഞാൻ അവുധിയിൽ പോയിവരട്ടെ ഷാബു".

അങ്ങളുടെ വരൻപോകുന്ന 'മാതിരി'" ഞാനൊരോന്നാന്തരം സാരി കൊണ്ടുവരാം." പക്ഷേ, ആ കൊല്ലം താപ്പ അവുധിക്കു പോന്നില്ല.

പക്ഷേ ഒരുദിവസം ഉച്ചയിരിഞ്ഞു". താപ്പ എന്റെ മുറിയിലേക്കു് കടന്നുവന്നു,

"ഷാബു", ആരോടും പറയരുതു്. നമ്മുടെ 'പൾട്ടൺ' അടുത്തതന്നെ പടക്കളത്തിലേക്കുപോകും..... ഒരുവർഷത്തേക്കായും ആരോടും പറയരുതു്" ഷാബു"...രഹസ്യമാണു"."

ഞാൻ മന്ദഹസിച്ചു

"യുദ്ധമോ. നന്നായി താപ്പാ. എളുപ്പത്തിൽ ചാവാലോ"

താപ്പ എന്റെനേരെ അത്ഭുതത്തോടെ നോക്കി.

"താങ്കൾക്കു" ഭയമില്ലേ, ചാവാൻ, കട്ടും പേടിയില്ലേ?"

"നിനക്കെന്തു്" ഞാൻ തിരിച്ചു ചോദിച്ചു,

"എനിക്കില്ല...എനിക്കെന്തെങ്കിലും കൂടിക്കിട്ടില്ല, ഞാൻ ചത്തുപോയാൽ. എന്റെ ഭാര്യ വേറൊരുത്തനെ വിവാഹം ചെയ്യും. അവൾക്കു് മറ്റൊരു വിവാഹം വേണ്ടെന്നു്",

"പറഞ്ഞാലും ഗ്രാമത്തിലെ ചെറുപ്പക്കാർ അവളെ വിവാഹം ചെയ്യില്ല, ഷാബു", ചിലപ്പോൾ എനിക്കിഷ്ടമുള്ളതാ"

താപ്പയുടെ സ്വരത്തിൽ വേദനയുടെ ചുവയുണ്ടായിരുന്നു. അകന്ന നിസ്സഹായതയും നിരാശതയും കലർന്ന വാക്കുകൾ,

"ഞാനും ചത്താലുള്ള താപ്പാ... ഈ ജീവിതം ഞാനും മടുത്തു"

"താങ്കളെന്താണു് പറയുന്നതു് ഷാബു ഈ ജീവിതം വളരെ സുന്ദരമാണു"..."

ഞാൻ അലയിണയുടെ അടിയിൽനിന്നും ഒരു കടലാസ്സെടുത്തു" കാണിച്ചുകൊടുത്തു

"ഇതാരുടെ കത്താണു"?"

"അവൾടെ... അന്നു് നീ പോയപ്പോൾ വീൽ കണ്ടില്ല, ഞാൻ കല്യാണം കഴിക്കാൻ പോകുകയാണെന്നു് പറഞ്ഞില്ല. അവൾടെ കത്തു"

"എന്തു" പറഞ്ഞു ഷാബു"

"താപ്പാ... അവളുടെ കല്യാണമാണു" മാറുന്നാൾ, അവളെ മറക്കാൻ എഴുതിയിരിക്കുന്നു"

താപ്പയുടെ മുഖം രക്തമന്ന

"ഷാബു"... ശ്രീമാ, ചതിച്ചവരെ വെറുതെ വിടില്ല ഈ കുട്ടികളെപ്പോ, ഒരുനിമിഷമാത്രം, ആ പോയപ്പോ കത്തിച്ചു" കളയ"... ആ സ്ത്രീയല്ലെങ്കിൽ വേറൊരുത്തി. താങ്കളെന്തിനാ അങ്ങനൊരുത്തിയെ ദുഃഖിക്കുന്നു"... നോക്കു ഷാബു"... ഞാനെത്ര മുഖമുണ്ടാക്കുന്നു". ആരെ വിശ്വസിച്ചാൽ നമ്മൾ നാശമാണു". എന്നിട്ടും ഈ താപ്പാ ചിരിച്ചു" നടക്കുന്നു. അല്ലാതെന്താണു് സംഭവിക്കുക"..."

എങ്ങിനെ മറക്കാനാ... കരുകാലിയുടെ എന്റെ രോമാവൃതമല്ലാത്ത ഒറ്റമുഖത്തെനയും ഞാൻ വെറുക്കയില്ലെന്നു് പറഞ്ഞ ലീല, അവൾ മറ്റൊരുത്തന്റെയാകാൻ പോകുന്നു. അവളുടെ മുമ്പിൽ അവൾ നഗ്നയാകും... അതിൽ ഇണചേരും... അവന്റെ ബീജം സ്വന്തം ഗർഭപാത്രത്തിൽ ഒരു നിധിപോലെ

ശ്രീകുമാരൻതമ്പി

നമ്മുടെ പ്രണയത്തിനു°
അനുമയത്തിന്റെ നിറമുണ്ടായി.
ദുഃഖത്തിന്റെ നീലനിറം.
പകയുടെ രക്തവർണ്ണമായിരുന്നു!
ഇന്നു"—
മഞ്ഞുപെയ്തുകൊണ്ടിരിക്കുന്നു
നമ്മുടെ കിളിവാതിലുകളെ
അടഞ്ഞുകിടക്കുന്നു.
അനുമയത്തിന്റെ നിറമുള്ള പ്രഭാതങ്ങളും
നമ്മുടെ കിളിവാതിലുകളുടെ ഖണ്ഡിതയിൽ വിരലുകളോടിച്ചു രസിക്കുന്നു.

—o—

ഇന്നും°
മഞ്ഞുപെയ്തുകൊണ്ടിരുന്നു
വീണ്ടും വീണ്ടും വീണ്ടും
മഞ്ഞുപെയ്തുകൊണ്ടിരുന്നു
നിന്റെ കിളിവാതിലിനരികിൽ നീയും
എന്റെ കിളിവാതിലിനരികിൽ ഞാനും
മഞ്ഞുപെയ്യുന്നതുകണ്ടു നിന്നു!
ധനുമാസത്തിന്റെ രോമാഞ്ചങ്ങളും
ധരയുറിയാതെപ്രവഹിച്ചുകൊണ്ടിരുന്നു.
മഞ്ഞുപെയ്തുകൊണ്ടിരുന്നു
വീണ്ടും വീണ്ടും വീണ്ടും
മഞ്ഞുതുള്ളികളാകുന്ന
കിരീടങ്ങളണിഞ്ഞു°
ഇളംവെയിലിൽ ചിരിക്കുന്നേ
പുൽക്കൊടികൾക്കുമേൽ
നമ്മുടെകണ്ണുകളും പെയ്തുകൊണ്ടിരുന്നു.
കൗമാരത്തിന്റെ കാമസങ്കല്പംപോലെ
കനിവാനും കിനിയുന്ന
മഞ്ഞിൻകണികകൾക്കുമേൽ
നമ്മുടെ കണ്ണുകളും പെയ്തുകൊണ്ടിരുന്നു!
നാലു കണ്ണുകളിൽനിന്നും°
നാല്പതു°
നാനൂറു°
നാലായിരം
നാല്പതിനായിരം
നാല്പതുലക്ഷം
നാല്പതുകോടി
കോടി കോടി കോടി
കണ്ണുകളും പെയ്തുകൊണ്ടിരുന്നു.
പൂലരികളും പതിവായി
നമ്മുടെ കണ്ണുകളും പെരുക്കിയെടുത്തു°
സന്ധ്യകൾക്കു നൽകി.
അങ്ങനെ

സൂക്ഷിക്കേ,
ചപലി! ചഞ്ചലി!!
മീനച്ചിലിന്റെ വേഗതയിലായിരുന്ന പമ്പുനിക്കങ്ങൾ. രാത്രിക്കു് താമസം കേട്ടും മാണ്ഡങ്ങളും മുറുകി 'കോങ്ങച്ചിൽ നിന്നു് തോക്കും പെടിയുണ്ടകളും കിട്ടി. ലക്ഷ്യമുറപ്പിച്ചിരുന്നു" അടുത്തദിവസത്തേക്കുള്ള ആഹാരം വിതരണം ചെയ്തു. വലയിട്ട ഉടനെതന്നെ കുളിച്ചു തലയിൽവെച്ചു", സ്പിരിറ്റിങ്ങിൽ ഘടിപ്പിച്ച തോക്കുകൾ തോളിൽ തൂക്കിയിട്ടു", പുറത്തു് വലിയ ഫാറ്റുകൾ കെട്ടിയുറപ്പിച്ചു. ഗൂർഖപ്പട്ടാളക്കാർ ടെന്റുതാങ്ങുന്നതിൽ അണിയണിയായി നിന്നതുനിന്നു. എവിടെ പോകുകയാണെന്നു് അവർക്കറിഞ്ഞുകൂടാ.. ലക്ഷ്യസ്ഥാനം അറിഞ്ഞുകൂടാ. അവരതു് തിരക്കിയില്ല. അവർക്കറിയാം, മൂന്നാഴ്ചക്കുള്ളിൽ കുടുംബിയിട്ടില്ലാത്ത ബ്രഹ്മചാരിയായ ഒരുദ്യോഗസ്ഥൻ മനുഷ്യരോടു് പടപൊരുതാൻ പോകുകയാണെന്നു".

കിഴക്കു് വെള്ളകീറുന്നതിനു് മുമ്പു, ന

ഗരേ ഉറക്കമുണരുന്നതിനു മുമ്പേ, പട്ടാള ക്കോളങ്ങൾ ഫിറോസ്പൂരേ നഗരമതിർത്തി കടന്നു കഴിഞ്ഞിരുന്നു.

ഒരു പകലും ആ രാത്രിയും ഞങ്ങളുടെ ബറാലിയൻ ശത്രുസൈന്യങ്ങളിൽ ഒരു ഞ്ചുകൾ കയറിച്ചും മുടിയും പിന്നെയും കയറിച്ചു് കല്പന കാത്തുകിടന്നേ.

ട്രെഞ്ച് കുഴിക്കുമ്പോൾ ഞാൻ വല്ലാതെ കിതച്ചിരുന്നു. ശരീരം വിയർപ്പിൽ മുങ്ങി. യൂണിഫോറം ശരീരത്തിനോടു് ഒട്ടിപ്പിടിച്ചു.

താപ്പ എന്റെ പക്കൽനിന്നു് കൈക്കോട്ടു് വാങ്ങി

"തണ്ടീൽക്ക് കിളച്ചു് പരിചയമില്ല"

"ശരിയാണു" താപ്പ. സ്വന്തമായി ഒരു മണ്ണുണ്ടാകിലല്ലേ കിളച്ചു് പരിചയം കാണൂ"

ഇല്ല. സ്വന്തമായി ഒരു പിടി മണ്ണില്ല. സ്വന്തമായി ഒരു പാർപ്പിടമില്ല. വീട്ടിലെ ഇറങ്ങാൻ പറഞ്ഞാൽ ഒരുവാണു് ആധാരം. ഇപ്പോൾ യുദ്ധത്തിൽ എനിക്കു് വല്ലതും പറ്റിപ്പോയാൽ എന്റെ അമ്മയുടെയും പുനിറഞ്ഞു നില്ക്കുന്ന പെങ്ങന്മാരുടെയും ഗതി ഓർത്തുകൂടാ.

ആദ്യരാത്രിയാണു് ഞങ്ങൾ വിമാനാക്രമണത്തിന്റെ സ്വാദറിഞ്ഞതു്.

ചെകിടടച്ച ഭീകരമായ ശബ്ദം. ചക്രവാളം വിറച്ചു. ഭൂമികുലുങ്ങി. ചെറിയ ചെറിയ വിസിലടികൾ. ഞങ്ങൾ ട്രെഞ്ചുകളിലേക്കു് ചാടിയിറങ്ങി, കൽപ്പാറഞ്ഞു്, അന്നാകാശത്തിലൂടെ, തോണ്ടയ്ക്കുള്ളിലൂടെ പുറത്തുള്ള വലികയാരണാ?

പൊട്ടിത്തെറികൾ, മണ്ണിൻകട്ടകൾ ട്രെഞ്ചിലേക്കു് വീഴുന്നു. ഭൂമി പിളരുകയാണോ? ശത്രുവിമാനങ്ങൾ തലയ്ക്കു് മുകളിൽ...

"ഇളകല്ലേ ദാബു്." താപ്പ എന്റെ കാതിൽ അടക്കം പറഞ്ഞു...

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ശത്രുവിമാനങ്ങൾ ഉയരത്തിപ്പോയി പറന്നു.

അന്നു രാത്രി ഞങ്ങൾ കരിമ്പിൻ തോപ്പുകളിൽ കിടന്നു്...ഹായർസ്ട്രാക്കിന്റെ മീതെ ഉലവച്ചുകൊണ്ടു് സ്വന്തം തലവിധിയെ പഴിച്ചുകൊണ്ടു്, ഞങ്ങൾ യാമങ്ങൾ തള്ളിനീക്കി. അകലെ തോക്കുകളുടെ ഗർജ്ജനങ്ങൾ. ചക്രവാളത്തിൽ തീയുണ്ടകൾ പൊട്ടിത്തെറിക്കുന്നു. വെരി ലൈറ്റ്. പിസ്റ്റളുകളുടെ പ്രകാശം അന്തരീക്ഷത്തെ പ്രശോഭിതമാക്കുന്നു. അങ്ങിങ്ങുനിന്നു് പടക്കുതിരകൾ, പൊരിഞ്ഞ യുദ്ധം നടക്കുന്നു. എത്രയെത്രപട്ടാളക്കാർ അവിടെ മരിച്ചുവീണു് കാണുകയില്ല! ഉറക്കം വരാത്ത കാളരാത്രി. അമ്മയെപ്പറ്റിചിന്തിച്ചില്ല. പുനിറഞ്ഞു നില്ക്കുന്ന പെങ്ങന്മാരെ ഓർത്തില്ല. തന്നെ വഞ്ചിച്ച ലീലയെന്ന ഘാതകിയേയും ഓർത്തില്ല. ഓർത്തതു് അവനവനെ തന്നെയായിരുന്നു.

മരണം, അരികെ, തൊട്ടരികെ വന്നു നില്ക്കുന്നു. കൈമാടി വിളിക്കുന്നു. തോളിൽ തൊട്ടുവിളിക്കുന്നു. എങ്കിൻ ശബ്ദം ഇവിടെ, ഗോതമ്പു് വയലിൽ. അവിടെ കിടന്നു് ചീറ്റുന്നു. പൊട്ടി വെള്ളമൊലിക്കുന്നു. പുഴുവരിക്കുന്നു. കഴുകന്മാർ വട്ടമിട്ടിരുന്ന മാംസം വലിച്ചുതിന്നും പിരിന്ന അസ്ഥിയും ദ്രവിച്ചു് വയലിൽ വളമായിരിക്കുന്നു. ആ വളം വലിച്ചെടുത്തു് ഗോതമ്പു് ചെടികൾ പതിനടങ്ങു് വിളവു് നല്കുന്നു.

ഓർത്തപ്പോൾ പൊട്ടിത്തെറിച്ചു. പട്ടാളക്കാരും അവനവനും നമ്പറിനകളാണു്, നമ്പറിന്റെ പുറം പോട്ടിത്തെറിക്കുന്നു. തലച്ചോറിൽ ഗർജ്ജനങ്ങൾ...

പാതിരാത്രി കഴിഞ്ഞു കാണുകയില്ല. കമ്പനിയ്ക്കുള്ള കമ്പനി സന്ദേശമെത്തി.— ഗ്രാമത്തിനെ ഉടൻ 'ക്ലിയർ' ചെയ്യണം,

ട്രെഞ്ചിൽ മയങ്ങിക്കിടന്ന പട്ടാളക്കാരെ ഉണർത്തി. പിറുപിറുപ്പുകളുടെ കല്ലുകൾ പരന്നു. ശത്രു ഗ്രാമത്തിനെ 'ക്ലിയർ' ചെയ്യാനുള്ള കല്പന. ക്ലിയർ ചെയ്യുക...അല്പവും വ്യക്തമാണു്. ഗ്രാമത്തിലുള്ള മനുഷ്യജീവിയും ബാക്കിയുണ്ടാവരുതു്. ഗൂർഖായുടെ കയ്യിൽ തോക്കുണ്ടു്. ഗൂർഖായുടെ കയ്യിൽ കുക്രിയുണ്ടു്. അരിയണം.....ഗ്രാമത്തിൽ ശത്രുക്കൾ പതിയിരിക്കുന്നു. കടന്നുപോകുന്ന ഇന്ത്യൻ ടാങ്കുകൾക്കു് സംശയം ജനിക്കാതിരിക്കാൻ അവർ സ്വന്തം ഗ്രാമീണരെ ബലിയാടുകളാക്കി. ശത്രുവിന്റെ ഗ്രാമത്തിലൂടെ ടാങ്കുകൾ കടന്നുപോയി. വഴിവക്കിൽ കുട്ടികൾ ടാങ്കുകളെ സാകൂതം നോക്കിനിന്നു. അവർ ഇന്ത്യൻ ടാങ്കുകളെ നോക്കി കൈവീശി. മാന്തോപ്പിൽ ഒളിഞ്ഞുനില്ക്കുന്ന ഉണ്ണികൊണ്ടു് പൊന്തിയുയർത്തിയ കുടിലുകളും അവയിൽ പൊറുത്ത പോരുന്ന ഗ്രാമീണരെയും ഇന്ത്യൻ ടാങ്കുകൾ ഉപദ്രവിക്കാതെ മുന്നോട്ടുപോയി. യുദ്ധം പട്ടാളക്കാരുമായി. നിഷ്കളങ്കരായ ഗ്രാമീണർ എന്തു് പിഴച്ചു? പക്ഷെ, അവസാനത്തെ ടാങ്കു് കടന്നുപോയപ്പോൾ, അതിന്റെ കൂറ്റനുള്ള കാലാൾ ടാങ്കുകളും കടന്നു് പോയപ്പോൾ, ശത്രുവിന്റെ ഗ്രാമത്തിൽനിന്നു് തീയുണ്ടകൾ വർഷിക്കാൻ തുടങ്ങി. ഇന്ത്യൻ കാലാൾടാങ്കുകൾ വെടിതുകാണ്ടു് തിരിച്ചുവിട്ടു. ടാങ്കുകൾ ആളിക്കത്തി... ട്രെഞ്ചറുകൾ പൊട്ടിത്തെറിച്ചു് ചിന്നിച്ചിതറിയായി. ഞാനാകെ ചതിയായിരുന്നു. ശത്രുവിന്റെ വൻചതിയായിരുന്നു. അതുകൊണ്ടു് ക്ലിയർ ചെയ്യുക...സമൂലം. ഇട്ടു നിക്കുക. വെച്ചേക്കരുതു്, ഒന്നിനെപ്പോലും ബാക്കിവെച്ചേക്കരുതു്.

നിലാവു് നിറഞ്ഞ ആ രാത്രിയിൽ ഗൂർഖകൾ നീട്ടിപിടിച്ചു് തോക്കുകളായി ശത്രുഗ്രാമത്തിനെ ലക്ഷ്യമാക്കി നിന്നു. ഭീമാകാരമായ ഇരുണ്ട രൂപങ്ങൾ സൃഷ്ടിച്ചു് മാറൻ മാവുകൾ...ആ മാന്തോപ്പിനുള്ളിൽ ശത്രുക്കൾ...അവരുടെ കുടുംബങ്ങൾ ചോരയുണ്ടു് കൊതിച്ചു.

ഗൂർഖകൾ ഗ്രാമത്തിനടുത്തെത്തി. നിശ്ശബ്ദതയിൽ അവർ ഗ്രാമത്തിനെ വളഞ്ഞു. ഗോതമ്പു് വയലുകളിൽ അവർ കുത്തിയിരുന്നു. ഗ്രാമത്തിൽ കുളിഞ്ഞുകിടന്ന. അപ്പോൾ തങ്ങളുടെ പിറകിൽനിന്നു് വെരിലൈറ്റ് പിസ്റ്റളിന്റെ ചുവന്ന കേട്ടു. അന്തരീക്ഷത്തിൽ ആയിരം വെള്ളിനക്ഷത്രങ്ങൾ പൊട്ടിവിരിഞ്ഞു.

— പിന്നൊന്നു് അട്ടഹാസമായിരുന്നു, നീട്ടിപിടിച്ച തോക്കുകളുമായി ഗൂർഖകൾ നാലുവശത്തു് നിന്നും ഗ്രാമത്തിനെ ചാർജ്ജുചെയ്തു. കുട്ടക്കുടിലുകൾ, ആൾത്താങ്ങൾ, കുടിലുകൾ ആളിക്കത്തി. രക്ഷപ്പെടാൻ നോക്കിയ ശത്രുക്കളുടെ മാറിലും വയറിലും കുക്രി ആഞ്ഞിറങ്ങി. ചോരച്ചാറി.

ഒരു ഭ്രാന്തനെപ്പോലെയായിരുന്നു താപ്പു. അയാളുടെ കുക്രി ചോരകുടിച്ചുകയിത്തിരുന്നു. അയാളുടെ മുമ്പിൽ മുറിവേറ്റവർ പിടഞ്ഞു...ഗ്രനേഡുകൾ പൊട്ടിത്തെറിച്ചു. കുടിലുകളിൽനിന്നു് മരണവെപ്രാളത്തോടെ പുറത്തേക്കു് ഓടുന്നവരെ താപ്പയും കൂട്ടുകാരും ഒന്നൊന്നായി കാച്ചി, വെട്ടിവീഴ്ത്തി, ചതിയന്മാർ, വൻ

ചതിയന്മാർ, ചാവു്!

"അതിനെ വെടിവെക്കരുതു് ഇറങ്ങു്."

താപ്പ ഒപ്പമുണ്ടായിരുന്ന ഗ്രാങ്ങിന്റെ തോക്കു കടന്നുപിടിച്ചു. മുമ്പിൽ രണ്ടുമൂന്നു വയസ്സായ ഒരാൺകുട്ടി പേടിച്ചരണ്ടു് ഇരിക്കുന്നു.

താപ്പ ആ കുഞ്ഞിന്റെനേരെ നോക്കി, ഒരു യുദ്ധത്തിന്റെ ദുഃഖത്തെ മുഖത്തു് നിഴലിച്ചിരിക്കുന്നു. ആ കുഞ്ഞിക്കണ്ണുകളിൽ നിഴലിച്ചിരിക്കുന്നു. മക്കളില്ലാതെ ദുഃഖിച്ചിരിക്കുന്ന താപ്പയുടെ രൂപം മനസ്സിൽ നിഴലിച്ചു.

"ഈ സർപ്പത്തിന്റെ കുഞ്ഞിനെ നീയെന്തു് ചെയ്യും താപ്പാ,"

"ഞാനതിനെ വളർത്തും. എനിക്കു് കുട്ടികളില്ലാ ഇങ്ങു""

താപ്പ ആ കുഞ്ഞിന്റെ അടുത്തേക്കു് പതുക്കെ നടന്നുചെന്നു. ചോരപുരണ്ട കൈകൾ. പുഞ്ചിരി പുരണ്ട ചുണ്ടുകൾ. കുട്ടി പകച്ചു. പകച്ചുനോക്കി. ശത്രുവിന്റെയാകട്ടെ, മിത്രത്തിന്റെ



മേനോൻ ഗോപാലകൃഷ്ണൻ

എന്റെ പോലീസിലിരിക്കുന്ന ചേട്ടന്റെ
എന്നെ സനാഥനാക്കുന്ന നിന്നെ
കൊന്നെ സനാഥനാക്കുന്നതെ ?
എനിയാരെങ്കിലും കാര്യമെന്ത്. നെ
നാലെ ഉണ്ണിയിരിക്കാൻ കാര്യമെന്ത്-
പൊന്നെയല്ല, ഞാൻ പോലീസിലിരിക്കുന്നതെ
പരിവേ.കൊള്ളുന്നതുകൊണ്ടുതന്നെ
എന്നിൽ കണ്ണാടിയെന്ന് പിടിക്കുന്നു,
എന്നെ വേറൊന്നാവശ്യപ്പെടുന്നതാണ്?
ഇനിയാരെങ്കിലും കാര്യമെന്ത്.- നെ
നാലെ പുകവലിക്കാനുപയോഗ-?
പൊന്നെയല്ല, ഞാൻപോലീസിലിരിക്കുന്നതെ
പരിവേ.കൊള്ളുന്നതുകൊണ്ടുതന്നെ?
എന്നിൽ പിശുക്കിന്റെ തിരുശേഷിപ്പ്
എന്നാണെന്നാരുപറഞ്ഞുതന്നാൽ

എനിയാരെങ്കിലുമെന്തുകാര്യമെന്ന്.. ഒരു
നാളെയെ സ്നേഹിക്കൻ കഴിയുമോയെന്ന്?
പൊന്നെയല്ല, ഞാൻ പോലീസിലിരിക്കുന്നതെ
പരിവേ.കൊള്ളുന്നതുകൊണ്ടുതന്നെ?
എന്നിൽ പിശുക്കിന്റെ കാര്യമെന്ത്-
എന്നാണെന്നെയെ പഠിപ്പിക്കുന്നതെന്ന്
എനിയാരെങ്കിലുമെന്തുകാര്യമെന്ന്.-
നിന്നെ
പിരിവെടാൻവെച്ചുകൊടുപോലെ-
പൊന്നെയല്ല, ഞാൻപോലീസിലിരിക്കുന്നതെ
പരിവേ.കൊള്ളുന്നതുകൊണ്ടുതന്നെ?
എന്നിൽ കോടതിയോടുള്ള ഭയമെന്ന്
എന്നെ കെട്ടിയുയർത്തുന്നതെ-നിന്നെ
കൊണ്ടെകെട്ടിയുയർത്തുന്നതെ
എന്നിൽ പിടിച്ചടക്കുന്നതെ സമൂഹമെ.
സമൂഹപിടിച്ചടക്കുന്നതെ കാര്യമെന്ത്!
എനിയാരെങ്കിലുമെന്തു കാര്യമെന്ന്.- കൊല
കൊടുക്കാനിനെ.പൊന്നുകൊടുപോലെ-
പൊന്നെയല്ല, ഞാൻ പോലീസിലിരിക്കുന്നതെ
പരിവേ.കൊള്ളുന്നതുകൊണ്ടുതന്നെ?
എന്നിൽപോലീസിലെ അഹന്തയിൽ നി
എന്നെയെന്നോടടിമയാക്കുന്നതെ
എനിയാരെങ്കിലുമെന്തുകാര്യമെന്ന്.-
നിന്നെ
ഇ ലോ.ത്തിലെടുക്കുപോലെ?
പൊന്നെയല്ല, ഞാൻപോലീസിലിരിക്കുന്നതെ
പരിവേ.കൊള്ളുന്നതുകൊണ്ടുതന്നെ?
എന്നിൽപോലീസിലെ കാര്യമെന്ത് പിന്നെ
എല്ലാവരിനി നിലയിൽപോലെ
എനി ഉദ്യോഗിൽ ഞാനെന്തുചെയ്യണം
എനി നിസ്വാർത്ഥ ഞാനെന്തുചെയ്യണം!

—o—

ആകെ കുഴക്കി കളഞ്ഞു. അവളെ
വിശ്വസിച്ചു കൂടെവന്നതിനെ ഓർത്തു...!

കുറച്ചുദിവസത്തേക്ക്, അവ
ളുടെ വീട്ടിൽ പോയിരിക്കാമെന്ന്, ഞാൻ
എത്രയോ തവണ പറഞ്ഞു... എന്നിട്ടും
എന്തിനാണിങ്ങനെ വാശി...?" ഞാൻ
സ്വയം തലയിൽ കൈവച്ചു.

കുറച്ചു ദൂരെയായി ഒരാൾ
പുറകിലുള്ള കൊട്ടകയെക്കുറിച്ച്, ഞ
ങ്ങൾക്ക് കൂടിയ കൂലി, ഒരു ദൂരക്കാരി,
പിറകിലിരിപ്പു...

ഇവളുടെ ഇവനെ" ഞാനൊരു കുറി
കൂടി

"നിങ്ങൾ പോകൂ", ഇവ പോയ
ശേഷം നീ കുറിക്കുള്ളൂ" ഞാനവരോട്
"ഞാൻ തനിയെ ഇവരെ"... എന്നിട്ട്
കുറച്ചുദൂരം...നടന്നാൽ എത്തിയ
താണ്ടു. ഒരുവിധം പറ്റുമെ ..."

ഞാൻ വെറുതെ ഇവരുടെ കൂടെ
കൂടിയത് ഓർത്തിരുന്നു. ഒരിക്കലും
ഇങ്ങനെ...പറയേണ്ടിവരുമെന്ന് കരു
തിയതല്ല. ഒരുപക്ഷേ ഞാൻ—മാത്രമായ കൊണ്ട്—വന്നതാവാം
ഇവരിങ്ങനെ.

ഈ യാത്രയിൽ ഞാനൊരു.

—o—

ഞായറാഴ്ച രാവിലെയായിരുന്നു മിസ്സിസ്. കെ യും മിസ്റ്റർ. കെ യും വിജനമായ ഏതെല്ലാമോ വഴികളിലൂടെ അലഞ്ഞുകൊണ്ടിരുന്നു. ഇലച്ചില്ലകളിൽ പ്രഭാതം തിളങ്ങി. ഇപ്പോൾ, വഴിയുടെ ഒരുവശം നിണ്ടുകിടക്കുന്ന കുറേൻ പള്ളിമതിലാണു്, ചെങ്കല്ലിന്റെ പോളകളിൽ നിന്നും മുളച്ചുമുങ്ങിയ പുല്ലുകൾ കാറ്റിലുരഞ്ഞു് ശബ്ദമുണ്ടാക്കി. ആകാശം വരണ്ടും ശൂന്യമായും കാണപ്പെട്ടു.

മിസ്സിസ്. കെ. അസ്വസ്ഥയായിരുന്നു. അവർ തീരെ തളർന്നിരുന്നു. ഒരുപാടു് നടന്നതിനാൽ അവർ കിതയ്ക്കുന്നുണ്ടായിരുന്നു. മിസ്റ്റർ. കെ. യുടെ മുഖം ഉത്സാഹമായിരുന്നു. അയാളുടെ പകച്ച കണ്ണുകളിൽ, പക്ഷേ, ഒരു നിരാശമാനം കത്തിനിന്നു. മിസ്സിസ്. കെ. അയാൾക്ക് പിന്നാലെ ഇഴഞ്ഞുകയാണെന്നു തോന്നി. വെയിൽ അവരുടെ ചുണ്ടുകളെ ഉണക്കി, ഒരു പട്ടുറേൻ പള്ളിമതിലിനരികിലൂടെ നിണ്ടുപോകുന്ന അനന്തമായ ഈ പാത അവരുടെ മനസ്സാധാനം നശിപ്പിച്ചു. അപരിചിതവും, അസ്വസ്ഥങ്ങളാക്കുന്നതും, അവരോർത്തു.

അവൾ നിശ്വസിച്ചു. നിങ്ങൾ എന്ന വാക്കിലെ ധ്വനി ഒരു ഇക്കിളിയായി മനസ്സിനെപ്പൊതിയുമ്പോൾ ചെറുതായി. അയ്യേ രാമചന്ദ്രനെപ്പോലെ തന്നിച്ചു"! തന്നിച്ചുള്ള യാത്ര! അവൾ നിഷേധിച്ചു. ആരു പറഞ്ഞു തന്നിച്ചുള്ളതാണെന്നു"? ഞാനും...രാമചന്ദ്രനും...ഞങ്ങൾ ഒന്നിച്ചു"..., എത്രയോ ഓർമ്മകളുടെ മധുരവും നനവുമെഴുതിയ നിമിഷങ്ങൾ! അടുത്ത നിമിഷത്തിൽ അവൾ അമ്പരന്നു എന്താണു" രാമചന്ദ്രനെ തന്നിലേക്കു് ആകർഷിക്കുന്ന കേന്ദ്രബിന്ദു? ആലോചനാഭാവംപൂണ്ട മുഖം മിഴികൾ. അഗാധമായ പുഞ്ചിരി, ആഴങ്ങളിൽ ഇറങ്ങിയെത്തുന്ന വാക്കുകൾ? —അറിവിന്റെ അനന്തമായ കയങ്ങളിൽ കാലുറപ്പിച്ചുനിന്നുള്ള രാമചന്ദ്രൻ... നിന്റെ മെല്ലിച്ച ദേഹത്തു" ധവളിമയുടെ വേഷം, ആർജ്ജവമാകുന്ന പ്രതീകമായ എന്റെ രാമചന്ദ്രൻ! എന്തു് ഇതൊക്കെയാണോ രാമചന്ദ്രനെ എന്നിലേക്കു് ആകർഷിക്കുന്ന കേന്ദ്രബിന്ദുക്കൾ? എങ്കിൽ ഇതിൽ ആരാധനാഭാവമല്ലേ പ്രതിഫലിക്കുന്നതു്? രാമചന്ദ്രനോടു് തനിക്കുള്ള വികാരം. അഥവാ രാമചന്ദ്രനു് തന്റെനേരെയുള്ള വികാരം...അതേ ഞങ്ങൾക്കുപോലും ഇന്നേവരെ മനസ്സിലാക്കാൻ കഴിയാത്ത അനിർവചനീയമായ മനസ്സിന്റെ ഏതോ വികാരം! പക്ഷേ, ഹ്രസ്വമായ ഈ ആറുമാസങ്ങൾക്കുള്ളിൽ യുഗങ്ങളുടെ അടുപ്പംതന്നെ ഉണ്ടെന്നു" തോന്നിപ്പോകുന്ന മാനസിക അവസ്ഥയിൽ എത്തിക്കഴിഞ്ഞിരിക്കുന്ന ഞങ്ങൾ.

"എന്താണു" അമ്മ അവിടെന്നു നില്ക്കുന്നതു"?" രാമചന്ദ്രന്റെ സ്പുടതയിൽ വശ്യമായ സ്വരം.

തിരിഞ്ഞുനോക്കുമ്പോൾ കണ്ടു—ചാവടിമുറിയുടെ വാതിൽപടിയിൽ—നിൽക്കുന്ന രാമചന്ദ്രൻ!

അവൾ മുകൾപടികൾ ഇറങ്ങി ചാവടിക്കിണ്ണത്തിൽ അയാൾക്കു് അഭിമുഖമായി നിന്നു. എന്താശ്ചര്യം, പരിചിതന്റെ മുതിർന്ന ഭാവമല്ലായിരുന്നു അയാൾക്കു്. ഭയന്നു് വിറച്ചു് ഒരു പൊടിപയ്യനെപ്പോലെ അയാൾ അവളുടെ മുഖത്തേക്കു് നോക്കി.

"ഇത്രയുമൊന്നും ആകെ കാരുതി? ഒരു കാര്യത്തിൽ നാം തമ്മിൽ ചേർച്ചയില്ലാതവരായിരുന്നു. നിങ്ങളുടെ വേഷത്തിന്റെ കാര്യത്തിൽ. ഇന്നു് അതും തീർന്നു."

അയാൾ തലയിൽ വിരലോടിച്ചു. നഗ്നമാണു്. കുമ്പസ്സപ്പോൾ, കുമ്പസ്സപ്പിൽ അവൾ കണ്ടു. മൂടിവച്ചിരുന്നതു് വന്നാരോഗ!

നിമ്നോന്നതങ്ങളുടെ മനോഹരിതയാർന്ന ഫേയർനസ്സിൽ. മാറുവസ്ത്രം മടങ്ങിവന്നതുപോലെ.

അവൾ പ്രസന്നതയോടെ ചിരിച്ചു "ഞാൻ പിടികിട്ടാത്ത കാര്യങ്ങളെപ്പറ്റി ആലോചിച്ചുകയാണു്."

"അതെന്താണു്?"

"ഉമ്പായപ്പോലെയാണു് അവ. പിടികിട്ടി എന്നു തോന്നുന്ന ആ നിമിഷത്തെ തന്നെ തിരുമാറിപ്പോകുക. പിന്നെയും മുകയ് നീട്ടി മാറ്റുന്നു പിറകേ....."

"നീ ഫിലോസഫി സംസാരിക്കുന്നു."

"ങേ?"

അവൾ മറുപടിപറഞ്ഞില്ല.

സംശയം തളംകെട്ടുമ്പോൾ ഇരുവശങ്ങളിലുമുള്ള ജനലിനു ചെന്നു് തൊടിയിലേക്കു് അഭിമുഖമായി അവർ നിന്നു.

മാനത്തിന്റെ മുഖം മൊണുന്നതും പൂട്ടി മുത്തിൽ കിളികൾ പൊത്തിലുള്ളതും അവർ കണ്ടു.

അയാൾ പൊടുന്നനെ പറഞ്ഞു "ഇന്നു മഴപെയ്യുമെന്നു തോന്നുന്നു."

"അതെ, വേനലിലെ മഴക്കാലത്തെ മഴ," അവൾ ചിരിച്ചു. "അപ്പന്റെ ഗന്ധം അതിന്റെ ഇലയും പൂടുങ്ങാക്കെ മനുഷ്യരിൽ ഉണർത്തുന്നു.

"ഉവ്വു്?...അയാൾ ആശ്ചര്യം നടിച്ചു. മഴയുടെ ഇലയും, ഇടിമുഴക്കങ്ങൾ കാരണത്തിന്റെ ആരവങ്ങൾ? എന്നിട്ടും...എത്രയൊക്കെ അനുഭവിക്കൾ —"

"ഉം...ഞാൻ എന്റെ കുറമാരനെ സപ്പോർട്ടുകൊണ്ടുന്ന അറ്റിയ്യൽ."

"ഞാനും."

"കൊടിയിൽ അമ്മുമ്മയുടെ കൂടെ മാമ്പഴം പെറുക്കി നടന്നിരുന്ന പുഴയിൽ നീന്തിക്കളിച്ചിരുന്ന ആ കാലങ്ങൾ..."

"എനിയ്യു" ഒരു ഞെട്ടൽ ഉണ്ടായിരുന്നു. സാരമെന്നിന്നു് പറിച്ചിരുത്തുകൊണ്ടിരിയ്യുന്ന അമ്മുമ്മ. മഷിയെ നോവൽ വായന കമ്പക്കാരി ആയിരുന്നു. അമ്മുകുണ്ടു് അല്പം മനപ്പൂർവ്വം...."

അവൾ ചിരിച്ചു. വീണ്ടും മുകത്തളം കൊട്ടി. ചിരിവന്ന കവിൾ—ഏതോ പൂവിന്റെ സുഗന്ധം കിനിയുന്നു—

അവൾ വാതിൽപ്പടിയിലക്കു് നീങ്ങി നിന്നു് താണ സ്വരത്തിൽ ചോദിച്ചു "പ്ലന്താണു് അവ—ബന്ധത്തിൽ മുദ്യോഗമുള്ള ആ പയ്യനെപ്പറ്റി ആലോചന വേണ്ടെന്നു് വെച്ചല്ലോ."

"ആരുപറഞ്ഞു," അവൾ ഉദാസീനമായി ചിരിച്ചു.

"പിച്ചി പറയൂ—പക്ഷേ, ഇങ്ങിനെ എത്ര ആലോചനകൾ നീ തള്ളിക്കളയുന്നു—പ്ലന്താണു് നീ ഇങ്ങനെ? തനിച്ചു കഴിയാൻതന്നെ തീരുമാനിച്ചിരിയ്യുകയാണോ?"

ജീവിതപ്പിന്റെ വിചിത്രലയത്തിൽ നിശ്ചലമായി നിന്ന നിമിഷങ്ങൾ—എന്തു ഇങ്ങിനെയാകേണ്ട? ഏതോ—അഗാധമായ മൗനങ്ങളിൽനിന്നു് ധ്വനികളുയർന്നു.

പൊടുന്നനെ അവൾ ചോദിച്ചു ഈ ചോദ്യത്തിനു മുൻപിൽ ഉത്തരമില്ലാതെ തെന്നുമ്പോൾ രാമചന്ദ്രന്റെ സ്വരം കാതിൽ അലച്ചു.

"കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല—ഞാൻ—കൈയിൽവന്ന ഭാഗ്യത്തിനെ കണ്ണടച്ചുകൊണ്ടു? ബുദ്ധിഹീനതയാണു്! പ്രിയരോഗ്രമായ വാചകങ്ങൾ.....

എന്തു്? രാമചന്ദ്രൻ പ്രാർത്ഥിച്ചതൻറെ സപ്പന്നങ്ങൾ?...അയാൾക്കു് താൻ—മറ്റാരാളുടെ ഭാര്യയാകുന്നതിൽ പ്രതിഷേധമില്ലെന്നോ?

പരിഭ്രമത്തിൽ തളർന്നു—

അവൾ അയാളുടെ മുഖത്തേക്കു ഉറ്റുനോക്കി, ആകാംക്ഷതിന്റെ അഗാധതയിൽ ഊന്നിനിൽക്കുന്നു. മിഴികളിൽ അസ്വസ്ഥതയോടെ പിടയൽ. താൻ ഈ കേൾക്കുന്നതു് സത്യം മനസ്സിനെ മറച്ചുപിടിച്ചുകൊണ്ടുള്ള കേവലം പൊള്ളയായ ഭാഗ്യവാക്കുകളാണെന്ന മനസ്സിലാക്കുമ്പോൾ അവളുടെ മനസ്സു് ഇറുനാറി. അവൾ ഉറപ്പിച്ചു—അതേ ഞെട്ടലോടെ വേർതിരിയ്യുന്ന ഈ സങ്കോചത്തിന്റെ പാടു



ഞാൻ ഈ നിമിഷത്തിൽ വഴിപിരിയ്യുന്നു" പൊട്ടിയ്യാൻ പോകുന്നു. എല്ലാം ഇവിടെ വെച്ചു് അവസാനിക്കേണ്ട ഞങ്ങളുടേതായ വിഭിഷ്ടമാണു് ഇതു" ഒരുപക്ഷേ എന്നാൽ ഇങ്ങനെ ഒരു ആവേശത്തിനുള്ളിൽ കഴിഞ്ഞുകൂടാൻ കഴിയും?

അനേകമായ ചിന്താസരിണിയിൽ നിന്നുകൊണ്ടു" അവൾ പറഞ്ഞു "മാത്രമല്ല ആലോചനകളും കള്ളക്കളുപ്പോൾ എന്നിയ്യു" ആനന്ദം തോന്നുന്നു."

"ങേ?—ആനന്ദം?" അയാൾ അവളുടെ മുഖത്തേക്കു" ഉറുനോക്കി.

അനുലഭ്യമായ എന്തോ ഉൾപ്പുളകത്തിലെന്നതുപോലെ അവൾ മറുപടി കൊടുത്തു...

"അതെ ആനന്ദം. എനിയ്യു മാത്രം അറിയുന്ന എന്റെ ആനന്ദം..."

"പക്ഷേ, മരിക്കൽ നാമെല്ലാവരും പിരിഞ്ഞുപോകും അതു് യാതൊന്നിനും നിലനില്പില്ല. ഈ ആനന്ദത്തിനും...സ്ഥിരതയില്ല."

അവ്യക്തതയുടെ മഞ്ഞുപടലങ്ങൾ പൊതിഞ്ഞ വാക്കുകളിൽ സൂക്ഷ്മതയുടെ മനോഹരിത കണ്ടെത്താൻ കഴിഞ്ഞു അവൾക്കു്. പക്ഷേ, അളന്നുനിമിഷത്തിൽ അസ്വസ്ഥത ജ്വലച്ചലങ്ങൾ പടരുന്നതു" അവൾ അറിഞ്ഞു എന്തിനും"? എന്തിനാവണ്ടി? കൈയിൽ എത്തിയ ഭാഗ്യങ്ങൾ ദൂരെയെറിയുന്നു. തെളിക്കും ലഭ്യമല്ലാത്ത ഏതോ സപ്പന്നത്തിനായി" ഇതിനേക്കാൾ അന്ധം എന്താണു" അതിന്റെ ഈ അവസാനമില്ലാത്ത കാത്തിരുപ്പുകൾ അതു—കേവലം വ്യർത്ഥങ്ങളായി കലാ

(ശേഷം 90-ൽ)

കാവ്യകല_മഹാകവിദൃഷ്ടിയിൽ

തായാട്ട് ശങ്കരൻ

ജീവകലയിൽ മുഴുകിജീവിക്കുവ തന്നെ ഒരുള്ളാസിക്കുന്ന കവിതാദേവ തയെ അന്തഃചക്ഷുസ്സിനുമുമ്പിൽ പ്രത്യ ക്ഷവൽക്കരിച്ചു കണ്ടുവണങ്ങുന്നതിനു മ ഹാകവി വള്ളത്തോളും മഹാകവി കുമാര നാശാനും പങ്കിട്ടുമിച്ചുനോക്കിയിട്ടുണ്ട്, കവികളുടെ അന്തഃകരണം അന്വേഷിക്ക ന്നവർ അവരുടെ കവിതകളിലാണ് ചികഞ്ഞു നോക്കേണ്ടതെന്ന്. കവിത എന്തുവേണം എന്ന കാര്യത്തിൽ അവർ നല്കുന്ന സത്യവാങ്മൂലത്തിനു സാഹചര്യത്തെളിവുകളുടെ പ്രായസ്ഥമയുള്ള. എന്നാൽ കവിതയും കവിതയെക്കുറിച്ചുള്ള സത്യവാങ്മൂലവും തമ്മിൽ ഒത്തിണങ്ങിവന്നാലോ? അപ്പോൾ ആ തെളിവിന് പ്രാമാണികത്വം ലഭിക്കുന്നു. വള്ളത്തോളിന്റെ 'കവിത' എന്ന കൃതിയും (സാഹിത്യമഞ്ജരി ആറാം ഭാഗം) ആശാന്റെ കാവ്യകല എന്ന മലയാളസാഹിത്യത്തിനു ബാധകമാണ്. ഈ രണ്ടു കവിതകളുടെയും കാര്യത്തിലാണെങ്കിൽ ബാഹ്യശരീരത്തിലുള്ള ഈ സമാനതയ്ക്കുടിയിൽ അത്യന്തം ഭിന്നമായ ജീവിതദർശനങ്ങൾ നാം കാണുന്നു. കവിപ്രതികരളെ മനസ്സിലാക്കാൻ ശ്രമിക്കുന്നവർ തമ്മിലുള്ള സാദൃശ്യത്തിലേറെ വൈസദൃശ്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്.

1920ലാണ് വള്ളത്തോൾ പ്രസ്തുത കവിത പ്രസിദ്ധപ്പെടുത്തുന്നത്, അന്നദ്ദേഹത്തിന് 42 വയസ്സ് പ്രായമായിരുന്നു. യൗവനത്തിന്റെ ചോരത്തുടിപ്പ് കുറഞ്ഞിട്ടില്ലാത്ത കാലം. പഞ്ചേന്ദ്രിയങ്ങളിൽ നാലും പൂർണ്ണമായ കാര്യക്ഷമതയോടെ വർത്തിക്കുകയാണ്. ഏതായാലും ചുറ്റിലുമുള്ള ജീവിതോത്സവത്തിന്റെ ആന്ദോളനത്തിൽ മുഴുകിയൊഴുകുകയും. ആശാൻ വ്യാപാരസക്തൻ എങ്ങുപോകുന്നു? ജീവിതത്തിലും കലാരതിയിലും ഉദാത്തഭാവുമായി നേർപ്പുണ്ടാകുന്നു" വള്ളത്തോളിന്റെ ജീവിതം, അതുകൊണ്ടു തന്റെ മനുഷ്യജീവിതത്തിന്റെ എല്ലാചാലുകളിലും ആ കവിതകൾ ഉദ്ബോധനം നടത്തിയിട്ടുണ്ട്, താനിക്ക കലയിൽനിന്നു വേറിട്ടൊരു അസ്തിത്വമില്ലെന്നു", ഒരു ഉൾവിളി പോലെ. ബോദ്ധ്യമാവുന്നവർക്കേ ഈ മഹത്തരമായ കീർത്തമാനത്തെക്കുറിച്ചുള്ള ധ്വനിതോന്നുകയുള്ള. ജീവിതത്തിനു നേരെ വള്ളത്തോൾ കൈക്കൊണ്ട സമീപനം പ്രസിദ്ധമാണ്. രണ്ടും തമ്മിലുള്ള അന്തരവിക്കുന്നുള്ളതാണ് ജീവിതം എന്ന ഈ അദ്ദേഹത്തിന്റെ മതം. ജനിച്ചുപോയതിന്റെ ശിക്ഷയാണ് ജീവിതം എന്നതുകൊണ്ടു വായാടിത്തം വിളമ്പുന്ന കഞ്ചാവിന്റെ 'അപവേദി'കൾ ഇയ്യിടെ മലയാളസാഹിത്യത്തിലൂടെ കടന്നുപോവുകയുണ്ടായല്ലോ. അത്തരം കുഴുമാന്തസ്സുകളുമായി നിർത്തിയാൽത്തന്നെ ജീവിതത്തിനുനേരെ ഇന്ദ്രിയപരമായ സ്വതി കാണിക്കുന്നത് അനഭിലഷണീയമായിക്കരുതുന്ന ഒരു ജീവിതദർശനം പരമ്പരാഗതമായി ഭാരതത്തിൽ നിലവിലുണ്ടല്ലോ. 'ഇഹ'ത്തിലെ ജീവിതം 'പര'ത്തിലെ ജീവിതത്തിനുള്ള ഒരു സജ്ജീകരണം മാത്രമാണെന്നും സ്വതന്ത്രമല്ല വിഭക്തിയാണ് ജീവിതാദർശമാക്കേണ്ടതെന്നും പഠിപ്പിച്ചുപോന്ന ദാർശനികപാരമ്പര്യം ഇന്നും ജീവത്തായി നിലനില്ക്കുന്നു. അവനിവാഴ്വ് കിനാവാണോന്നും ജാഗരണം മരണാനന്തരലോകത്തിൽ മാത്രമായുള്ളവന്നും കരുതിപ്പോരുന്ന അപവേദകൾ ഭാരതത്തിന്റെ മണ്ണിൽ ദുർലഭമല്ലതന്നെ. എന്നാൽ കിട്ടിയ ജീവിതം കിട്ടാനിരിക്കുന്നതിനുവേണ്ടി പണയപ്പെടുത്താനുള്ളതാണോ വിക്ഷണമാണ് വള്ളത്തോൾ പുലർത്തിപ്പോന്നത്. ഇന്ദ്രിയാനുഭൂതികളിലൂടെയുള്ള പ്രപഞ്ചസത്തയെ അംഗീകരിക്കുകയും അതു കാഴ്ചവക്കുന്ന ജീവിതമാധുര്യങ്ങളെ ആസ്വദിക്കുകയും അതിനുള്ള സാഹചര്യം നിഷേധിക്കപ്പെട്ട ജനകോടികൾക്കുകൂടി അതു ലഭ്യമാക്കിത്തീർക്കത്തക്കവിധം സമൂഹത്തെ പുതുക്കിപ്പണിയുന്നതിനുള്ള സഹായമെത്തിക്കുകയും ആണ് സഫലകർമ്മയുഗമുന്നം അദ്ദേഹം കരുതി. ഈ വീക്ഷണമാണ് വള്ളത്തോൾക്കവിതകളെ ഇത്രമേൽ പ്രസാദമധുരമാക്കിത്തീർത്തത്, മനുഷ്യജീവിതത്തിന്റെ എല്ലാ അവസ്ഥകളും അതു അനുഭവിസ്പന്ദനമാക്കി. അനുവാചകമനസ്സുകളിൽ കാൽപ്പനികതയുടെ സഞ്ചാരപഥങ്ങളിലെല്ലാം അതു ആത്മവിശ്വാസത്തോടെ വിഹരിച്ചു. ജീവിതം ഏകദുഃഖമല്ലെന്നതുകൊണ്ടു ഏകദുഃഖമായ കരുണരസപ്രതിപാദനവും അദ്ദേഹത്തിനു സ്വീകാര്യമായിരുന്നില്ല. കണ്ണീരും പുഞ്ചിരിയും നിറഞ്ഞ ജീവിതത്തിന്റെ നെടുവീർപ്പും, ഉല്ലാസവും വള്ളത്തോൾക്കവിതയിൽ ഉൾച്ചേർപ്പുകളെന്നോണം അലിഞ്ഞുചേർന്നതായിക്കാണാം.

ആശാന്റെ കാവ്യപ്രപഞ്ചത്തിനു് ഇങ്ങനെ വ്യാപകതയില്ല. ആത്മഗതങ്ങൾക്കപ്പോധ്വനിതന്റെ മൂകമൊഴികൾക്കപ്പുറം നിഴലിക്കുന്നത് ഇതിവൃത്തങ്ങളെല്ലാം. ഈ കഥാപാത്രങ്ങളെ ഒരേയൊരുകൃതി 'ദുരവസ്ഥ'യാണ്. ചണ്ഡാലഭിക്ഷുകിയെയും സിതയെയും ഇതരകൃതികളിലെ കഥാപാത്രങ്ങളെയും അപേക്ഷിച്ച് പ്രാപഞ്ചികത കുറവ്. ഈശ്വരനേയുപേക്ഷിച്ചതിനുള്ള ജീവിതോത്തുപ്തിയിലേക്കുള്ള പരിവർത്തനമാണ് ആശാന്റെ കാവ്യസാധനയുടെ വളർച്ച.* ആശാൻകവിതകളിൽ കടുംബജീവിതം കാണപ്പെടുന്നേയില്ല— ദുരവസ്ഥയിലൊഴികെ. വള്ളത്തോൾക്കവിത കുടുംബത്തുല്ലത്തിന്റെ വിവിധഭാവങ്ങളെ മധുരോദാരമാക്കുന്നു. ആശാന്റെ നായികമാർ കർതൃകസ്വന്ത്ര്യം തേടുന്നതു കാണാം ഈശ്വരസാക്ഷാത്കാരം തേടുന്നതുപോലെയാണ്. വള്ളത്തോളിന്റെ നായികമാർ ഐഹികമായ സംതൃപ്തിയിലൂന്നിയാണ് അനുരാഗസാക്ഷാല്കാരം തേടുന്നത്, ആശാന്റെ കാവ്യകലാകൃതികളിൽ ശൃംഗാരകൂജിതങ്ങൾക്കുപോലും അന്തരാർദ്രത കുറവാണ്. വള്ളത്തോൾക്കവിതകളിൽ ശൃംഗാരം കിളിക്കൊഞ്ചലുകൾകൊണ്ടു് അന്തരപ്രപഞ്ചമാക്കുന്നു. വിഴുന്നപൂവിൽനിന്നു് ആശാൻ ജീവിതാനുഭവത്തിനുള്ള ഉൾപ്രചോദനം കണ്ടെത്തുന്നു. വിടരുന്നപൂവിൽനിന്നു് വള്ളത്തോൾ ജീവിതാനുഭവത്തിനുള്ള ഉൾപ്രചോദനം കണ്ടെത്തുന്നു. ഈ അന്തർമുഖപ്രവണത, പുറംലോകത്തെ ജീവിതത്തിലേക്ക് എത്തിച്ചേരുന്നതാണ് ആശാൻകൃതികളിൽ കാണുന്നതെങ്കിൽ ജീവിതത്തിന്റെ പുറംപാലത്തിൽ പിറന്നു് അതിൽത്തന്നെ സാഫല്യത്തെയും

ന്നതാണ്' വള്ളത്തോളിന്റെ ബഹിർമുഖ പ്രതിഭയിൽ നമുക്കനുഭവപ്പെടുന്നത്".

കവിതയെത്തേടിയുള്ള അന്വേഷണത്തിൽ ഈ രണ്ടു കവികളും ചെന്നെത്തിയ ലോകം പരിശോധിച്ചുനോക്കിയാൽ ജീവിതത്തിനുനേരെ അവർ കൈക്കൊണ്ട കാഴ്ചപ്പാടിൽ ഉള്ള അന്തരം വ്യക്തമാവും. വള്ളത്തോൾ,

"മാനം ചേന്ന കടലിന്റെ മിന്നൽ ചിതറും
കൈവാളിളക്കത്തിലും
മാനഞ്ചും മിഴിതൻ മനോമൈനനിൽ
ചായുന്ന കൺകോണിലും
സാനന്ദം കളിയാടിടുന്ന ശൈശവിൽ
ളുവർപ്പിച്ചുനിപ്പൂകുചിൽ
സ്ഥാനത്തും നിഴലിച്ചു കണ്ടു കവിതേ,
നിൻഞ്ജൂപമെത്ര ഞാൻ

(കവിത)

എന്ന ഹർഷോദ്രേകത്തോടെ പാടി. കുമാരനാശാനും ഇവിടെയെത്തുമെന്നു കവിത കണ്ടെത്തി. പക്ഷെ, മറ്റൊരു കാഴ്ചപ്പാടിൽ എന്നു മാത്രം.

"ചാകുമ്പോഴുണ്ണി മകിച്ചു—
ചിന്തുമാപാ
കിടക്കുന്നുണ്ണികളുടെ കണ്ണുനിർ—
കളത്തിൽ
നിരാളം പൊഴിയുമ്പു നീ ചിലപ്പോൾ
പോരാളിപ്പുരുഷ ചൊന്നുണ്ടു—
ചോരയാറിൽ
മാനഞ്ചും മഴിയുടെ ചാഞ്ഞു—
ചില്ലോലു
ധ്യാനസ്ഥൻ മുനിയുടെ ഹസ്സ—
മുടമ്മേലും...
(കാവ്യകല)

ഇതിൽ 'മാനഞ്ചും മിഴിതൻ ചായുന്ന കൺകോണിൽ വള്ളത്തോളും ആശാനും കാണുന്നതുപോലെ കവിത ലസിക്കുന്നതു കണ്ടു. [ആശാൻ വിവാഹം കഴിച്ചു നാലുവർഷത്തിനുശേഷമാണ്* ഈ കവിത] എന്നാൽ അഭിമാനിനിയായ പോരാളിയുടെ പൗരുഷത്തിൽ വള്ളത്തോൾ കവിത കണ്ടെത്തിയപ്പോൾ ആ പൗരുഷത്തോ അഭിമാനമോ ആശാനെ സ്പർശിച്ചില്ല. 'പോരാളിപ്പുരുഷ' എന്ന വിശേഷണം നോക്കുക. അക്കൂട്ടർ ക്രൂരിയ ചോരയിലെ പോരാളിമാണ്' കാവ്യവിഷയമായി ആശാൻ കണ്ടതു'.

ആത്മാക്കൾ ശ്രദ്ധേയമാണ്' ശൈശവത്തെക്കുറിച്ചുള്ള പരാമർശം. ഉള്ളിച്ചാടിത്തിമിർത്തുവരുന്ന ശൈശവത്തിന്റെ മുദ്രയും കോമാളിത്തവും കേവലപ്രസാദവും അമ്മയുടെ ഉത്സാഹപ്രഹർഷവും വള്ളത്തോളിന്റെ പ്രതിഭയെ പുളകമണിയിക്കുന്നു. എന്നാൽ മരിച്ചു കിടക്കുന്ന അമ്മയുടെ സന്നിധിയിൽ ചിന്തുമാപന്തോടെ വിലപിക്കുന്ന ശിശുവിന്റെ കണ്ണീരിലാണ്' ആശാൻ കാവ്യബീജം കണ്ടെത്തുന്നതു'. ജീവിതത്തിന്റെ ഭംഗുരതയും അജ്ഞാതമായ നിസ്സഹായതയും തന്നെ. തുടർന്നു പറഞ്ഞ വാക്യം മനക്കുടി ആവർത്തിക്കട്ടെ. വിരിയുന്ന പൂവിൽനിന്നു വള്ളത്തോൾ ജീവിതാമോദം നുകരുന്നു. വീഴുന്ന പൂക്കളിൽനിന്നു ആശാൻ ജീവിതാനുഭവപ്രഭേഷണം ആരംഭിക്കുന്നു.

ആശാൻ കവിതയിൽ കാണുന്നതു' ഏകാന്തമായ മനസ്സിന്റെ ക്ലേശകരമായ നിലയ്ക്കുണ്ട്'. ഞാൻമുഖപ്രതിഭയുടെ സഹജസ്വഭാവം തന്നെയാണതു'.

"ഏകാന്തം വിഷമമാക്കിയും—
വെറും പാ—
ഴാകാശങ്ങളിലലർ പടിയാക്കിച്ചും
ലോകം നഗ്നഫലം" (കാവ്യകല) യായ കലയുടെ കൽത്താരിൽ മഹാകവി പ്രണയിക്കുന്നു. ബാഹ്യലോകത്തിന്റെ ബന്ധമറുത്തുമാറ്റിയ സംവേദനക്ഷമമായ അന്തഃകരണത്തിനു' ശ്രുതിയിൽനിന്നു മുക്തി നല്കുന്ന ഭാവനയാകുന്ന ക്ലേശകാരിയാണു' കലയാണു'. നിസ്സഹായമായ ശിശു, അമ്മയുടെ മാറിൽ അള്ളിപ്പിടിക്കുന്നതുപോലെയുള്ള സഹജാവബോധമാണതു'. അതുകൊണ്ടുതന്നെ ആശാനു' കവിത ജഗദംബയാണു'. അജ്ഞാതയും, തേജസ്വിനിയുമായ അമ്മയുടെ സാന്നിദ്ധ്യമറിയുന്നു; എന്നാൽ അമ്മയെ കാണുന്നതില്ല, പ്രതിമയെയെടുത്തു പൂജിക്കുകയാണു' ആരാധകരായ കവികളെല്ലാം. എന്നാൽ ജഗൽസ്പന്ദപിണിയായ കലയുടെ മഹിമാതിശയം സ്മരിക്കുമ്പോഴെല്ലാം രോമാഞ്ചമെഴുന്ന. വള്ളത്തോളിനു' കവിത ജഗദംബിക എന്നതിനേക്കാൾ ഏറ്റവും പ്രിയയാണു', വാഗ്ദേവതയായ മഹാറാണിയുടെ സുകുമാരഭാവമാണവർ,

"ഖദ്രം നിന്നുടെ ശാസനകരി, പുരാ
ണേതിഹാസമിത്രാൽ ബോധനം
സ്വപ്നത്തിനുമിടയ്ക്കു കാവ്യഗണമോ
സപ്രേമസംഭാഷണം.
വേഗം'ഭ്യുന്തികവൽ ജഗത്തു—
ഴുവൽ
അനേകരത്നങ്ങൾകിരി
നമ്രമുഖപ്രപാസനോപഹാരവിധേ
ഇന്നു മഹാറാണിയായ".

(കവിത)

ആശാന്റെ വിഷാദഭാവം മനുഷ്യജീവിതത്തെ സ്പർശിക്കുമ്പോൾ മാത്രമാണ്' ഉന്മിഷിക്കുവുന്നതു'. തന്നെ എല്ലാ പ്രതിഭയും പൂർണ്ണവിരാമമിടുന്നു. അതുവരെയുള്ള എല്ലാം ഒന്നു മരണത്തിന്റെ തിരുസന്നിധിയിൽ വിലകെട്ട ശൂന്യകമാണു' അവശേഷിപ്പിച്ചുകടന്നു' ബാഷ്പീഭവിക്കുന്നു. അതുകൊണ്ടാവാം മനുഷ്യജീവിതത്തെക്കുറിച്ചു' ഓർക്കുമ്പോഴൊക്കെ 'ഹാ കഷ്ടം!' എന്നൊരു മനോഭാവം ഓരോവരിയെ മുറിച്ചുകൊണ്ടിരുന്നതു', പ്രകൃതിയുടെ നശ്വരത, സ്വന്തം ജീവിതത്തിന്റെ നശ്വരതപോലെ, അത്രയും' വിനാശകാരിയായി അനുഭവപ്പെടുന്നില്ലായിരിക്കാം. അള്ളിൽ ജ്യോതിർഗോളങ്ങളുടെ നശ്വരത, നമ്മുടെ ജീവിതത്തിന്റെ ഹ്രസ്വത ഓർപ്പെടുത്താൻ, ശാശ്വതത്വത്തിൽ കവിഞ്ഞ മനസ്സല്ലല്ലോ. വിഷാദപൂരിതമായ പ്രകൃതി ആശാൻ കവിതകളിൽ കാണാനില്ല. മനുഷ്യജീവിതം നേരെ മറിച്ചും.

"പാടുന്ന പരിഭ്രഷ്ടി പുണ്ടകളുക
ളുള്ളിൽ ഗളം കൊണ്ടുനി
ശ്ചേഷ്ടനകളിൽ ഭാരതൻ കുളകിയോടു'
കൈവെച്ചു പൂ പല്ലിടൽ
പാടുത്ത നലരിതകളുടെ നിശ്ചേഷ്ടം
ളികനേരു ലോകജീവനം
ബാടും നിശ്ശ്വസുഖം നിസർഗ്ഗസുഭഗം
ഹാ! നിൻ വിലാസോന്മയം.

(കവിത)

എന്നിങ്ങനെ വള്ളത്തോൾ കണ്ട പ്രകൃതിയുടെ ഈ വിലാസസന്തതിയും കുമാരനാശനെയും ആകർഷിക്കുന്നതു'.

ഇംഗ്ലീഷിലെ ലേഖനങ്ങൾ, ക്ലേശപരിചിതഗവ്യാകുലജ്ഞമാണ് സാഗരങ്ങൾ

ഏന്നും പുഷ്പിത വനഭൂക്കളെന്ന്.
വാറിൽ
ചെയ്യും നിൻ പുഷ്പകൾ ദേവി,—
ഞ്ഞുപോകും.
(കാവ്യകല)

പ്രകൃതിയുടെ ഈ ദ്വന്ദ്വ സുകുമാരചലനത്തിലും കലയുടെ പാടലുകൾ കണ്ടെത്തുന്നുണ്ട്. മനുഷ്യജീവിതത്തെക്കുറിച്ചു ഓരോവരി

"ഞാനെന്നുമുണ്ടെന്നുമുറപ്പുമുള്ളതാ
ണ്ണോരോന്നെയുള്ളപോലെ
കുതുകത്തി
പാരാകെക്കവ" ഗവയ്ക്കുന്നു, ദിനം തോറുമാണ്'
നിൻ
തേരോടുന്നു'ളുധ്യാരുടെ
നോക്കിയാലും (കാവ്യകല)

എന്നു', കാവ്യനടനത്തിലും ഈശ്വരാനുഭൂതിയും അന്യോന്യാനുഭവത്തിൽ കവി ചെന്നുള്ളതു, അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ഈ പ്രപഞ്ചത്തിന്റെ സൂക്ഷ്മരഹസ്യങ്ങളെന്നതാണു' കവിതയുടെ സൂക്ഷ്മരഹസ്യവും എന്നുവരുമ്പോൾ കവിഹൃദയവും ആ ഭാഗ്യരഹസ്യത്തിനു മുമ്പിൽ കുമ്പിൽ കുമ്പിടുന്ന ഹൃദയത്തിലാണു' കവിതയുടെ ക്ഷേത്രവും കിടിക്കുന്നതു' എന്ന ഓർമ്മനികതലത്തിലാണു', ആശാൻ എന്നുനിന്നിക്കുന്നതു', വിനയത്തോടെയല്ലാതെ സമീപിക്കുമ്പോൾക്കു' കവിത അപ്രാപ്യയാണെന്ന മഹാകവി താക്കീതുനൽകുന്നതുണ്ടു'.

ജീവിതത്തിനു' ഉത്കണ്ഠാഭാരമായി എന്തെല്ലാമുണ്ടോ അവിടെയെല്ലാം വള്ളത്തോൾ കവിത കണ്ടെത്തുന്നുവെന്നത' വള്ളത്തോൾകവിതയുടെ സഹജസ്വഭാവമാണു', 'നിത്യതയിൻ പ്രഭാമാളയെ സൂക്ഷ്മതയിലും പ്രപഞ്ചത്തിന്റെ പ്രഭാവത്തിലും ഉടയസ്വരൂപന്റെ കൈനീട്ടിപ്പിടിയിലും കവിതയുണ്ടു' പുനിലാവിനു' അതു ക്ലേശത്തിൽ ക്ലേശം നൽകുന്നു. 'ആരെയുമുണ്ടിന്നപരാഗമനി ഒട്ടുമ്പോൾമാത്രമേ ചെയ്യും ഇടങ്ങിയ മാനുഷികനുണങ്ങൾക്കപോലും എന്തെങ്കിലും ശ്രേയസ്സുള്ള, ഇതെല്ലാം സാധിക്കുന്നതോടൊപ്പം അല്ല' അനുവാചകനസ്സിൽ 'ചില വീണ്ടുപോരുതികൾ' വിടുകയുംചെയ്യുന്നു.

വള്ളത്തോളിനായാലും ആശാനായാലും കാവ്യാനുഭൂതിയുടെ അപൂർവ്വനിമിഷ

---

* ഈ ലേഖകന്റെ "ആശാൻ — നവോത്ഥാനത്തിന്റെ കവി" എന്ന പുസ്തകം നോക്കുക

ങ്ങളുണ്ട് ജീവിതത്തിനു് അർത്ഥം നൽകുന്നതു്. അതിന്റെ അന്തരീക്ഷത്തിലുള്ള ഉൽകടമായ ദാഹമാണു് ജീവിതത്തിന്റെ ഏറ്റവും വിലിയ ദൈന്യം. 'അതിന്റെ സാക്ഷാൽ'കാരം ലഭിച്ച സുദിവസങ്ങളാണു് ജീവിതത്തിനു് അർത്ഥവും സാഫല്യവും നൽകുന്നതു്. മഹാകവികളുടെ വാക്കുകളിൽത്തന്നെ അതിവിടെ പകർത്തട്ടെ.

"അല്ലുകൊണ്ടമനസ്സിങ്ങിവെണ്ണവിലസി
പൊൽകാൽച്ചിലമ്പുച്ചയോ
ടെല്ലാരാൽനിശയില്ല —
ഉറങ്ങെന്നതെന്നലേ
ജ്യോത്സ്നിയോ മുന്നിൽനേ;
ഒല്ലും സാധനമിതെന്നറിക്കുമപോ
നതൊരു സന്ദ്ര ജന
അല്ലാവിണ്ടുമിതെട്ടി! നിന്നതിനു മറ
കുയ്യകൈൻ മനോനായികേ!
മിന്നു വള്ളത്തൊളു (കവിത)
"പാഴാകുമതുചിലഞ്ഞുസർവ്വഗ
നി
വാഴാറുള്ളതമാർത്തുടി വാടി ഞങ്ങൾ
കേഴാതാസമയത്തുജ്യനീമകന്നാൽ
'ഏഴാമിന്ദ്രിയ'മിനിയെന്പോടേകുക
(കാവ്യകല)

എന്നു ആശാനു് അർത്ഥിക്കുന്നതു് ഒരേ ദാഹത്തോടുകൂടെന്നു. പക്ഷേ, പ്രാപഞ്ചികതയിൽ ആഹ്ലാദിക്കുന്ന വള്ളത്തോൾക്കവിതയെ ഹൃദയശക്തിമായിക്കാണുന്നു; അപ്പുറത്തെ ലോകത്തെക്കുറിച്ചു് ഉൽകണ്ഠപ്പെടുന്ന ആശാൻ ജഗദ്ബോധയായിട്ടും

—:—

(85-ൽ നിന്നും തുടർച്ച)

ശിഷ്യകവിയല്ലെന്നു് ആരറിഞ്ഞു! ആകെ തകർന്നു് പരിക്ഷീണയായി നിശ്വസിച്ചുപോൾ ഏതോ പ്രതീക്ഷയുടെ വെൺതിരശ്ശീലയെ പൊളേന്നു പൊതിഞ്ഞു. അവൾ ഓർത്തു— അവിവാഹിതനായി കഴിയണമെന്ന ശാഠ്യത്തിനു ഈ മനുഷ്യന്റെ മനസ്സിൽ പ്രോജ്വലിച്ചുവായി, താൻ മാറിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് തീർച്ചയാണു്. അതിന്റെ പ്രതികരണമാണു് ക്ലാസ്സുകളെ തന്നെ കാണാനുള്ള ഈ മടി. ക്ലാസ്സുകൾ പൊട്ടുന്നതുപോലെ വേഷത്തിൽ വന്ന ഈ മാറ്റങ്ങളും പക്ഷേ, ഈ മാനസിക പരിവർത്തനം അനിശ്ചിതമല്ലെന്നു് ആരറിഞ്ഞു? അവൾ നിശ്വസിച്ചു.

അതേ സമയം തന്നെ അനേകം വിളക്കുകളുടെതായ—ഒരു മനോവീർപ്പിന്റെ സ്പർശം കേട്ടു് അവൾ ഉണർന്നു,

അയാൾ തന്നെ അഗാധമായി നോക്കുന്നു! ഹൃദയത്തിലേക്കു് ആഴ്ന്നിറങ്ങുന്ന ആ നോട്ടത്തിനു മുമ്പിൽ തളർന്നുപോയ് നിമിഷത്തിന്റെ അനന്തരയിടയിൽ—കോടി തരിച്ചു് അവൾ സ്വയം പറഞ്ഞു അതേ രാമചന്ദ്രൻ നിങ്ങൾ എന്റെ സൂര്യനാണു്.....

—o—

(40-ൽ നിന്നും തുടർച്ച)

പ്പു കലർന്ന രക്തം നരകത്തിപ്പുയരുന്നു ഉടങ്ങി! ഇരുണ്ട ചോരപ്പുത അടിഞ്ഞുകേറുകയാണു്. കണ്ണിറുക്കിയടച്ചു അവളുടെ മുഖത്തേക്കു് അയയുന്നു! വലതുകൈകൊണ്ടു് അവർ ചിറിയും താടിയും തുടച്ചും ചലിയ്ക്കാനാവാത്ത ഇടതുകൈവിരലുകൾ കിടക്കയിൽ അദൃശ്യമായ ചിത്രങ്ങൾ വരച്ചു. ചോരപ്പുത, മൂക്കിലും കണ്ണിലും ചെവിയിലും നിറയുന്നു! മിസ്സിസ് കെ. ക്കു് വീർപ്പുമുട്ടി! അവർ തല കുടഞ്ഞു. വെറുപ്പും നിന്ദയും കൊണ്ടു് അവരുടെ ദോമങ്ങൾ എഴുന്നുനിന്നു. തലമുടിയിഴകൾ സഹസ്രം ദിക്കുകളിലേക്കു് സൂചിമുനകളായേഴുന്നു!

രക്ഷപ്പെണം! മിസ്സിസ്. കെ. ഉള്ളിലോർത്തു.

ഒറ്റക്കുടച്ചിൽ!...

തന്നെ അമർത്തിവെച്ചിരുന്ന വലുതായ കൈകൾ തട്ടിത്തെറിപ്പിച്ചുകൊണ്ടു് അവർ തുകളിലേക്കു് പൊന്തി! സീലിങ്ങിലെ ചുവന്ന ഫാനിച്ചതെ അവർ മാന്തിപ്പൊളിച്ചു. ഭാരം നഷ്ടപ്പെട്ടു. അവർ, ആ ചുവന്ന വെളിച്ചത്തിൽ കഴുകിനടന്നു. മിസ്റ്റർ. കെ. യുടെ നീട്ടിയ കൈകളെയും തട്ടിമാറിക്കൊണ്ടു്—പിന്നെ—അവർ പുറത്തേയ്ക്കുഴുകി. ഇരുണ്ട നിഴൽ മരങ്ങൾ കടന്നു വള്ളിനാമകപ്പർപ്പുകൾക്കുമിടയിലൂടെ, എന്തോ അനന്തതയിലേക്കു് നീണ്ടുപോവുന്ന പള്ളിമതിലിനെ സമാന്തരമായി—അതിനുമപ്പുറമായി—

—o—

കവിതയും കഥാസാഹിത്യത്തിനും 'ക്ലൈമാക്സ്' രോഗം ബാധിച്ചിരിക്കുന്ന കാലഘട്ടം പൊന്തിവിട്ടു് കാലം ഏറെ കഴിഞ്ഞു. ഇപ്പോഴിതാ, നിരൂപണസാഹിത്യത്തിനും ഏതാണ്ടതുതന്നെയാണു് സംഭവിച്ചിരിക്കുന്നതെന്നവനാ ആക്ഷേപം ആരോപിച്ചിരിക്കുന്നു. 'ക്ലൈമാക്സ്' 'തളർവാതം' 'സ്ഥാനം', 'മുനമ്പേൽ' എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന ഏതോ രോഗമാണത്രേ നിരൂപണസാഹിത്യത്തിനു് സംഭവിച്ചിരിക്കുന്നതു്, പല വേദികളിൽനിന്നും ഉയർന്ന മുഴക്കി കേട്ടതു് ഇങ്ങനെയാണു്. "ഇവിടെ സഹൃദയവിമർശനം മരിച്ചുകഴിഞ്ഞു. നിരൂപണമെന്നപേരിൽ ഇപ്പോൾ നടക്കുന്നതു് ഗൂഢപ്രതിജ്ഞയോ, അന്യോന്യപ്രശംസയോ, അന്യോന്യാഭിപ്രായഛിന്നമോ മാത്രം."

ഷണത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്ന അവർക്കു്, ഏകാഗ്രതയും ശ്രദ്ധയുമാണിഷ്ടം. പഴയ നിരൂപകരും പുതിയ നിരൂപകരും തമ്മിലുള്ള മൗലികമായ അന്തരം ഇതുതന്നെങ്കിൽ, നിരൂപണസാഹിത്യം തളരുകയല്ലല്ലോ? ഇടതൽ വളവും വെള്ളവും വലിച്ചെടുത്തു് വളർന്നതിലെ വൈകൃതമല്ലേ ചെയ്യുന്നതു്. പുതുകവിതയിൽ നിരൂപണസാഹിത്യത്തിനു് 'ക്ലൈമാക്സ്' രോഗം ബാധിച്ചിട്ടില്ലെന്നതാണു് സത്യം.

പഴയ നിരൂപകരുടെ സൃഷ്ടികളെത്തുടർന്നു് വെടിക്കെട്ടുകളായിരുന്നില്ലെന്നതു്, പുതിയ നിരൂപകരുടേതു് യഥാർത്ഥസാഹിത്യവിമർശനമല്ലെന്നും വാദിക്കുന്നവരുണ്ടു്. ആദർശങ്ങൾ പണയപ്പെടുത്തി, കൂട്ടുകക്ഷിയാകണമോ, ഐകൃമുന്നണിയാം സൃഷ്ടിക്കണമോ, രാഷ്ട്രീയാധികാരം കയ്യാളാൻ



മേൽ പറഞ്ഞ പ്രസ്താവന സമൂലം അംഗീകരിക്കാത്തവരുണ്ടു്. അല്ലാതെ, ഇപ്പോഴത്തെ ആക്ഷേപത്തിൽ കഴമ്പില്ലെന്നു വാദിക്കുന്നു. അവരുടെ അഭിപ്രായത്തിൽ, ഇന്നത്തെ നിരൂപണം മുറിപ്പെടുത്തുന്നതല്ലല്ല, മുൻതലമുറയ്ക്കു് അതു് മുറിപ്പെടുത്താനുള്ള മുള്ളായിരുന്നു. ആ മുള്ളിന്റെ മൂന്നു ഞെഞ്ഞിരിക്കുന്നുവെന്നതു് ശരിയാണു്; എന്നാൽ, സാഹിത്യനിരൂപണത്തിന്റെ വേരിനു് മൂന്നു ക്ഷതിരിക്കുന്നു. ഇടതൽ വളവും വെള്ളവും വലിച്ചെടുക്കാൻ ശ്രമിക്കുകയാണതു്. കഴിഞ്ഞ തലമുറയിൽപ്പെട്ടവർ വെടിക്കെട്ട നിരൂപകരായിരുന്നു. അതുകൊണ്ടു് ശബ്ദകോലാഹലം ഏറിയിരുന്നു. ഇന്നത്തെ നിരൂപകർക്കോട്ടു, 'സ്റ്റെഷ്യലിസ്റ്റു'കളാണു്, നിരൂപണം പഠനമാണവർക്കു്; അതുകൊണ്ടു്. ശബ്ദകോലാഹലങ്ങളില്ല. അനേപേക്ഷിതമായും, അതുപോലെ സാഹിത്യവേദിയുടെ മേൽക്കോയ്മ കയ്യടക്കാൻവേണ്ടി, സാഹിത്യകാരന്മാർക്കും മൈക്കുമുന്നിലോ കൂട്ടർക്കിടയിലോ ഉണ്ടു്. ബോധപൂർവ്വം ഗ്രൂപ്പുണ്ടാക്കി, സഭയും ഗ്രൂപ്പിലുള്ളവരെ 'ജീനിയസ്സു'കളാക്കുന്നു; എതിർഗ്രൂപ്പിലുള്ളവരെ 'കള്ളനാണയ'ങ്ങളായും ചിത്രീകരിക്കുന്നു. ഇപ്പോൾ സാഹിത്യനിരൂപണം പെരും ചോദ്യച്ചിഹ്നമാണു്. പേരിപ്പോലിൽ. കവിതിഞ്ഞതെങ്കിലുമുണ്ടെങ്കിൽ അതു് മാഷാദ്ധ്യാപകരും പ്രൊഫസറന്മാരും, സഹൃദയലോകത്തെ ക്ലാസ്സുമുറിയാണെന്നു് തെറ്റിദ്ധരിച്ചതിന്റെ പരിണതഫലമാണു്. കലാശാലകളിൽ സാഹിത്യം പഠിപ്പിക്കുന്നവർ സഭയും സാഹിത്യവിമർശകന്മാരായപ്പോൾ നിരൂപണസാഹിത്യം അധഃപതിച്ചു.

അവർ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേട്ടിരിക്കാം. എന്നാൽ അവരുടെ സാഹിത്യവിമർശകരല്ല. ചുരുക്കത്തിൽ ഗൃഹപ്രവേശം വാളെടുത്തവരുടെ വെളിച്ചപ്പാടുകളുമാണ്" ഇങ്ങനെ വിമർശനസാഹിത്യമെന്നാണ്" ഇവരുടെ അഭിപ്രായം.

പിന്നോക്കാവസ്ഥയായ രണ്ട് അഭിപ്രായങ്ങളിൽ ഏതാണ്" പ്രസക്തമെന്ന് അപേക്ഷിക്കുന്ന ചുമതല സഹൃദയർക്കുണ്ട്; പുരോഗമിച്ച മേൽപറഞ്ഞ അഭിപ്രായങ്ങൾ ടെ"ധപ്രതിക"മായ നൂതന അടോക്കുസ്വാർ.

ഉത്തമസാഹിത്യം ഉണ്ടാകാതെ, ഉത്തമ നൂതനം ഉണ്ടാകുകയില്ലായ്മ. എല്ലാ ശാഖകളിലും ഉത്തമസാഹിത്യം സൃഷ്ടിക്കപ്പെടട്ടെന്ന് പറഞ്ഞുകൂടാ. ഈ കാര്യത്തിലും പ്രകൃതിക്ക് നൂതനം" അനുകൂലനിയമങ്ങൾ മാത്രമല്ല. അപ്പോൾ, നൂതനസാഹിത്യത്തിന്" സ്വതന്ത്രം വന്നിട്ടുണ്ടെങ്കിൽ നശ്വരമായ അളവ് ഇങ്ങനെയാണെന്നുവർത്തമാനം. അപ്പോൾ, നൂതനസാഹിത്യത്തിന്" സ്വതന്ത്രം വന്നിട്ടുണ്ടെങ്കിൽ നശ്വരമായ അളവ് ഇങ്ങനെയാണെന്നുവർത്തമാനം. ഈ സന്ദർഭത്തിൽ ഇതല്ലാതെ വേറൊന്നും നിർവ്വഹിക്കാനേ കഴിയില്ല, നൂതനസാഹിത്യത്തിന്". ഉത്തമകൃതികളെ സൃഷ്ടിക്കാൻ അവയ്ക്ക് കഴിയില്ല. എന്നാൽ നൂതനമെന്നുള്ളത് പരിഷ്കാരമെന്നുള്ളതുകൊണ്ട് സാഹിത്യശാഖകളിൽ 'ഉൽകൃഷ്ടമായ' 'ക്ലാസിക്കലാ' യുണ്ടാക്കിയിട്ട് ഏതാനും വർഷങ്ങളെങ്കിലും സഹൃദയർ മനസ്സുള്ളവരായി അതിനെ വിമർശനത്തിൻറെ നേരെ നിറുത്തിയിട്ട് നിരൂപണസാഹിത്യത്തിന്റെ അളവുകോൽ കണക്കാക്കുവാൻ അല്ലെങ്കിൽ അതിനെ വേണ്ടുകൾക്ക് ഉപയുക്തമായിരിക്കുമോ; പക്ഷേ, ആധുനികമായ വഴിയും വെള്ളവും ഉണ്ടായിട്ടില്ലെങ്കിലോ? ഭൂതകാല സ്മൃതി കൈവിടുകയും വിളർച്ചയധികമായുണ്ടാകയും ചെയ്യുന്നു. അപ്പോൾ നൂതനസാഹിത്യകാരന്" ഭാഷാപരിജ്ഞാനത്തിൻറെ കുറവുണ്ടെന്നും ശാസ്ത്രയുക്തിയുടെ അഭാവമുണ്ടെന്നും പറയുന്നു; പക്ഷേ,

പണ്ടു പെൺകുട്ടികളെ പിടിക്കുന്നു
പെൺകുട്ടികളെ മാത്രമേ
വിവാഹത്തിനായി കാണാനായി വിളിച്ചു കൊണ്ടു
ഇതൊന്നുമറിയാതെ
യിലെ ഒരു തുള്ളി
ലിൽ നിയമം
ഭിക്കാതെ
വന്നിരി
ക്കുന്ന
മിനിയിൽ പിടി
കൂടാൻ കിടക്കുന്ന
മായി പെൺകുട്ടി
ൾ കാത്തി
രിക്കുന്നു
വിവാഹപ്രായമെത്തിയ ഈ യുവതികളെ (വൃദ്ധകളെയല്ല)
ആരു മണികെട്ടും?
ഈ രാത്രിയിൽ വിട്ടിലാരും
കാണാതെ
എങ്ങനെ
പൂറത്തുചാടി?
വീട്ടിൽ പറഞ്ഞിട്ടാ
ണ് ഞാനിറങ്ങിയത്.
എലിയെപിടിക്കുന്ന
ൻപോര
യ്ങ്കെ-
ന്ന"
പറയും
മകൊച്ചൻ ഡാക്ടറാ
ണ്. നല്ല കുടുംബക്കാ
രാണ് ചന്തുപോരാ
ഒരു ലക്ഷം എലി
കളെയെങ്കിലും പെണ്ണ്
പിടിച്ചിരിക്കണമെന്നാ
ണ് ചെറുക്കൻ വീട്ടുകാർ
പറയുന്നത്

പട്ടിണിയില്ലായ്മ
പൂച്ചകൾ യുവതികളുടെ
ശത്രുക്കളായിമാറുന്നു
എലി പിടുത്തത്തിൽ
ഡിപ്ലോമ
കോഴ്സ്
വനിതകൾക്കു
മാത്രം
കൃച്ചാണ്
ഡോൺ ബോസ്കോ
വിട്ടിലൊരു
എലിയെപ്പോലും
വിടുക്കാനില്ല
രണ്ടുപെൺപിള്ളേരാണ്
പൂരം നിറഞ്ഞു
നിൽക്കുന്നത്
പ്രയാസപ്പെട്ടാണിറങ്ങി
തിരിച്ചതാണ് പെണ്ണിന്റെ
കല്യാണം അടുത്തമാസം
ഉറയ്ക്കയാണ് പന്തു
എലിയെ കടംവാങ്ങി സഹായി
കണം അടുത്തതൊയ്ത്തിനു
തിരിച്ചു
തരാം
വിവാഹത്തിനുശേഷം
ഹൊ, ഒന്നുമിറങ്ങാൻ
നിന്റെ ഭർത്താവിട്ടില്ലേ. എന്നെക്കൊ
ണ്ടിനാണി എലിപ്പന്താ
യത്തിൽ പിടിച്ചിട്ടിരിക്കുന്നു

ത്തെ സമൂഹമായി ആവിഷ്കരിക്കുന്ന കലാസൃഷ്ടികളോട് സ്വീകൃലിസ്റ്റ് വീക്ഷണം അടിച്ചേൽപ്പിക്കും. ചില കലാസൃഷ്ടികളിൽ, അല്ലെങ്കിൽ ചില കലാകാരന്മാരോട് ഈ വീക്ഷണം പുലർത്തുകൊണ്ട് ആഴത്തിലേയ്ക്കുള്ള സഞ്ചാരം സാധിച്ചേക്കാം, പക്ഷേ ഇതിലേയ്ക്കുള്ള നിരൂപകന്റെ പ്രവർത്തനം സ്വീകൃലിസ്റ്റിന്റെതാണെന്ന് പ്രവചിക്കണമെന്ന് ശഠിക്കില്ല. ഒരു പ്രത്യേകവകുപ്പിൽപ്പെടുന്ന കൃതികളെമാത്രം ആസ്വദിക്കാൻ കഴിയുന്ന ഒരാളായിത്തീരുന്നതിനെ നിരൂപകർക്ക് അയാളുടെ വീക്ഷണവും 'ഇസ'ങ്ങളിലും വാദത്തിലുമുള്ള പിടിവാശിയും സാഹിത്യത്തിന്റെ യഥാർത്ഥലക്ഷ്യം നേടുന്നതിൽനിന്ന് അകറ്റിക്കളയുന്നതിനെ പിൻതിരിപ്പിക്കണം. ചുരുക്കത്തിൽ, സ്വീകൃലിസ്റ്റ് നിരൂപകൻ 'ഇസ'ത്തിന്റെയും, 'വാദ'ത്തിന്റെയോ അടിമയായിരിക്കരുത്. സാഹിത്യത്തിന് സ്വീകൃലിസ്റ്റിന്റെ കൂടിയേകഴിയൂ: സാമ്പത്തികപുരോഗതിയുടെയും ഉയർന്ന ജീവിതനിലവാരത്തിന്റെയും ഇണക്കിക്കൂല്ല്, സ്വീകൃലിസ്റ്റിന്റെയും. പക്ഷേ നിരൂപകസാഹിത്യത്തിൽ, അതു് ഇന്നത്തേക്കാളേറെ ദോഷകരമായിത്തീരുകയുമില്ല.

മലയാളനിരൂപണസാഹിത്യത്തിന്റെ ഇപ്പോഴത്തെ മുഖ്യദോഷം സ്വീകൃലിസ്റ്റിന്റെ സൂക്ഷ്മനിരീക്ഷണത്തിന്റെ വാദവും പൂർണ്ണമായി അംഗീകരിക്കാൻ കഴിയില്ല. ഏറ്റവുമധികം കാണുന്നത് പാരമ്പര്യത്തിന്റെ പേരു പറയുമ്പോൾ ചിലർ ധരിച്ചിരിക്കുന്നപോലെ, 'പഴഞ്ചൻ' തത്ത്വപാരമ്പര്യമാണെന്നതിനെ ചൂണ്ടിക്കാട്ടുന്നു. 'നവീന'മെന്നുള്ളതിനെ പലരും [illegible] ചിന്തിക്കുന്നു. പാരമ്പര്യത്തിനെ [illegible] ഇന്നുള്ളതിനെ [illegible] വികാരത്തിനെ [illegible] ചിന്തിപ്പിക്കാൻ പോരുന്ന [illegible] സ്വീകൃലിസ്റ്റുകളല്ല. സ്വീകൃലിസ്റ്റുകളുടെ ഇടുങ്ങിയ വീക്ഷണമല്ല അവരുടേത്. വിവിധവീക്ഷണങ്ങളുടെ ഇഴകൾ കൂടിച്ചേർന്ന് ഏതൊരു സമൂഹവീക്ഷണം [illegible] അവരുടെ വിമർശനത്തിനടിസ്ഥാനമാക്കുന്നു. [illegible] പണത്തിനേറെ വകുപ്പിൽ പെടുത്താൻ സാധ്യതയുള്ള കൃതികളുടെ [illegible] സ്വീകൃലിസ്റ്റുകളല്ലാതാക്കുന്നു. [illegible] സ്വീകൃലിസ്റ്റ് നിരൂപകർ നമുക്കുണ്ടോ? മലയാളപുസ്തകങ്ങളിൽ ഇരുപതുശതമാനമെങ്കിലും ഈ വകുപ്പിൽപ്പെടുത്തിപ്പറയാമെങ്കിൽ, സ്വീകൃലിസ്റ്റുകളുടെ [illegible] ഇതിനെ [illegible] സ്വീകൃലിസ്റ്റുകൾക്ക് [illegible] സ്വീകൃലിസ്റ്റുകൾ [illegible] ഇതിനെ

NBS NEWS

ബാലസാഹിത്യം

കുട്ടിയും മുത്തശ്ശിയും
എം. ആർ. മനോഹരവർമ്മ

രണ്ടു കുട്ടി. അവരുടെ മുത്തശ്ശി. അവർ തമ്മിൽ ബന്ധങ്ങളുണ്ട്. ആ ബന്ധങ്ങളുടെ കഥ മനോജ്ഞമായി ആവിഷ്കരിക്കുന്നു. വില 3-50

തെറ്റും ശരിയും
പന്മന രാമചന്ദ്രൻനായർ

മലയാള ഭാഷാപ്രയോഗത്തിൽ സാധാരണ സംഭവിക്കാറുള്ള തെറ്റുകൾ ചൂണ്ടിക്കാട്ടുന്നു. രസിയായ രീതിയിൽ പ്രതിപാദിക്കുന്നു.
വില 3-75

കീള്
പി. നരേന്ദ്രനാഥ്

കീള് എന്ന നായ. യജമാനൻ അപ്പുണ്ണി. അപ്പുണ്ണിയും നായയുംകൂടി കള്ളന്മാരെ പിടിക്കുന്നു. രസകരമായ കഥ.
വില 3-50

ഇതാണ് ലോകം
മൂർക്കോത്ത കുഞ്ഞപ്പ

ജാതിമതഭേദമെന്യേ ശാസ്ത്രദൃഷ്ടിയും ശാസ്ത്രീയവിജ്ഞാനവും നിത്യജീവിതത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ പ്രതിപാദിക്കുന്നു.
വില 3-25

അച്ഛൻ പറഞ്ഞതു്
കേശവൻ വെള്ളിക്കുളങ്ങര

ലളിതവും ആകർഷകവുമായ ശൈലിയിൽ വായുവിന്റെ ശാസ്ത്രകഥകൾ മുഴുവൻ ഇതിലൂടെ പറയുന്നു.
വില 2-25

നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം - 686001

നെ അറിഞ്ഞാലറിക്കുന്ന, പെരുകുന്നണിയിലോ, കുട്ടിക്ഷിധാരണയിലോ പെടാത്ത ഈ ഏകാന്തപഥികൻ; 'ഇസ്'അത്തിന്റെയും 'വാദ'ത്തിന്റെയും ചങ്ങലകളില്ലാത്ത വ്യക്തിത്വം. ഈ നിരൂപകന്റെ രണ്ടു രീതിയിൽ ഒരു തലമുറയുടെ അഭിരുചിയെ നിയന്ത്രിക്കാൻ കഴിയുന്നു. നിരന്തരമായ എഴുത്തിലൂടെ വായനക്കാരുടെ അഭിരുചിയെ നിരന്തരം നിയന്ത്രിക്കാൻ സാധിച്ചു് ചെറിയതോതിലല്ല നേട്ടമുണ്ടാക്കിയതു്. ക്ഷുദ്രകൃതികൾ ധാരാളമായുള്ള 'കച്ചവട'യുഗം അനുഗ്രഹത്തെപ്പോലെ നിരന്തരമായിരുന്നു ചെയ്തിട്ടില്ലെന്നോർക്കണം. ചീത്തക്കൃതികൾ ഉടനടിതന്നെ പ്രചാരമേൽക്കുമെന്നറിയുന്നവർ, അങ്ങനെയൊരു സാഹചര്യത്തിനു മുതിരുകയില്ലല്ലോ. അറിഞ്ഞുകൊണ്ടു് എടുത്തുചാടുന്നവർക്കു് സാഹിത്യം സാഹിത്യമല്ല. അവരെ നിയന്ത്രിക്കാൻ ഒരു നിരൂപകനും സാധ്യമേയല്ല. ചുരുക്കത്തിൽ വായനക്കാരെയും സൃഷ്ടാക്കളെയും, വിശ്വസാഹിത്യത്തിന്റെ വെളിച്ചത്തിൽ നിരന്തരം സംവിധാനിക്കുകയും നിയന്ത്രിക്കുകയും; തന്മൂലം അവരുടെ അഭിരുചിയിൽ മാറ്റംവരുത്തുകയുംചെയ്യുന്ന പ്രൊഫ. എം. കൃഷ്ണൻനായരുടെ, കേസരിയുടെ ദീർഘദർശിത്വത്തോടെ ഭാവിനിരൂപണസാഹിത്യത്തിന്റെ ഗതിയെ മുൻകൂട്ടിക്കാണുന്നതെന്നു തോന്നുന്നു. നമ്മുടെ നിരൂപണസാഹിത്യത്തിനു് തളർച്ചയുണ്ടെങ്കിൽ, അതു് ഗ്രൂപ്പുകളുടെയും 'ഇസ്'ങ്ങളുടെ തൽപ്പരകക്ഷിയുടെയും കാവൽനായ്ക്കളായി നിരൂപകർ സ്വയം അധഃപതിച്ചിട്ടാണു്. സ്വാതന്ത്ര്യത്തോടെ മുൻപോട്ടുകുതിക്കുന്നവർക്കു് 'പട്ടി'യെന്ന വിളി കേൾക്കേണ്ടിവന്നാലും, വിലകുറഞ്ഞ ആക്ഷേപത്തിൻറെനേരെ ക്ഷോഭിക്കേണ്ടതില്ല. എന്നാൽ കാവൽനായ്ക്കളാണോ എന്നു് സ്വയം പരിശോധിച്ചു നോക്കേയാണാവശ്യം. നാളത്തെ നിരൂപണം നന്നാകണമെങ്കിൽ, സ്വതന്ത്രമാകണമെങ്കിൽ, ഇന്നത്തെ നിരൂപകർ കാവൽനായ്ക്കളാകാതിരിക്കണം. കേസരിയുടേയും എം. കൃഷ്ണൻനായരുടേയും സഹോദ്യുവിതം അതാണാവശ്യപ്പെടുന്നതു്.

—ാ—

മുഖത്ത് ഇടയ്ക്കിടെ ഞെട്ടിപ്പിച്ചുകൊണ്ടിരുന്ന പോലീസുകാരനെ നിങ്ങൾ തുടർച്ചയായി കാണുന്നുണ്ടോ?" ഹെർക്കുലീസ് പൊയ്റോട്ട് ചോദിച്ചു.

'ഇല്ല, കാണുന്നില്ല.'

'അയാൾ ഇപ്പോൾ ഇവിടെയുണ്ടോ?'

'ഇല്ല, അയാൾ പോയിട്ട് കുറച്ചുനേരമായി.'

'അയാൾ എന്തിനാണ് വന്നതെന്ന് പറഞ്ഞോ?'

'ഇല്ല, അയാൾ ഒന്നും പറഞ്ഞില്ല. ഞാൻ ചോദിച്ചപ്പോൾ അയാൾ ഒന്നുമില്ലെന്ന് പറഞ്ഞു. ഞാൻ കരുതുന്നത് അയാൾ ഞങ്ങളെ ഒന്നു കാണാൻ വന്നതാണെന്നാണ്.'

'ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ? നിങ്ങൾ ഇപ്പോൾ ഒരു കുഴപ്പത്തിലാണ്. നിങ്ങൾക്ക് ഒരു സുഹൃത്തിന്റെ ആവശ്യമുണ്ട്. ഞാൻ ആ സുഹൃത്താകാൻ ശ്രമിക്കട്ടെ?'

'ഓ, തീർച്ചയായും.'

'നിങ്ങൾ എന്നോട് എല്ലാം തുറന്നു പറയണം. ഒന്നും ഒളിച്ചുവയ്ക്കരുത്. നിങ്ങൾ ഒന്നും ഒളിച്ചുവയ്ക്കുന്നില്ലെന്ന് എനിക്കറിയാം. പക്ഷേ, ഇപ്പോൾ അതിനെ തുടർന്നുപോകരുത്. എന്നെ ഇപ്പോൾ ഒരു ശത്രുവായി കാണരുത്. ഞാൻ നിങ്ങളുടെ സുഹൃത്താണ്. ഞാൻ നിങ്ങളെ സഹായിക്കാൻ വന്നതാണ്. നിങ്ങൾ എന്നോട് സത്യം പറയണം.'

'ഞാൻ പറയാം.'

'നിങ്ങൾ ഒരു കുറ്റവാളിയാണെന്ന് എനിക്കറിയാം. പക്ഷേ, നിങ്ങൾ ഒരു കൊലപാതകിയല്ല. നിങ്ങൾ ഒരു കൊലപാതകിയല്ലെന്ന് എനിക്കറിയാം. നിങ്ങൾ ഒരു കൊലപാതകിയല്ലെന്ന് നിങ്ങൾക്കുതന്നെ അറിയാം. നിങ്ങൾ ഒരു കൊലപാതകിയല്ലെന്ന് ഈ പോലീസുകാരനും അറിയാം. അതുകൊണ്ടാണ് അയാൾ നിങ്ങളെ ഇടയ്ക്കിടെ ഞെട്ടിപ്പിക്കുന്നത്. അയാൾ നിങ്ങളെ ഒരു കുറ്റവാളിയായി കാണുന്നു

"അവനു് എന്നെക്കാണാൻവരുമ്പോൾ ഒരുകുപ്പി ബ്രാണ്ടികൂടി വാങ്ങിക്കൊണ്ടുവരാൻ പറയണം. എന്റെ ഒരു സ്നേഹിതൻ ഗൾഫിൽനിന്നും വന്നിട്ടുണ്ടു്. ഇഷ്ടനു ഒരു സൽക്കരിക്കാനാണു്. ബ്രാണ്ടിയുടെ വില ഇവിടെവരുമ്പോൾ കൊടുക്കാമെന്നു പറയണം,"

"ങ്യേ! അതു് ഞാനവരുമ്മക്കാണു് മേടിപ്പിച്ചു" വീട്ടിലെത്തിച്ചോളാം, പോരെ?"

"മതി മതി"

ഞാൻ ഫോൺ താഴ്ത്തുവച്ചിട്ടു് ഗൾഫനോടു പറഞ്ഞു:

"സ്നേഹിതാ ബ്രാണ്ടി ഇപ്പോൾ ഇവിടെയെത്തും. എന്നെത്തിരക്കി ആപ്പീസിൽ രണ്ടുപേർ വന്നു, അവർ വാങ്ങിക്കൊണ്ടുവരും"

ഗൾഫനു് അത്രിഷ്ടമായെങ്കിലും, ഗൾഫനിന്റെ ധർമ്മരോഷങ്ങൾക്കതിഷ്ടപ്പെട്ടില്ല. മദ്യം ഉപയോഗിക്കരുതെന്നു മത്തായിനെ ഉപദേശിക്കുന്ന കൂട്ടത്തിലാണവർ.

അമ്മണിക്കുറായിട്ടും അവരെ കാണുന്നില്ല. ബ്രാണ്ടിയുടെ കാര്യം പറഞ്ഞതുകാരണം ഇനി വരാതിരിക്കുമോ? ജോലിയുടെ പ്രശ്നമല്ലേ, വരാതിരിക്കില്ല. ആവശ്യം അവനുള്ളതാണു്, ഒരു പക്ഷേ, എന്നെ പ്രീതിപ്പെടുത്താൻ വേണ്ടി നേരിട്ടു പകരം രണ്ടുകുപ്പി കൊണ്ടുവന്നേക്കുമോ?

ഗൾഫൻ പുഞ്ചിരിയോടെ പറഞ്ഞു:

"ബ്രാണ്ടി കൊണ്ടുവരുമ്പോഴേക്കും ഞാൻ വടക്കേ വീട്ടിലൊന്നു കേറിയിട്ടു വരാം. അങ്കളുടെ ചേട്ടനെയും മറ്റും ഒന്നു കാണട്ടെ. കുടികഴിഞ്ഞു് അങ്ങോട്ടു ചെന്നാൽ കുഴപ്പമാണു്"

ഇഷ്ടൻ അങ്ങോട്ടുനടന്നു. ക്ഷണം എന്റെ മക്കളും ഭാര്യയും പോയി. തലവേദനയായതുകാരണം ഗൾഫന്റെ ഭാര്യ സരളയെ എന്റെ മുറിയിൽ കിടക്കയും വച്ചിരുന്നു.

അവർക്കു് മുപ്പത്തഞ്ചുവയസ്സു പ്രായംകാണും. എങ്കിലും അമ്പതിന്റെ പട്ടക്കണ്ണും. മൊത്തം തുടിയുടെ കാൽഭാഗത്തോളം നരയുടെ കൈവശാവകാശത്തിലാണു്. എങ്കിലും ഉടൽപ്പൂക്കളുടെ യൗവ്വനശ്രീയുടെ വിളംബരംപോലെ നിൽക്കുകയാണു്.

ഞങ്ങൾ മുറിയിൽ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരു ഓട്ടോറിക്ഷാ മുറ്റത്തുവന്നുനിന്നു. ഹാവൂ! ഞാനൊന്നു നെടുവീർപ്പിട്ടു.

എണീറ്റു നോക്കിയപ്പോൾ എന്റെ വല്യമ്മാവനും മകൻ ഉണ്ണിക്കൃഷ്ണനുംകൂടി തിണ്ണയിലേക്കു കയറിവരുകയാണു്. തലേദിവസം ആപ്പീസിൽ വന്നവർ ബ്രാണ്ടിയും വാങ്ങിക്കൊണ്ടുവന്നതുകണ്ടനാണു കരുതിയതു്. അവരിപ്പോൾ ബ്രാണ്ടിയും വാങ്ങിക്കൊണ്ടു വരുന്നതു് അമ്മാവൻ കണ്ടാൽ കുഴപ്പമാകും.

അമ്മാവനെ ഞാൻ തൊഴുതു. ഞാനും ഗൾഫനിന്റെ ഭാര്യയുംകൂടി ഇരുന്ന മുറിയിലേക്കു് അമ്മാവൻ കയറിവന്നു, കൈയിലിരുന്ന ബാഗിൽനിന്നും ഒരു ബ്രാണ്ടിക്കുപ്പി എടുത്തു് മേശപ്പുറത്തുവച്ചു. എന്നിട്ടു് എന്നെയും സരളയേയും മാറി മാറി നോക്കി ഒരു നിമിഷം നിന്നതിനുശേഷം പറഞ്ഞു:

"എടാ, നിനക്കു ബ്രാണ്ടി വാങ്ങിക്കാനുത്തരവാൻ നിന്റെ വേലക്കാരനായി എന്നെ മാത്രമേ നീ കണ്ടുള്ളൂ. അല്ലേ? നിനക്കു കുടിക്കാൻവേണ്ടി ഗൾഫിനു വന്ന നിന്റെ സ്നേഹിതനു കൊടുക്കാനാണെന്നു നീ ആപ്പീസിലേക്കു വിളിച്ചുപറഞ്ഞതുകാരണം നേരത്തെ കരുതി ഞാൻ വാങ്ങിച്ചോണ്ടുവന്നതാ. ഇവിടെ വന്നു കണ്ട ഉടുപ്പഴുക്കില്ല നിന്റെ പരിചാരികൾ ഇതാണെന്നു മനസ്സിലായതു്."

അമ്മാവന്റെ ആക്രോശം കേട്ടപ്പോൾ ഞാൻ എള്ളിൽവീണ കുച്ചിനപ്പോലെയായി. കണ്ണുന്ന കണ്ണോടെ അമ്മാവൻ സരളയെ നോക്കിയിട്ടു് എന്നെനോക്കി തിരിച്ചും നോക്കിയിട്ടു് ഗർജ്ജിച്ചു. 'സാഹിത്യകാരന്മാർക്കു് ഭാര്യയും മക്കളുമില്ലേ? തീരുന്നെങ്കിൽ തീരട്ടെ'."

ഇടർന്നു് എന്നോടു് ഒരു ചോദ്യം.

"ഈ കിളവിയോടൊന്നും നിന്റെ മതിമോഹങ്ങൾ?"

ഈശ്വരാ! വടക്കേ വീട്ടിൽപോയ ഗൾഫനും എന്റെ ഭാര്യയും മക്കളും ഏതുനിമിഷവും വന്നു് എന്റെ നിരപരാധിത്വം തെളിയിക്കുമെന്നു ഞാൻ പ്രാർത്ഥിച്ചു. അവർ പെട്ടെന്നു വന്നാൽ അമ്മാവനെ സംശയം തീർന്നുകൊള്ളും. ഈ പാഠശിശുവന്ന ചക്കിനുവച്ചതു്, വല്യമ്മാവനാകുന്ന കൊക്കിനാണു കൊണ്ടതെന്നു തോന്നിയതു?

ഞാൻ വടക്കേ വീട്ടിലേക്കു നോക്കി. അവരെ കാണുന്നില്ല. സരള എന്തുപറയണമെന്നറിയാതെ നാവിറങ്ങിയമട്ടിൽ തിണ്ണമേൽ വിറച്ചിരിക്കുകയാണു്,

അവർ അവിടെ ഉള്ളതു് ഇഷ്ടിക്കുകയാണോ? എനിക്കതിശയവുമായി. അമ്മാവനും മകനുംകൂടി അടുക്കളയിലും മറ്റു മുറികളിലും കയറിയിറങ്ങിവരുന്നു. എന്റെ മുറിയിൽ വന്നു, എന്നിട്ടു് ഒട്ടാപിടിച്ചു പല്ലു ഞെരിച്ചു നിൽക്കുകയാണു്; സംഹാരമൂർത്തിപോലെ.

ബ്രാണ്ടിക്കുപ്പി ഇനിയെല്ലാം ഒരു ശുഭസാക്ഷിയെന്നപോലെ പിടലിയുംനീട്ടി ഇരിക്കുകയാണു്. അമ്മാവൻ ബ്രാണ്ടിക്കുപ്പി എടുത്തു്, ഇതുടിക്കുടെ തലയിൽക്കാഞ്ഞിയ പെരിയസ്വാമി തേങ്ങാ ഏറിയുന്നതുപോലെ തിണ്ണയിൽ ഒരേറുവച്ചുകൊടുത്തു. ഏറുകഴിഞ്ഞു പറഞ്ഞു:

"അങ്ങനെ നിയും ഈ മദിരാക്ഷിക്കുട്ടിയെ എന്റെ കാശുകൊടുത്തുവാങ്ങിയ ബ്രാണ്ടി കുടിച്ചു സുഖിക്കേണ്ട. നാണംകെട്ടവൻ! ഭാര്യേം പിള്ളേരേം എവിടെയോ പറഞ്ഞയച്ചിട്ടു് ഇതാണോ നിന്റെ പണി. അല്ലേ?"

അമ്മാവൻ മകനേയും വിളിച്ചുകൊണ്ടു് തറ ചവിട്ടിത്തുപ്പിച്ചു നടന്നുപോയി. അമ്മാവനും ഉണ്ണിക്കൃഷ്ണനുംകൂടി എന്തിനാണാവന്നതെന്നു ചോദിക്കാൻപോലും എന്റെ നാവനങ്ങിയില്ല, ഞാൻ കുറേനാട്ടിയതുപോലെ നിന്നപ്പോൾ അമ്മാവൻ പോകുന്നവഴി പറയുന്നതു കേട്ടു:

"ഞങ്ങളാരും ഞങ്ങടെ അമ്മാവനാരെക്കൊണ്ടു് കള്ളും ബ്രാണ്ടീം ഒന്നും വാങ്ങിപ്പിച്ചിട്ടില്ല. കലികാലവിശേഷം!"

ഞാനുകേട്ടു് ഇടിയാച്ചോറുതുപോലെ നിന്നപ്പോൾ ഗൾഫന്റെ ഭാര്യ മുഖംകുനിച്ചിരിക്കുകയായിരുന്നു. ജോസഫ്സാറിനെ കാര്യംപറഞ്ഞതുകൊണ്ടായോ? ഓഫീസിൽ ചെന്നതു് അമ്മാവനും മകനുമാണെന്നു് ഞാനോ ജോസഫ്സാറോ അറിഞ്ഞോ? എങ്കിൽ ഈ കുരുത്തക്കേടു് ഫോണിലൂടെ പറയുമായിരുന്നോ?

അല്പസമയം കഴിഞ്ഞപ്പോൾ ഗൾഫനും ഭാര്യയും മക്കളും വന്നു. ബ്രാണ്ടികുടിക്കാനുള്ള ആർത്തിയോടെയാണു് ഗൾഫൻ വന്നതു്. മുറിയിൽ അളംകെട്ടിക്കിടക്കുന്ന ലഹരിമായയെനിയും കുപ്പിമുറിയുംകണ്ടു് ഗൾഫൻ ചോദിച്ചു:

"ഞാൻ കുടിക്കരുതെന്നുവച്ചു് എന്റെ ഭാര്യ കുപ്പി തല്ലിപ്പൊട്ടിച്ചുകളഞ്ഞിരിക്കും, അല്ലേ?"

അതുകേട്ടു് എന്നെയും സരളയുടെയും നാവു് അനക്കമറ്റു കിടന്നു. അപ്പോൾ, സ്നേഹിതന്റെ മുഖം കുറുനരിവാവു് കേറി നിറഞ്ഞിരുന്നതുപോലെ ഇരുണ്ടുമൂടുകയായിരുന്നു.

പുടവകളുടെ പൂന്തോട്ടം

'രാധിക' A/c

ജവുളികളുടെ സാഗരം

'രത്നമഹാൾ'

ബോണ്ട് ഡിഡയിംഗ് തുണിത്തരങ്ങൾക്ക്

'ബിനുസ്' A/c

കൊല്ലം നഗരത്തിലെ വസ്ത്രങ്ങളുടെ വസന്തകാലികകൾ

കേരളത്തിൽ

കൃഷിഭൂമി കർഷകനു നൽകിയ
മഹത്തായ ഭൂപരിഷ്കരണത്തിന്റെ
രണ്ടാം ഘട്ടം
കുടികിടപ്പുഭൂമി ലഭിച്ചവർക്ക്
വാസയോഗ്യമായ വീട് വയ്ക്കാൻ
ഉദാരമായ ധനസഹായം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ
സഹായത്തോടുകൂടി നടപ്പാക്കുന്നു

★ അവശതയുടെയും അസമത്വത്തിന്റെയും കറുത്ത പാടുകൾ
പാടേ മാറുവോളം

★ ഒരു പുതുയുഗപ്പിറവിക്കു കളമൊരുക്കുവോളം

കേരളം കാട്ടുന്ന മഹത്തായ മാതൃക

പബ്ലിക് റിലേഷൻസ് വകുപ്പ്, കേരളസർക്കാർ

ഒരു ജനകീയസാഹിത്യപ്രസ്ഥാനമുണ്ടാകണമെന്നു നോവലിന്റെ പിറവി. എല്ലാവർക്കും തൊണ്ണൂറു വർഷത്തിൽക്കുറയാതെ ഇന്ദ്രിയസുഖപ്രദമായ ഒരു മാസത്തിനകം അതു് അരങ്ങിലെത്തിച്ചുകൊടുക്കുവാനും സാമാന്യവിദ്യാഭ്യാസത്തിനു് പ്രാപ്തമാകുംവണ്ണം വായിക്കാനറിയുന്നവരുടെ മുണ്ണും പേജുകളുടെ എണ്ണവും ചെയ്യുന്ന ഘട്ടത്തിൽ. ജനങ്ങളുടെ പാരായണാസക്തിക്കു പറ്റിയ സൃഷ്ടിയെന്ന നിലയിൽ നോവലിനും പ്രചാരം വർദ്ധിക്കുന്നു. മത്സരബുദ്ധിയുണ്ടാക്കുകയും ചെയ്തു കാലക്രമേണ. 1892-ൽ ഡിക്കൻസിന്റെ നിയിൽ വന്ന നിരൂപണത്തിൽ ഒരു പ്രസ്താവം നോക്കുക: "സാധാരണമനുഷ്യനു് അറിവും പരിപ്പും നൽകുന്നതായ ഗ്രന്ഥവല്ലതുമുണ്ടെന്നു ഭൂരിപക്ഷത്തിന്റെ മുഖ്യവിനോദമായ ഒരു ലക്ഷ്യത്തെത്തന്നെയതിലാണു് ഇതു പ്രസ്താവം ഊന്നുന്നതു്.

ഇംഗ്ലീഷുനോവലിനു് 90 വർഷത്തെ പഴക്കമേ ഉള്ളൂവെങ്കിലും, ഇതിൽക്കുറഞ്ഞ കാലംകൊണ്ടു് വായനയിൽ തൽപരരായ വർദ്ധിപ്പിക്കുകയും ഏതു വർഗ്ഗം നിർവ്വഹിക്കുന്നതിൽ നോവൽ വിജയിച്ചിട്ടുണ്ടു്, മുൻപൊക്കെ രാജാക്കന്മാരും, ഹൃദയപ്രധാനികളായ ഏഴുള്ളകാര്യങ്ങളും പ്രോത്സാഹകങ്ങളായിരുന്നുവല്ലൊ. വായനയിൽ അഭിരുചി വർദ്ധിക്കുകയും പുസ്തകങ്ങൾക്കു് ആവശ്യക്കാർ കൂടുകയും ചെയ്തപ്പോൾ പുസ്തകക്കച്ചവടക്കാർ—പ്രസാധകവർഗ്ഗം—രംഗം പിടിച്ചടക്കി. ഭരണാധികാരത്തിന്റെ സ്വഭാവം മാറി, പുസ്തകം പ്രസാധകർക്കു

ഇന്ത്യൻ വ്യവസായം

ടി. പ്രേം. നമ്പൂതിരി

അൽപ മനസ്സിനെ എല്ലായ്പോഴും വിനോദിപ്പിക്കുകയോ മസിപ്പിക്കുകയോ ചെയ്യുന്ന മാതിരിയിലല്ലാത്തതുകൊണ്ടു് ആവക പുസ്തകങ്ങളുടെ പ്രചാരംകൊണ്ടു മാത്രം വായിക്കുന്നതിനുള്ള അഭിരുചിയുടെ പ്രചാരമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ നോവൽ അതേ അറിവും പരിപ്പും എല്ലാവർഗ്ഗത്തിലും മനസ്സിനെ വിനോദിപ്പിച്ചും കൊണ്ടു് കൊടുക്കുന്നതിനാൽ ജ്ഞാനത്തിലും പരിഷ്കാരത്തിലും ജനസാമാന്യത്തെ ഉദ്ധരണം ചെയ്യുന്നതിനു് മുഖ്യപ്രധാനമാർഗ്ഗമായ ഈ അഭിരുചിയെ ഉണ്ടാക്കുന്നതിനു് നോവലിനെപ്പോലെ മറ്റൊന്നുമില്ല."

ജനങ്ങൾക്കു് വായനയിൽ അഭിരുചി ഉണ്ടാക്കുക, അവരെ പ്രലോഭിപ്പിക്കുക,— നോകൂടുവെച്ചുകൊടുത്തു. ആളുകളുടെ അഭിരുചി ഞാനിന്നു് അതിനു പറ്റിയ സാധനങ്ങൾ മാർക്കറ്റിലാക്കുന്നതിലാണു് പ്രസാധകരുടെ കണ്ണു്. ആളുകളുടെ അഭിരുചിയറിഞ്ഞു് എന്നു പറയുമ്പോൾ വായനക്കാർക്കു് ആക്ഷേപകരമായും വായനക്കാരിൽ പ്രത്യേകതരം അഭിരുചിയെ സൃഷ്ടിച്ചുകൊണ്ടു് അതിനെ പുഷ്ടമായി ചെയ്യുന്നു എന്നു പറയുന്നതായും ഇതു് ശരി. ഇതു് എഴുത്തുകാരെ ഗുണവും ദോഷവുമുളവാക്കിയിട്ടുണ്ടു്. പ്രസാധകരുടെ പുഷ്ടമായ നിലയോടുകൂടി വന്നേക്കാമെന്നതാണു് ദോഷം. വ്യക്തികളുടെ ആശ്രിതവാത്സല്യത്തിനു് കാക്കാതെ പുസ്തകം പ്രസിദ്ധം ചെയ്യാം, പ്രശസ്തമാകാം എന്നതു ഗുണപക്ഷമാണു്. പുഷ

ഞങ്ങിനിടയാക്കേണ്ടം. എന്നങ്കിലുപരി, ഏഴുള്ളുകാരെന്ന സംബന്ധിച്ചിടത്തോളം ഒരു പക്ഷേ കൂടുതൽ മോക്ഷം കൊടുക്കുക, അയാൾ പ്രസാധകന്റെ ആവശ്യാനുസരണമോ, സ്വയം ലാഭേച്ഛുവാകുന്നതിനാലോ ബഹുജനങ്ങളിൽ അങ്ങിനിന്ന അരം കുഴിഞ്ഞ അരിചിചികളെ തുപ്പിപ്പുട്ടുന്ന കൃതികൾ രചിച്ചുകൊണ്ടിരിയ്ക്കും, അങ്ങനെ ഒരു കലാകാരനെന്ന നിലയിൽ തന്നോടു സ്വയം ആത്മാർത്ഥതയോ സത്യസന്ധതയോ പുലത്താതെ അരം തായേണ്ടിവരും. എഴുത്തു ദോഷം ഭയം. സാഹിത്യത്തിൽ പാണിജ്യവൽക്കരണത്തിന്റെ ഫലമായി "ടുല്ലനാപരോഗ"സമ്പ്രദായവും "മാസ്" പ്രൊഡക്ഷ"നും നിലവിക്കും,

മലയാളത്തിൽ നോവലിനെ സംബന്ധിച്ചിടത്തോളം ഈയൊരു സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടെന്നിരിക്കട്ടെ. നോവലുകളുടെ എണ്ണത്തിലുള്ള പെരുപ്പമല്ല, മുരിമാഗം കൃതികളുടേയും പൊള്ളത്തരവും ദുഷകരവുമാണ് ആശങ്കാജനകമായ വസ്തുത. വേണ്ടത്ര ജീവിതാനുഭവവും വിവേചനബുദ്ധിയും പ്രതിഭാശക്തിയുമൊന്നുമില്ലാത്ത വളരെപ്പേർ നോവലിസ്റ്റുകളായി രംഗത്തു വന്നിരിക്കുന്നു. കൂടുതൽ മാർക്കറുള്ള "ചക്കര"കളാൽ, നോവലെന്ന പേരിൽ എഴുതിക്കിട്ടുന്നതെല്ലാം പ്രസാധകർ ഒരു പരിശോധനയും കൂടാതെ അച്ചടിച്ചു വിടുന്നു. ആരോഗ്യത്തിനു പകർപ്പുവകാശം മന്നിച്ചു വാങ്ങിയിട്ടാകും പലപ്പോഴും ഈ കച്ചവടം. നമ്മുടെ പ്രസാധകസ്ഥാപനങ്ങൾക്കൊന്നിനും കൃതികളുടെ ഗുണപരിശോധനയ്ക്കോ, 'എഡിറ്റിംഗി'നോ അർഹതയോ മൂല്യബോധമോ ഉള്ള ഒരു കേന്ദ്രം ഇല്ല. എടുപ്പം ഒഴിവാക്കുവാനുള്ള ധനവ്യയത്തെപ്പോലും അതു".

ഇങ്ങനെ നോവലെന്നപേരിൽ ഉത്തരം ഇറങ്ങുന്ന കച്ചവടച്ചരക്കുകൾക്ക് പൊതുവെ ആരോ നൽകിയ മസികൻ ചീത്തകളാണ് ഇക്കിളിസാഹിത്യം, ഒപ്പെങ്കിളി നോവലുകൾ എന്നൊക്കെയും. ഇവയിൽ മിക്കതും വാരികകളിൽ ഇടർക്കഥകളായിട്ടാകും ആദ്യം പ്രത്യക്ഷപ്പെടുക. ഒന്നോ, രണ്ടോ ഇടർനോവലുകളുണ്ടായാലേ പ്രസിദ്ധീകരണങ്ങളുടെ സർക്കുലേഷൻ കൂട്ടാനോ, കുറച്ചാനോ കഴിയുള്ളു. പക്ഷേ, ഞങ്ങിനെ ഇടർനോവലുകൾ പ്രസിദ്ധം ചെയ്യുമ്പോൾ ഇനപരമായ ഒരു നിയന്ത്രണംകൂടി വേണമെന്നതിൽ പൊതുവെ നിഷ്കർഷ കാണാറില്ല". ബഹുജനങ്ങൾക്ക് എളുപ്പം വായിച്ചു രസിക്കുവുന്നതും വല്ലഭമാർക്ക ശ്രദ്ധിച്ചുവരുന്നതുമായ സാഹസസംഭവങ്ങളും വളരെ അപൂർവ്വമായിട്ടെങ്കിലും ആവശ്യമായ വാങ്മികളും മാസികകളും ആവശ്യമാണ്. അതിലൊക്കെ പ്രസിദ്ധപ്പെടുന്ന നോവലുകൾക്ക് ഇതുപോലെ പോരാത്തവയെന്ന ആക്ഷേപം അസ്ഥാനത്താകും. രായാണ വയസ്കന്മാരുടെ അങ്കിച്ചികളെ വികലമാക്കാതിരുന്നാൽ കൊള്ളാം. ഇന്നത്തെ കൃതികൾ ഏന്നു് ആശ്രമിക്കാനെ പാടുള്ളു.

ഇവിടെ നാം ഒന്നു മനസ്സിലാക്കാതെ പോകുന്നു". നോവലെന്നുപറയുമ്പോൾ ഉടനെ ഡോസ്റ്റോയ്വ്സ്കിയുടേയും തോമസ് മനിന്റേയും ടോൾസ്റ്റോയ്യുടേയും മറ്റും ഗംഭീരകൃതികളെ മനസ്സിലാക്കുന്നു. മാവേതുപങ്ങൾക്ക് വളരെ ഭാവവിധ്യമുള്ള കലയാണു് നോവൽ. അതിൽ ആവിഷ്കരിക്കുന്ന ജീവിതാനുഭവങ്ങളുടെ ആഴത്തിനും പരപ്പിനുമൊക്കെ പല അളവുകളുണ്ടാകാം. പ്രശസ്ത നോവലിസ്റ്റായ ജെയ്ൻ കാസ്റ്റിൻ നിർദ്ദേശിച്ചതുപോലെ. നോവൽ മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ഏറ്റവും ഭംഗിയായ വിജ്ഞാനം, അതിന്റെ ഭാവവിധ്യങ്ങളുടെ ഹൃദയസ്പർശകമായ ചിത്രം. നല്ലരീതിയിൽ പകർന്നതെന്ന കലയാകണം. കാച്ചുകുറുക്കുകൂട്ടുകൾ ആവശ്യപ്പെടാം. സ്റ്റെന്തോൽ നോവലിനെ നിർവ്വചിച്ചിട്ടു "റോഡിലൂടെ നീണ്ടുനീങ്ങുന്ന കണ്ണാടിയെന്നാണ്". പക്ഷേ, നോവൽ കണ്ണാടിയെപ്പോലെ ജീവിതം അതേപടി പ്രതിഫലിപ്പിച്ചാൽ പോരാ. മനുഷ്യപ്രകൃതിയെ ഭദ്രമായി പ്രതിഫലിപ്പിക്കണം. ജീവിതത്തെ നോവലിസ്റ്റിന്റെതായ ഒരു കാഴ്ചപ്പാടിലൂടെ ദർശനത്തിലൂടെ ദ്രശ്യപ്പെടുത്തി ഹൃദയസ്പർശകമായി ആവിഷ്കരിക്കണം.

'ഇക്കിളി—ഒപ്പെങ്കിളി'സാഹിത്യമായിറങ്ങുന്ന കൃതികൾക്കൊന്നും ഈ സ്വഭാവമില്ല. അവ നിമ്നപദ്രവങ്ങളായ സമയം കൊല്ലികൾമാത്രമായിരുന്നാൽ പൊറുക്കാമായിരുന്നു. മിക്കതും അങ്ങനെയെല്ലെന്നതാണപകടം. സാർത്ഥകമോ, പ്രകാശനക്ഷമമായ ജീവിതാനുഭവമെന്ന അവയിൽ ഉണ്ടാകില്ല. ഒരുതരം വഴുവഴുപ്പൻ 'സാഹിത്യ'മായതിൽ, ഏങ്ങും ഉടക്കാവുന്ന 'കൊളുത്ത'പോലുള്ള വർണ്ണനകളും സ്ഥൂലസംഭോഗങ്ങളും വളരെ അപൂർവ്വമായിട്ടെങ്കിലും, അതിലുകിൽ അതിസാധാരണമായ സംഭവങ്ങളാൽചിത്രിക്കുന്ന ഒരു കുടുംബജീവിതമെങ്കിലും അല്ലെങ്കിൽ, സ്ത്രീജീവിതത്തിലെ ഏതെങ്കിലും അടുത്ത വ്യാപാരമായ സമൂഹപരിസരങ്ങളുടെ സ്ഥൂലചിത്രമെങ്കിലും—വളരെ സൂക്ഷ്മനൈപുണ്യത്തോടെ ഇതൊക്കെയുണ്ടെങ്കിൽ, സാമാന്യവിദ്യാഭ്യാസമുള്ള സ്ത്രീജനങ്ങളായിരിക്കും ഇത്തരം നോവലുകളുടെ നിത്തരപോഷണക്കാർ അധികവും. അവരുടെ ദൃഢവിശ്വാസങ്ങളേയും അഭിരുചിവൈകല്യങ്ങളേയും ഒരളവുവരെയെങ്കിലും തൃപ്തിപ്പെടുത്താൻകഴിഞ്ഞാൽ നോവൽക്കാരൻ വിജയിച്ചു. അനിവാര്യമായ മനുഷ്യാനുഭവത്തെ ആകാവുന്നത്ര ശ്രദ്ധയോടെ ആത്മാർത്ഥതയോടെ പിടിച്ചെടുക്കാനുള്ള പരിശ്രമമില്ല. അനുഭവങ്ങൾക്ക് ഉപരിപ്ലവമായ അർത്ഥം കൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനുപുറമെ ഭാഷയുടെ ദുരുപയോഗവും. ഇവയെല്ലാം ചേർന്നു് ഇന്നത്തെ ഇക്കിളിനോവലുകളിൽ കൊള്ളാവുന്നവയുടെ ശതമാനം എത്രയോ, ഒന്നോ രണ്ടോ വരും? നമ്മുടെ ശരാശരി വായനക്കാർ നോവലിനെ നമ്മെ പിടിക്കുന്നതു" ഒരു നോട്ടക്കാരന്റെയുള്ളിൽ കൊള്ളുന്നതുപോലെയാണെന്നു" എലിസബത്ത് ഡ്രൂ പറഞ്ഞതാർത്ഥവത്തായ വഴിവക്കിലെ ഒരു നോട്ടക്കാരൻപോലുമാകാൻ ആശാസത്തിന്റെ വിദേ ശിപക്ഷത്തിന്റെ സമയംകൊല്ലിനോവലുകൾക്കുള്ളു. അതുമാത്രമാണെങ്കിൽ നിരുപദ്രവമെങ്കിലും, എന്നാൽ കാമ്പും കഞ്ചാവുംകൊടുത്തു" സുഖിപ്പിക്കുപോലെ 'മസക്'സു'കൊടുത്തു" മയക്കിയാലോ?

ലൈംഗിക ചോദനയും" മനുഷ്യജീവിതത്തിൽ വളരെ പ്രാബല്യമുണ്ട്. ഈ ചോദനയെ ഫ്രോയ്ഡ്'സിനെപ്പോലുള്ള മനശ്ശാസ്ത്രജ്ഞന്മാർ മഹിമപ്പെടുത്തിയതിനുശേഷം ഒരു പരിധിവരെ സിദ്ധാന്തമെന്നപോലെ" "മതാപിതാക്കന്മാരോടുള്ള സംരക്ഷണവും നിയന്ത്രണവും കയ്യൊഴിയുക്കുന്നതിനുവേണ്ടിമാത്രം കുടുംബത്തിൽനിന്നു ചാടിപ്പോകുന്നതിനുള്ള" കലാകാരന്റെ ജനിതകനയും", ഈ ചൂടുതിരിച്ചാണു" സാഹിത്യത്തിലെ പ്രേരണകളും സാഫല്യനിയന്ത്രണവും തമ്മിൽ സംഘർഷമുണ്ടാകുന്നതു". വളരെയൊക്കെ ആവശ്യപ്പെടുന്ന സമൂഹവാസനകൾ മറ്റുള്ളവരെ അപേക്ഷിച്ചു" നോക്കുമ്പോൾ, കലാകാരനിൽ കൂടുതലുണ്ടു". അയാൾ ബഹുമതിയും അധികാരവും ധനവും കീർത്തിയും സ്ത്രീയുടെ പ്രണയവും കൂടെ വേണമെന്നാഗ്രഹിക്കുന്നു. പക്ഷേ, അതാനന്ദം നേടാനുള്ള മാർഗ്ഗമല്ലിതെന്നാകാം. സ്വപ്നാവസ്ഥയിലും അയാൾ അബോധമനസ്സിന്റെ പിടിയിൽനിന്നു പിൻതിരിയുകയും, മാനസ്സിക ജീവിതത്തിൽ ഈ ആഗ്രഹങ്ങളെ പൂർണ്ണമായി സാക്ഷാത്കരിക്കാനുള്ള അടങ്ങാത്ത പ്രേരണകളും അതിലാഷങ്ങളും മാനസികാവസ്ഥയിൽ, കലയിൽ, സാക്ഷാത്കരിക്കപ്പെടുകയാണു". അതുകൊണ്ടു് എല്ലാകലയും ചോദനകൾ പിടിച്ചിറക്കുന്നതിന്റെ ഫലമാണു". അവയെ തുപ്പിപ്പുട്ടുവാൻ രണ്ടു മാർഗ്ഗങ്ങളുണ്ടു"— ഒന്നു ദുർവ്യാപ്തമാണു; മറ്റൊരു കലയും. യഥാർത്ഥലോകത്തിൽ നേരത്തെ കഴിയാത്ത ബഹുജനം, അധികാരം, സ്ത്രീകളുടെ പ്രണയം എന്നിവയെല്ലാം അയാൾ കലയിലൂടെ നേടുന്നു. കല ഒരു മയക്കമരുന്നാണു"; യഥാർത്ഥ ജീവിതത്തിന്റെ തിക്തകങ്ങളിൽനിന്നുള്ള താൽക്കാലിക മോചനമാണു". എന്നാൽ കലയിൽ ഈ ചോദനങ്ങൾ സാരമായ രൂപാന്തരമുണ്ടാകും. രൂപാന്തരീകരണംകൊണ്ടു മാത്രമല്ല അബോധമനസ്സിലെ ചോദനകളെ ബോധതലത്തോടും, ബോധതലത്തെ സമൂഹസൃഷ്ടിയായ ഉന്നതബോധതലത്തോടും ഇണക്കിച്ചിപ്പിക്കാൻ സാധിക്കുകയുള്ളു. അങ്ങനെ

കരണം (Sublimation), പ്രതികവത്ക്കരണം, (Symbolisation), നാടകവത്ക്കരണം (dramatisation) തുടങ്ങിയ പ്രക്രിയകളിലൂടെയാണ്. രൂപാന്തരീകരണം സാധിക്കുന്നത്. ഈ പ്രക്രിയ സാധ്യമാകുന്നതോടെ കലാകാരന് അനുഭവത്തിന്റെ സാമാന്യമായ നിലപാടിൽ സാക്ഷാത്കരിക്കാൻ കഴിയുന്നു. വ്യക്തിയായ കലാകാരന്റെ അനുഭവത്തിനു് ആസ്വാദകന്റെ അനുഭവത്തിനു് ആസ്പദമാകുന്നതിലെ പ്രശ്നങ്ങളെ ഒഴിവാക്കുന്നു. കലയുടെ സാർവ്വലൗകികമായ അർത്ഥവും സാമൂഹ്യമായ പ്രധാനതയും രൂപപ്പെടുന്നതും, ഇതിന്റെ ഫലമായിട്ടാണ്. അങ്ങനെയൊരു നിലപാടിൽ എത്തുന്നതു മാത്രമേ കേവല സാമൂഹ്യാർത്ഥവുമായുള്ള അടുപ്പവും സാഹോദര്യവും ഉണ്ടായാൽ മതിയെന്നു, സ്വന്തം വഞ്ചിനി സാർവ്വത്രികമായ അർത്ഥത്തോടുകൂടിയ രീതിരൂപം കൊള്ളുകയുള്ളൂ.

കച്ചവടസാധനങ്ങളുടെ ലൈംഗിക വിശേഷങ്ങളുടെ നഗ്നവിവരണങ്ങളും അശ്ലീലയുണർത്തുന്നതും അടിക്കടി പേജ്ജ് കൊഴുപ്പേറുന്നതു് വായനക്കാരുടെ ലൈംഗിക വികാരങ്ങളെ ഉത്തേജിപ്പിച്ചു് അങ്ങനെ അവരെ പിടിച്ചുനിർത്തുക എന്ന ലക്ഷ്യത്തോടെയാണ്. എഴുത്തുകാരുടെയും വായനക്കാരുടെയും ആഗ്രഹ പൂർത്തീകരണം (wishful filment) പ്രാകൃതചോദനകളെ അടക്കമർപ്പിക്കണമോ പ്രതികവത്ക്കരണത്തിലൂടെ രൂപാന്തരപ്പെടുത്തി ഉദാത്തമാക്കിയിട്ടില്ല, അതുവഴി അവയിലെ സെക്സിനു് കലാത്മകമായോ കലയുടേതായ ജനിവാര്യതയോ, മാനസികമായ ആരോഗ്യദായകത്വമോ ഇല്ല. കള്ളോ കഞ്ചാവോ കുറച്ചു കൊടുത്തുകൊണ്ടിരുന്നതുപോലുള്ള ഒരു മാരകപ്രക്രിയയാണതു്.

സാഹിത്യത്തിനു സെക്സ് ഒരിക്കലും സെക്സിനുവേണ്ടിയായിരിക്കുന്നതു്. വ്യക്തിയുടെ മാനസിക ജീവിതത്തിന്റെയോ സാമൂഹികജീവിതത്തിന്റെയോ അഗാധയാഥാർത്ഥ്യങ്ങളെ കലാത്മകമായി പ്രകാശിപ്പിക്കുവാൻ അനിവാര്യമായി വരുന്ന ഘട്ടങ്ങളിലൊന്നിലായിൽ മാത്രമേ അതിനു് സാഹിത്യത്തിൽ സ്ഥാനമുള്ളൂ. തകഴി, ദേവു, ബഷീർ, മറ്റും സമുഹജീവിതങ്ങളുടെ പ്രകാശനത്തിനാണ്, സമൂഹനീതി ലൈംഗികവൃത്തികളെ വെളിപ്പെടുത്താൻ ജനിവാര്യമെന്നതാണു് ലൈംഗിക വാണിഭത്തെ ചിത്രീകരിച്ചതു്, അതിനും ചിലപ്പോൾ അതിപ്രചരിച്ചിട്ടുണ്ടെന്നതും ഇവിടെ വിസ്മരിക്കുന്നില്ല. സെക്സിൽ എന്താണിത്ര അറിയാനുള്ളതു് എന്ന ചോദ്യം കേൾക്കുന്നു. അറിയാനൊന്നുമില്ലെന്നതു് ശരി, പക്ഷേ അതു് അനുഭവിച്ചിട്തുതന്നെയും ഉള്ളതാകുമ്പോൾ, കഥാപാത്രങ്ങളുടേതായാലും യഥാർത്ഥമനുഷ്യരുടേതായാലും 'ഒപ്പുവസി'യാതൊരനിവാര്യതയുമില്ലാതെ മാറിക്കളയുമ്പോൾ അതു് അപ്പുളവാക്കുന്നതുകൊണ്ടുതന്നെ പറയുന്നുള്ളൂ. ഉബൈബിളിൽ അശ്ലീലമില്ലേ പുരാണങ്ങളിലില്ലേ. ഷേക്സ്പിയർ മനുഷ്യന് കൊടുപുണ്ണതന്ന — കോലമെന്നുള്ളതിൽ കാണാതെകണം' എന്നൊക്കെയുള്ള കീർത്തനങ്ങളിലില്ലേ? ചോദ്യകർത്താക്കൾ കുറേക്കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു — എന്തു്, എവിടെ, എങ്ങനെ അശ്ലീലമാകുന്നു എന്നു് തിരിച്ചറിയാൻ. സാഹിത്യത്തിലോ സിനിമയിലോ ഒക്കെ വാണിജ്യാനുകൂലമായ 'സെക്സ്' യഥേഷ്ടം കലർത്തുന്നവർ പറഞ്ഞേക്കാം. "അശ്ലീലം വായനക്കാരുടേയും പ്രേക്ഷകരുടേയും മനസ്സിലാണു്" വലിയ കണ്ടുപിടുത്തംതന്നെ. ഇവർ ഫ്രോയിഡിനുമുൻപു് ജനിക്കാഞ്ഞതു് കഷ്ടമായി. ആളുകളുടെ മനസ്സിലുള്ളതൊക്കെ കലയിൽ എങ്ങനെ ഏതിനുവേണ്ടി ഉപയോഗിക്കുന്നുമെന്നതാണു് പ്രശ്നം. നോവൽ ദുരിതക്കിക്കാൻ ഡോക്ടർ കത്തി ഉപയോഗിക്കുന്നു. ആ കത്തി കൊലപാതകിയുടെ കൈയിൽ എന്താകുന്നു?

<>

> വടികൾക്കും കല്ലുകൾക്കും എന്റെ എല്ലുകളെ തകർക്കാൻ കഴിഞ്ഞേക്കും. പക്ഷേ, വാക്കുകൾക്ക് മനസിക്കുവും എന്നെ വേദനിപ്പിക്കാനാവില്ല. —ആനൺ
> അന്യായമായി സമ്പദിക്കുന്ന ധനം ഏതാണ്ടൊരു ദശാബ്ദക്കാലം നിലനിന്നേക്കാം. പക്ഷേ, പതനമാണാ മാത്ര വർഷത്തിൽ അതു് ഇല്ലാതാകും. —ചാണക്യൻ



കുരുവിപ്പട്ടം

പി. ഭാസ്കരൻ

പട പാളയത്തിലായ് നടത്തും—
പരിഷയെ!
അവർ തൻ കരം—
നോക്കിയെയ്യുവാൻ, തലകൊയ്യാ,
നിവനെത്തയോവട്ടം ജപിച്ച—
ബ്രഹ്മാസ്ത്രങ്ങളേ
എയ്യാതെ തിരിച്ചിട്ടേ—
നാവനാഴിയിൽ സ്വയം;
എയ്യുവതാരെ; ഞാനും—
കരുണോദരനല്ലോ!
ഗുരുകാരണവന്മാർക്ക—
കാഴ്ചമങ്ങിയെന്നാലു—
മവർതൻ—
മഹത്വബന്ധമെഴുന്നോനല്ലോ ഞാനും.
മലർ സായകങ്ങളാൽ നിറച്ചു—
ളുണീരം ഞാൻ;
ബലഹീനതസ്സുള്ള—
ശിക്ഷയേൽക്കുവാൻ തയ്യാർ.

—o—

ശിരുവെപ്പണ്ടമെയ്യുവീഴ്ത്തിയ,—
വീരപ്പിച്ച
ശസ്ത്രങ്ങളുപേക്ഷിച്ച പട ഞാൻ—
വെടിഞ്ഞെന്നും
ആവനാഴിയിൽ ബലഹീനമാം—
കയ്യാൽക്കരു
പൂവമ്പുനിറച്ചെന്നും—
പുതുവില്ലെടുത്തെന്നും
കാറവും പുരത്തിയിക്കൂട്ടിലേ—
ക്കെന്നെക്കേറി
ഡിസ്സാരംകഴിച്ചല്ലോ;—
വിധിവായിക്കുമുമ്പേ
എന്റെ ചോരയാൽക്ഷത്തിക്കുറിച്ചു—
ഞാൻ വായിക്ക—
മെൻറെയീപ്രസ്താവന രേഖയായെടുക്കട്ടെ
ചില്ലകം ദിനംതോറുമാറുന്ന—
കണ്ണാടിയാൽ
വെള്ളെഴുത്തൊഴിവാക്കി താനെന്ന—
ഞെളിയുന്ന
ചരിത്രം, ജരാനര ദൌർബല്യം—
കലർത്തിയ
മിഴിയാലീ വാങ്മൂലം—
വായിച്ചുപഠിയ്ക്കട്ടെ:
ഡിസ്മരിച്ചിട്ടില്ല ഞാൻ—
പണ്ടത്തെപ്പടമണ്ണി—
ലസ്മദാദർശച്ചോരവിതച്ച വിത്തും—
കൊയ്ത്തും.
അരിയെ മറന്നിട്ടില്ലിപ്പൊഴു;—
മറിയുന്നേൻ
അരുണോദയത്തിനു മറയായ്—
നിൽക്കുന്നോരെ.
പെരിയ നൂറാണ്ടുകൾവന്നാലും—
മറഞ്ഞാലും
ഉരിതപ്പുറവിന്നുള്ളിൽ ദുഃഖഭാരവും—
പേറി
